
Vol. XIV

1964
August

No. VIII




നവദമ്പതിമാക്ക്
ഞങ്ങളുടെ
മധുരാശംസകൾ.
കല്യാണസാരികൾക്കും
മററെല്ലാ തുണിത്തരങ്ങൾ
ക്കും: ചാക്കോളാസ് സിൽക്ക് ഹൌസ്
Chakolas
SILK HOUSE
TRICHUR & ERNAKULAM

★


CHANDRIKA
AYURVEDIC SOAP
CHANDRIKA SOAP
AYURVEDIC TOILET
ചർമ്മരോഗങ്ങൾ
വരാതിരിപ്പാനും
വന്നതിനെ മാററുവാനും
ചന്ദ്രിക ഔഷധസോപ്പ്
പതിവായി ഉപയോഗിക്കുക

★

അഖിലകേരള സൊഡാലിററി മാസിക

പത്രാധിപർ: ഫാദർ ജെ. ചെമ്മണ്ണൂർ, ബി. ഏ.

ഒററപ്രതി: 17 ന.പ.
ആണ്ടിൽ: 2 രൂപ.
(മുൻകൂർ)

# മേരീവിജയം

PHONE: 603
TRICHUR

പുസ്തകം XIV ★ 1964 ആഗസ്റ്റ് ★ ലക്കം VIII

# പത്രാധിപപംക്തി

## ആഗസ്റ്റ് പതിനഞ്ച്

ഏതൊരു ഭാരതീയനും ഹൃദയഹാരിയായ ആഗസ്റ്റ് പതിനഞ്ച് ഇതാ വീണ്ടും സമാഗതമാകുന്നു. ഹൃദയത്തിൽ സ്വരാജ്യസ്നേഹത്തിന്റെ തന്ത്രികൾ സ്പർശിക്കപ്പെടുകയും സ്വാതന്ത്ര്യത്തിന്റെ ഗാനനിർഝരി ഒഴുകുകയും ചെയ്യുമ്പോൾ വികാരങ്ങളുടെ ഒരു വേലിയേററം തന്നെ ഏതൊരു ഭാരതീയനും അനുഭവപ്പെടാതിരിക്കയില്ല. അതിലുപരി ഒരു ഭാരതീയ കത്തോലിക്കന്, പ്രത്യേകിച്ചും ഒരു മരിയസഖ്യാംഗത്തിന്, പരി. കന്യകാംബികയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെ സന്തോഷവായ്പുംകൂടി സമ്മേളിക്കുമ്പോൾ, ആനന്ദവും ആവേശവും അതിരു കടന്നുപോകും. രണ്ടു സംഗതികളാണ് ഈ സുദിനത്തിൽ നമുക്ക് കരണീയങ്ങളായിട്ടുള്ളതു്. ഒന്നാമതു്, ഭാരതജനനിക്കു കൈവന്നിട്ടുള്ള സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്താതിരിക്കുവാൻ ഓരോ ഭാരതീയനും അങ്ങേയററം ജാഗരൂകതയോടെ പരിശ്രമിക്കുക. വടക്കുനിന്ന് ചൈനയും വടക്കുപടിഞ്ഞാറുനിന്ന് പാക്കിസ്ഥാനും ഇന്ത്യയുടെ നേരെ ചാടിവീഴാൻ തക്കം പാർത്തിരിക്കയാണു്. ഇന്ത്യയ്ക്കുള്ളിലാണെങ്കിൽ ഐക്യവും ഭദ്രതയും ശിഥിലമാക്കുന്ന നിരവധി കുഴപ്പങ്ങളും ഗ്രൂപ്പുവടംവലികളും വർഗ്ഗീയഭ്രാന്തുകളും തല പൊക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങളിൽ കണ്ണിൽ എണ്ണയൊഴിച്ചിരുന്ന്, കരഗതമായ സ്വാതന്ത്ര്യത്തെ കളഞ്ഞുകുളിക്കാതിരിപ്പാൻ ഓരോ ഭാരതീയനും ശ്രദ്ധിക്കേണ്ടതുണ്ടു്. രണ്ടാമതു്, കത്തോലിക്കരും മരിയാസുതരും എന്നുള്ള നിലയിൽ ആ വത്സലമാതാവിൽ വിളങ്ങിശോഭിച്ചിരുന്ന പുണ്യങ്ങൾ നമ്മുടെ ജീവിതത്തിലേയ്ക്കു പകർത്തുവാൻ നാം പരിശ്രമിക്കണം. അഹങ്കാരം, വിദ്വേഷം, വിഷയേച്ഛ, ദ്രവ്യാഗ്രഹം തുടങ്ങിയ ദുർഗ്ഗുണങ്ങളും ദുസ്തഴക്കങ്ങളും നമ്മിൽ രൂഢമൂലമായിട്ടുണ്ടെങ്കിൽ അവയെ വേരോടെ വെട്ടിമാററിക്കളയണം. മക്കൾ അമ്മയുടെ പ്രതിച്ഛായ ആയിരിക്കേണ്ടതല്ലേ? ജയ് ഹിന്ദ്.

## വിലക്കയററം

ഭാരതത്തിനു രാഷ്ട്രീയമായ സ്വാതന്ത്ര്യം കൈവന്നിട്ടുണ്ടെങ്കിലും സാമ്പത്തികമായ സ്വാതന്ത്ര്യം ഇനിയും കരഗതമായിട്ടില്ലെന്നുള്ളതിന്റെ സൂചനയാണ് ഇന്നു് അനുഭവപ്പെടുന്നതായ വിലക്കയററം. നിത്യോപയോഗസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. പാവങ്ങൾക്കും, താണ വരുമാനമുള്ളവർക്കും ജീവിക്കുവാൻ യാതൊരു മാർഗ്ഗവുമില്ലാതായിത്തീർന്നിരിക്കുന്നു. തൽഫലമായി ചിലേടത്തെല്ലാം ചില്ലറ അസ്വാസ്ഥ്യങ്ങളും തല പൊക്കുവാൻ തുടങ്ങിയിരിക്കുന്നു. ഈ വിലക്കയററത്തിന്റെ ശാസ്ത്രീയവശം എന്തുതന്നെ ആയാലും വർത്തകപ്രമാണികളുടെ പൂഴ്ത്തിവെപ്പും, കൊള്ളലാഭപ്രേമവുമാണ് ഇതിന്റെയെല്ലാം അടിയിലുള്ളതെന്നുള്ളതിനു് സംശയമില്ല. ഭക്ഷണസാധനങ്ങൾ പൂഴ്ത്തിവെച്ചുകൊണ്ടു് കൃത്രിമമായ ഭക്ഷണക്ഷാമം സൃഷ്ടിച്ച് കരിഞ്ചന്ത നടത്തി കൊള്ളലാഭമടിക്കുന്ന ഈ മനുഷ്യാധമന്മാർ കണ്ണിൽ ചോരയില്ലാത്ത പ്രവൃത്തിയല്ലേ ചെയ്യുന്നതു്? ജനലക്ഷങ്ങൾ പട്ടിണി കിടന്നാലും ഞെക്കിപ്പിഴിയപ്പെട്ടാലും അവർക്കു് ഒരു മനസ്സാക്ഷിക്കുടിയുമില്ല; കൊള്ളലാഭം ലഭിക്കണമെന്നുമാത്രമേ അവർക്കു ചിന്തയുള്ളു. കേരളത്തിൽ കത്തോലിക്കരായ വർത്തകപ്രമാണികൾ ധാരാളമില്ലേ? അവരും ഇക്കൂട്ടരുടെ മുൻപന്തിയിൽ സ്ഥാനം പിടിച്ചിട്ടില്ലേ? അതേസമയം, അവർ കുമ്പസാരവും വി. കുർബ്ബാനസ്വീകരണവും മുറയ്ക്കു നടത്തിവരുന്നുമില്ലേ? തറവാട്ടുമാഹാത്മ്യവും അവർ പെരുമ്പറയടിക്കുന്നില്ലേ? ഇവരുടെ കത്തോലിക്കത്വം ചോദ്യംചെയ്യപ്പെടേണ്ടതല്ലേ? കത്തോലിക്കരായ വർത്തകപ്രമാണികൾ യോജിച്ചു പ്രവർത്തിച്ചാൽ ഈ വിലക്കയററം ഇല്ലാതാക്കുവാൻ സാധിക്കുകയില്ലേ? പ്രിയ സഖ്യാംഗങ്ങളേ, നിങ്ങളുടെ പിതാക്കന്മാർ കച്ചവടക്കാരാണെങ്കിൽ, പൂഴ്ത്തിവെപ്പും കരിഞ്ചന്തയും നടത്തി സാധുക്കളെ കഷ്ടപ്പെടുത്താതിരിക്കാൻ നിങ്ങളെങ്കിലും അവരെ പ്രേരിപ്പിക്കുക.

# മരിയൻ ഗാനങ്ങൾ

**1**

('തേൻ നിലാവി'ലെ "മലരെ മലരെ........" എ. മ.)

മരിയെ, മഹിതെ! നീ വരിക
മന്നതാരൊളിയെ, നീ വരിക
മരുവുന്നേഴ ഞാൻ തവസന്നിധിയിൽ
കന്മെലമാതെ– കന്മഷഹീനേ!
കാരുണ്യക്കടലേ_ മാതെ
കാരുണ്യക്കടലേ! (മരിയെ, മഹിതേ....

1. ആതുരരാകും നിൻ സുതർക്കെന്നും
ആലംബം നീയല്ലെയോ _ തായെ!
വൻതാപങ്ങളാകെ താവകപാണിയിൽ
ഒളിയാൽ മായ്ച്ചിടണെ_തായെ. (മരിയെ,....

2. മോഹമതൊന്നിൻ താഴ്‌വരയിൽ
മോഹിതനായ് വീണേൻ _ തായേ
നീയേ ഗതിയേ ലോകൈകറാണി!
വിമലമനോഹരിയെ – തായെ! (മരിയെ,....

— ഫെലിക്സ് ഫിഗരേദോ.

**2**

('കുട്ടിക്കുപ്പായ'ത്തിലെ 'ഇന്നെന്റെ കരളിലെ....' എ. മ.)

വാനത്തിൽ നിറകതിർ
പൊന്നൊളി തൂകുന്നൊരു
തായേ, നിൻ പദപത്മം കുമ്പിടുന്നു_ ഇവർ,
തായേ, നിൻ പദപത്മം കുമ്പിടുന്നു. (വാനത്തിൽ....

1. നല്കാത്ത വരമില്ല, കാട്ടാത്ത വഴിയില്ല
പാരിൽ തുണയായ് നീയോടിവന്നു_എന്നെ
തേടിക്കൊണ്ടല്ലൊ നീയോടിവന്നു! (വാനത്തിൽ....

2. പാപികൾ മനുജരിൽ പാപമീരുൾതിങ്ങുമ്പോൾ
സ്വർഗ്ഗീയവരമാരി നീ പൊഴിക്കൂ–അമ്മെ
സ്വർഗ്ഗീയവരമാരി നീ പൊഴിക്കൂ!
വരദാനമഴ തൂകി വരദേ നീ കാത്തിടു
വലയുന്ന ദാസരങ്ങെ വാഴ്ത്തീടുന്നു_മുദാ
വലയുന്ന ദാസരങ്ങെ വാഴ്ത്തീടുന്നു. (വാനത്തിൽ....

— ഈ. ഡി. ജോസ്, പാവറട്ടി.

**3**

കാണുന്ന ദൈവം അമ്മ!__എന്നും
തന്നലാകുമേവർക്കും അമ്മാ........
കാണുന്ന ദൈവം അമ്മാ!

സ്നേഹത്തിൻ പാലു തരും.
ദാഹം ശമിക്കുംവരെ
താളം പിടിച്ചു നന്നായ്
താരാട്ടു പാടിതരും (കാണുന്ന........

താരകനാട്ടിലുള്ള
ഓരോ കഥ പറയും
പാടിയുറക്കും നമ്മെ
പാലിച്ചുകൊള്ളുമമ്മ. (കാണുന്ന........

കുഞ്ഞു കരഞ്ഞുവെന്നാൽ
അമ്മിഞ്ഞ നല്കും അമ്മാ........
മക്കൾക്കൊരാശ്രയവും
മാതാവതൊന്നുമാത്രം (കാണുന്ന........

— ജോസ് അറയ്ക്കൽ, കരിയച്ചിറ.

**4**

('തച്ചോളിഒതേന'നിലെ "അഞ്ജനക്കണ്ണെഴുതി...." എ. മ.)

നിർമ്മലകന്യകയായ് പാവനി മേരി, വാനിൽ
ഉയിരുടലോടു ചേർന്നും _ പൂകിടുന്നു!
മഹിമാവിലെത്തുന്നേരം മണിമുടി ചാർത്താനിതാ
മഹിതേശസുതൻ മേലെ കാത്തുനില്പൂ (നിർമ്മല....

1. പദതാരിൽ തിങ്കൾ! വിണ്ണിൽ കതിരാർന്നു
പുഞ്ചിരിപ്പൂ
പൊന്നാട ചാർത്തി നില്പൂ _ തരകങ്ങൾ!
സ്വർഗ്ഗമതിലെഴുന്നെള്ളുംനേരത്തിൽ ദൈവദൂതർ
സ്വർഗ്ഗീയമധുഗീതം മുഴക്കിടുന്നു!.... (നിർമ്മല....

2. വാനഗണം നിരന്നുനിന്നു പൂത്താലം ഏന്തിയണഞ്ഞു
മാനത്തെ മലരെല്ലാം ചിരിച്ചു നിന്നു....
പൊൻകതിർ അണിഞ്ഞിട്ടും പൂമാരി ചൊരിഞ്ഞിട്ടും
വെൺമുകിൽ തേരിലെത്തി സ്വർഗ്ഗറാണി! (നിർമ്മല....

— ജീ. ചിറേറിലപ്പിള്ളി.

For Favours Received.

•

— A. T. JOY




അപ്പൻ: "എടീ, നമ്മുടെ ജോണിയുടെ കണ്ണിൽ പെടാത്തതൊന്നുമില്ലല്ലൊ. എവിടെ എന്തു വച്ചാലും അവൻ കണ്ടുപിടിക്കും."

അമ്മ: "എന്നാൽ അവന്റെ പാഠപുസ്തകത്തിൽ വച്ചോളൂ. അവിടെയിരിക്കും ആരുമറിയാതെ രണ്ടു മാസം."

— ജോൺ മലപ്പുറം

* * * *

അദ്ധ്യാപകൻ: "എന്താ ടോമി, നീ ഇന്നു പകർത്തിയെഴുതിക്കൊണ്ടുവരാതിരുന്നതു്?"

ടോമി: "എന്തു പറയാനാ സാറേ, പുസ്തകം നിവർത്തി നോക്കിയപ്പോൾ കാണുന്നു–പകർപ്പവകാശം ഗ്രന്ഥകർത്താവിനുമാത്രം എന്നു്!" — ജോൺ മലപ്പുറം

ദേവാനന്ദ്

# ഉപവിയുടെ പ്രേഷിതകൾ

ഭാരതത്തിൽ മിഷൻപ്രവർത്തനം നടത്തിവരുന്ന സാരി ധരിച്ച മിഷനറി സഹോദരിമാരുടെ സഭകളിൽ നാലാമത്തേതാണ് ഉപവിയുടെ പ്രേഷിതകൾ. മററു മൂന്നു സഭകളെപ്പററിയും മുൻലക്കങ്ങളിൽ നാം കണ്ടു കഴിഞ്ഞു. ജീവകാരുണ്യപരമായ പ്രവർത്തനങ്ങളിൽ പ്രഥമസ്ഥാനമർഹിക്കുന്ന മിഷനറീസ് ഓഫ് ചാരിററി (ഉപവിയുടെ പ്രേഷിതകൾ) എന്ന സന്യാസിനീസമൂഹം വളരെ പേരും പെരുമയും ആർജ്ജിച്ചുകൊണ്ടിരിക്കയാണ്. ഈ കോൺഗ്രിഗേഷൻെറ ചരിത്രത്തിലേയ്ക്കു് ഒന്നെത്തിനോക്കാം.

## ആരാണിവർ ?

"വൻനഗരങ്ങളുടെ മലീമസമായ പുറംതെരുവുകളിലും ഇരുമ്പുപാട്ടകൾ തറച്ച ഇടുക്കുപുരകളിലും, കച്ചി മേഞ്ഞ കുനാച്ചിക്കുടിലുകളിലും, എന്നല്ല മനുഷ്യത്വം മരച്ചുകോച്ചിയ എവിടേയും സാന്ത്വനവും സേവനവും ശുശ്രൂഷയും സർവ്വോപരി സ്നേഹത്തിൻെറ കൈവിളക്കുമായി കയറിച്ചെല്ലുന്ന ശാന്തിയുടെ മാലാഖമാരാണിവർ"— ഉപവിയുടെ പ്രേഷിതകൾ!! പാവങ്ങൾക്കുവേണ്ടി പരിപൂർണ്ണഹൃദയത്തോടും നിസ്വാർത്ഥമനസ്ഥിതിയോടുംകൂടി സൗജന്യസേവനമനുഷ്ഠിക്കുമെന്ന് ഇവർ വാഗ്ദാനംചെയ്യുന്നു. ഇതൊരു വ്രതമായിത്തന്നെ ഇവർ സ്വീകരിച്ചു് സ്വജീവിതത്തെ സാർത്ഥമാക്കുകയാണ്.

## സ്ഥാപിക

ഈ സഭയുടെ സ്ഥാപികയാണ് ഇന്നു് അഖിലലോകപ്രശസ്തിയാർജ്ജിച്ചുകഴിഞ്ഞ മദർ തെരേസാ. "കൽക്കട്ടായിലെ പുറംതെരുവുകളിൽനിന്നും ഡൽഹിയിലെ ചെററപ്പുരകളിൽനിന്നും" ബോംബെയിലെ കുപ്പമാടങ്ങളിൽനിന്നും ഭാരതത്തിലെ പട്ടിണിപ്പാവങ്ങളേയും രോഗാതുരരേയും രക്ഷിക്കുവാൻ പാടുപെടുന്ന ഒരു വീരതരുണീരത്നം — ഒരു സന്യാസിനി. "കാരുണ്യത്തിൻെറ മാലാഖ, പാവങ്ങളുടെ പടയാളി" എന്നൊക്കെയാണ് അവൾക്കു ലഭിച്ചിരിക്കുന്ന അപരനാമങ്ങൾ. ഒററവാക്കിൽപ്പറഞ്ഞാൽ ത്യാഗത്തിൻെറ മൂർത്തിഭാവമാണവർ, ഭാരതത്തിലെ അനേകലക്ഷം അശരണരുടെ അമ്മ!

രണ്ടരികിലും നീലക്കരയുള്ള പരുപരുത്ത ഒരു പരുത്തി വെള്ളസാരിയാണ് ഈ സഭാസ്ഥാപികയുടെ വേഷം. ഇതുതന്നെയാണ് സഭാംഗങ്ങളുടേയും വസ്ത്രധാരണരീതി. കൈ നീളമുള്ളതും കഴുത്തിറക്കമായതുമായ ഒരു കുപ്പായവും ഇവർ ധരിക്കുന്നു. ഇടത്തെ തോളിൽ ഒരു ചെറിയ ക്രൂശിതരൂപം കൊളുത്തികൊണ്ടു പിടിപ്പിച്ചിരിക്കും. സാരിയുടെ ഒററമാണ് തലമുണ്ടായിട്ട് ഉപയോഗിക്കുന്നത്. "പാവങ്ങളിൽ പാവപ്പെട്ടവരായി ജീവിക്കുക" ഇതാണവരുടെ ലക്ഷ്യം.

മദർ തെരേസായുടെ സ്വദേശം യൂഗോസ്ലാവിയായാണ്. അൽബേനിയൻ മാതാപിതാക്കളിൽനിന്നും ഭൂജാതയായ മദർ തെരേസാ യൗവ്വനപ്രായത്തിൽത്തന്നെ ലൊരേത്താ സന്യാസിനീസമൂഹത്തിൽ ചേരുകയും മിഷൻ പ്രവർത്തനത്തിന്നായി 1929-ൽ ഭാരതത്തിൽ വരികയും ചെയ്തു. 1947 വരെ അവർ ഒരു അദ്ധ്യാപികയായി ജോലി ചെയ്തു. ആത്മാക്കൾക്കുവേണ്ടിയുള്ള ക്രിസ്തുനാഥൻെറ ദാഹത്തെ ശമിപ്പിക്കുവാൻ നാടും വീടും വിട്ടു വന്ന മദർ തെരേസായുടെ ഹൃദയത്തെ വല്ലാതെ സ്പർശിച്ച ഒരു കാഴ്ചയായിരുന്നു കൽക്കട്ടായിലെ പാവങ്ങളുടെ ഇടയിൽ നടമാടിക്കൊണ്ടിരുന്ന ദാരിദ്ര്യവും യാതനയും. "പട്ടിണിയും സാംക്രമികരോഗങ്ങളും അവരുടെ കൂടപ്പിറപ്പുകളായിരുന്നു. പട്ടിണിക്കോലങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസം വിസ്മരിച്ചുകളഞ്ഞു. അർദ്ധനഗ്നരായ കുഞ്ഞുങ്ങൾ വിശപ്പടക്കുവാൻ അന്നം യാചിച്ചുകൊണ്ടു തെരുവീഥികളിലേയ്ക്കിറങ്ങി. സന്മാർഗ്ഗനിലവാരത്തിനു് ഇടിവു തട്ടി. കുടിയന്മാരായ ഭർത്താക്കന്മാർ, അവിവാഹിതരായ മാതാക്കൾ, തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ട ചോരക്കുഞ്ഞുങ്ങൾ"— എല്ലാം എല്ലാം. ദാരുണമായൊരു കാഴ്ചയായിരുന്നതു്. ഈ ദുർദ്ദശ പരിഹരിക്കുവാൻ എന്തെങ്കിലും ചെയ്യേണ്ട സമയം കഴിഞ്ഞിരുന്നു. സർക്കാരും നഗരപാലകരും ആരും ഒന്നും ചെയ്യാതിരിക്കുന്നതു കണ്ടു മനംനൊന്ത മദർ തെരേസാ തന്നാൽ കഴിയുംവിധം ഈ ദയനീയ സ്ഥിതി പരിഹരിക്കുവാൻ ധീരതയോടെ മുന്നോട്ടുവന്നു.

## സഭയുടെ സ്ഥാപനം

രോഗികളെ ശുശ്രൂഷിക്കുക, ആർത്തരെ സാന്ത്വനപ്പെടുത്തുക, വിശക്കുന്നവരെ തീററുക, കുട്ടികളെ പഠിപ്പിക്കുക, എന്നിപ്രകാരമുള്ള ജീവകാരുണ്യപ്രവൃത്തികളിൽ തന്നെ സഹായിക്കുന്നതിനു് ത്യാഗസമ്പന്നകളും നിസ്വാർത്ഥമതികളും പുണ്യചരിതകളുമായ സഹപ്രവർത്തകകളെ ആവശ്യമാണെന്നു മദർ തെരേസാ മനസ്സിലാക്കി. ഈ ഉദ്ദേശ്യസഫലതയ്ക്കുവേണ്ടി 1948-ൽ മദർതെരേസാ പരിശുദ്ധ സിംഹാസനത്തിൻെറ പ്രത്യേക അനുമതിയോടുകൂടി ഉപവികളുടെ ദാസികൾ (മിഷനറീസ് ഓഫ് ചാരിററി) എന്ന സന്യാസിനി സമൂഹം സ്ഥാപിച്ചു.

## വളർച്ച

പുതിയ മിഷനറിസഭയിൽ പ്രവേശനം അപേക്ഷിച്ചുകൊണ്ടു് യുവതികൾ വരവുതുടങ്ങി. ക്രമേണ

സഭാംഗങ്ങളുടെ എണ്ണം വർദ്ധിച്ചുവന്നു. ഭാരതം, പാക്കിസ്ഥാൻ, നേപ്പാൾ എന്നിവിടങ്ങളിൽനിന്നു മാത്രമല്ല വിദേശങ്ങളായ അമേരിക്ക, ഇംഗ്ലണ്ട്, പശ്ചിമജർമ്മനി, മാൾട്ടാ എന്നീ രാജ്യങ്ങളിൽനിന്നും ഈ സഭയിൽ അംഗങ്ങളുണ്ട്. ഈ കൊച്ചുസഭയുടെ ലോകവ്യാപകതയെപ്പററി ചോദിച്ചപ്പോൾ മദർ തെരേസാ പറഞ്ഞതിപ്രകാരമാണ്. "ദൈവം അവരെ വിളിക്കുന്നു. ഈ സ്ഥാപനത്തെക്കുറിച്ച് അവർ എന്തെങ്കിലും വായിച്ചറിയുകയും പ്രവേശനാനുമതി അഭ്യർത്ഥിക്കുകയും ചെയ്യുന്നു" ഇപ്പോൾ 170_ൽ കൂടുതൽ അംഗങ്ങൾ ഈ സഭയിലുണ്ട്. ഇവരിൽ നല്ലൊരു പങ്ക് മലയാളികൾതന്നെ.

## പ്രവർത്തനങ്ങൾ

മദർ തെരേസായുടെ പ്രഥമസ്ഥാപനം 1948_ൽ കൽക്കട്ടായിലെ പുറംതെരുവുകളിൽ സ്ഥാപിക്കപ്പെട്ട പ്രൈമറി വിദ്യാലയമാണ്. പ്രൈമറി സ്കൂളുകൾ, ക്ഷാമനിവാരണകേന്ദ്രങ്ങൾ, ഡിസ്പെൻസറികൾ, അനാഥമന്ദിരങ്ങൾ എന്നിങ്ങനെ 55_ൽപരം സ്ഥാപനങ്ങൾ ഈ മിഷനറിസഭ കൽക്കട്ടയിൽത്തന്നെ നടത്തിപ്പോരുന്നു. ഇവരുടെ 'സഞ്ചരിക്കുന്ന കുഷ്ഠരോഗാശുപത്രി' ഒരാഴ്ചയിൽ ഏതാണ്ട് 2000_ൽപരം കുഷ്ഠരോഗികളെ പരിചരിക്കുന്നു. എന്നാൽ കൽക്കട്ടായിലെ പ്രസിദ്ധ കാളീക്ഷേത്രത്തിനു സമീപത്ത് മരണാസന്നർക്കുവേണ്ടിയുള്ള 'വിമലഹൃദയമന്ദിര'മാണ് വിശ്വവിഖ്യാതി ആർജ്ജിച്ചിരിക്കുന്നത്. ഒരിക്കൽ കാളീക്ഷേത്രത്തിലെ പ്രഥമപൂജാരി ഉപവിയുടെ പ്രേഷിതകളുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ അത്യന്തം ആകൃഷ്ടനായി മദർ തെരേസായുടെ മുമ്പിൽ സാഷ്ടാംഗപ്രണാമംചെയ്തുകൊണ്ട് ഇങ്ങനെ പറയുകയുണ്ടായി: "നിരവധി വർഷങ്ങളായി കാളീദേവിയുടെ ഒരു ദർശനത്തിനായി ഞാൻ കൊതിച്ചിരുന്നിട്ടുണ്ട്. എന്നാൽ ഇപ്പോൾ എല്ലാ ദേവികളേയുംകാൾ ഉത്കൃഷ്ടയായ ഒരു ദേവിയെ കാണുവാൻ എന്റെ കണ്ണുകൾക്കു ഭാഗ്യം സിദ്ധിച്ചിരിക്കുന്നു."

മദർ തെരേസായുടെയും സഹപ്രവർത്തകകളുടേയും നിസ്സ്വാർത്ഥമായ സ്നേഹത്തിന്റെ മിഷൻ ഇൻഡ്യയിൽമാത്രമല്ല വിദേശങ്ങളിലും പ്രശംസയ്ക്കു പാത്രമായിട്ടുണ്ട്. 1962_ൽ "പത്മശ്രീ" എന്ന ഇന്ത്യൻദേശീയ ബഹുമതി നല്കി ഡോക്ടർ രാജേന്ദ്രപ്രസാദ് മദർ തെരേസായെ ബഹുമാനിക്കയുണ്ടായി. "റാമോൺ മാഗ്സേസെ അവാർഡി"ൽ സാർവ്വദേശീയ സഹോദരൈക്യത്തിനുള്ള സമ്മാനം 1962_ൽ ലഭിച്ചത് മദർ തെരേസായ്ക്കാണ്. സാമൂഹ്യവും സാമ്പത്തികവും സാഹിത്യപരവുമായ രംഗങ്ങളിൽ മഹത്തായ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുള്ള ഏഷ്യയിലെ പ്രമുഖ വ്യക്തികൾക്കായി കൊല്ലംതോറും നല്കിപ്പോരുന്ന 10,000 ഡോളർ (47,200 രൂപ) വീതമുള്ള അഞ്ചു സമ്മാനങ്ങളിൽ ഒന്നിനു മദർ തെരേസായെ അർഹയാക്കിയത് അവരുടെ സാമൂഹ്യപ്രവർത്തനങ്ങളാണ്. സമ്മാനമായി ലഭിച്ച ഭീമമായ തുക താമസിയാതെതന്നെ രോഗികൾക്കുവേണ്ടിയുള്ള മരുന്നായും കുട്ടികൾക്കുവേണ്ടിയുള്ള ആഹാരമായും രൂപാന്തരപ്പെട്ടു.


അംഗഭംഗം വന്ന അനാഥരായ കുട്ടികൾക്കുവേണ്ടി ഡെൽഹിയിൽ ഒരു "ശിശുഭവൻ" ആരംഭിച്ചിട്ടുണ്ട്. ബോംബേയിലെ പുറംതെരുവുകളിലും ഉപവിയുടെ പ്രേഷിതകൾ പ്രവർത്തനനിരതരാണ്. കൂടാതെ, ആഗ്രാ, അമരാവതി (മഹാരാഷ്ട്ര), അംബാലാ, ജാൻസി, റാഞ്ചി, അസൻസോൾ എന്നീ സ്ഥലങ്ങളും ഇവരുടെ പ്രവർത്തനമണ്ഡലങ്ങളാണ്.

## അർത്ഥിനികൾക്കു വേണ്ട ഗുണവിശേഷങ്ങൾ

ആത്മാക്കൾക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ ദാഹത്തെ ശമിപ്പിക്കുന്നതിനുള്ള ആഗ്രഹവും, ദൈവത്തിനായി പരിപൂർണ്ണസമർപ്പണവും, മേലധികാരികളിലും ഇതരസഹോദരികളിലും സ്നേഹപൂർണ്ണമായ വിശ്വാസവും പാവങ്ങളുമായി ആനന്ദപൂർവ്വമായ സൗഹാർദ്ദതയും, ശാരീരികവും മാനസികവുമായ ആരോഗ്യാവസ്ഥയും, പഠിക്കുന്നതിനുള്ള കഴിവും, സദാ പ്രസന്നമായ വദനവും, വേണ്ട സമയത്തു വേണ്ടവിധത്തിൽ പ്രവർത്തിക്കുന്നതിനുള്ള കഴിവും അർത്ഥിനികൾക്കുണ്ടായിരിക്കണം.

മദർ തെരേസായുടെ മിഷനറിസഭയിൽ ചേരുന്ന യുവതികൾക്കു ജീവിതം അത്ര എളുപ്പമുള്ളതല്ല. "പാവപ്പെട്ടവരിലും പാവപ്പെട്ടവരായി ജീവിക്കുക" എന്നതാണ് അവരുടെ ദൈവവിളി. ദരിദ്രനായി ജനിച്ചു വളർന്ന ദിവ്യനാഥനെ അനുകരിച്ച് ദരിദ്രലക്ഷങ്ങൾക്കുവേണ്ടി ജീവിതം ആഹുതിചെയ്യുവാൻ ആഗ്രഹിക്കുന്ന സ്കൂൾഫൈനൽ പാസ്സായ, 16 വയസ്സിൽ കവിയാത്ത അർത്ഥിനികൾ സ്ഥാപകയ്ക്കു നേരിട്ടെഴുതുക.

Mother Teresa
54 A, Lower Circular Road
Calcutta-16.



### ഉപകാരസ്മരണ

•

*വി. യൂദാതദ്ദേവൂസിന്റെയും നിത്യസഹായമാതാവിന്റെയും സഹായത്താൽ അസാദ്ധ്യകാര്യം സാധിച്ചതിന് ഉപകാരസ്മരണ. വൈകിയതിന് ക്ഷമാപണം.*

—മേരി പാലയൂര്

കല്പവൃക്ഷം: XI

# ചുരുളുകൾ അഴിയുന്നു

ഉണ്ണിമല

[കഥാതന്തു:— അപ്പനില്ലാതെ വളന്ന മത്തായിച്ചൻ ദുർവൃത്തനായി. അവൻെറ കൂട്ടുകാരൻ റാക്കറപ്പായി ചീട്ടുകളിയെത്തുടന്ന് ഒരു കൊലപാതകം നടത്തി. പ്രേതം മത്തായിച്ചൻെറ വീട്ടിൽ വീണു. ആ കൂട്ടുകാർ നാടുവിട്ടോടി. മത്തായിച്ചൻെറ അമ്മ മകനെ രക്ഷിക്കാൻവേണ്ടി കുററം സ്വയംമേററു ജയിലിലായി.

മത്തായിച്ചനും റാക്കറപ്പായിയും മലബാറിൽ ചിന്നമ്മയെന്നൊരു തന്റേടക്കാരിപ്പെണ്ണിൻെറ വേലക്കാരായി. അവിടെനിന്നു പിണങ്ങിപ്പോകുംവഴി അവർക്കു പോലീസുകാരുടെ കിങ്കരന്മാരാകേണ്ടിവന്നു. ലോക്കപ്പുമുറിയിൽനിന്ന് അർദ്ധരാത്രിക്കു് രണ്ടു ശവങ്ങൾ ചുമന്നുകൊണ്ടുപോയി അവർ വനത്തിൽ കെട്ടിത്തൂക്കി. തുടന്ന് മത്തായിച്ചൻ ഹെഡ്ഡങ്ങത്തയുടെ വീട്ടിൽ വേലയ്ക്കു നില്ക്കേണ്ടിവന്നു. അവിടുത്തെ കൊച്ചമ്മയ്ക്കു് അവൻ വേണം പരിചരണംചെയ്യാൻ. ഒരു വെളുപ്പാൻകാലത്തു് ചിന്നമ്മ അവിടെ വന്നു. അങ്ങുന്നുമായി അവൾ വാഗ്വാദം നടത്തി. മത്തായിച്ചൻ ചുമന്ന ശവം അവളുടെ അനിയത്തിയുടേതായിരുന്നത്രെ.

ചിന്നമ്മയ്ക്കു വിഷം കൊടുക്കാൻ അങ്ങത്ത മത്തായിച്ചനെ ഏർപ്പാടുചെയ്തു. അവൻ വിഷം കലർത്തിയ കാപ്പി അങ്ങത്തയ്ക്കുതന്നെ കൊടുത്തു. അയാൾ കട്ടിലിൽ വീണു പ്രാണവേദനയോടെ പിടഞ്ഞു. മത്തായിച്ചൻ ആരുമറിയാതെ അവിടെനിന്നിറങ്ങിപ്പോയി; അല്പം കഴിഞ്ഞു് ചിന്നമ്മയും. ഇനി വായിക്കുക]

വളരെ തിടുക്കത്തിലാണു് ചിന്നമ്മ നടന്നതു്. അവളുടെ ചങ്കിടിപ്പു വർദ്ധിച്ചു. മുക്കണ്ണനങ്ങത്തയ്ക്കു് എന്താണു സംഭവിച്ചതു്? അയാൾ മരിക്കുമോ? മരിച്ചാലും അവൾക്കൊരു ചുക്കുമില്ല. പക്ഷെ കേസ്സുണ്ടാകും. അവൾ അവിടെയുണ്ടായിരുന്നുവെന്നുള്ളതിനു സാക്ഷികളുണ്ടു്. മത്തായിച്ചനും അന്നമ്മയും. അന്ന ഏതാണെന്നറിഞ്ഞുകൂടാ. മത്തായിച്ചൻ എങ്ങനെ അവിടെ എത്തി? അവനെ ഒന്നു കണ്ടിരുന്നെങ്കിൽ!

അങ്ങുന്നിൻെറ നാടകത്തിൽ മത്തായിച്ചൻ ഒരു പ്രധാന കഥാപാത്രമാണു്. അയാൾ തനിക്കു വച്ച കുരുക്കു് അവൻ തിരിച്ചുവിട്ടതാകുമോ? ഏതായാലും ആ കാപ്പിപ്പാത്രത്തിൽ മരണം പതിയിരിക്കുന്നുണ്ടാവാം. ആ 'മരണ'ത്തെ അവളും വിഴുങ്ങിയിട്ടില്ലേ? ഒരു പിടിയും കിട്ടുന്നില്ല. ബുദ്ധിയും തന്ത്രവും കൈകോർത്തുനില്ക്കുന്ന ചിന്നമ്മയുടെ മനസ്സു ചഞ്ചലമായി.

മത്തായിച്ചനു് അവളോടു പിണക്കമല്ലേ? അവനെക്കൊണ്ടു് അവൾ കഴുതയെപ്പോലെ പണിയെടുപ്പിച്ചിട്ടുണ്ടു്. ഒരു യുവാവിനോടു കാണിക്കേണ്ട മര്യാദപോലും അവളുടെ പെരുമാററത്തിലുണ്ടായിട്ടില്ല. അവനു തീർച്ചയായും അവളോടു പക തോന്നിയിരിക്കും.

പക്ഷെ ഒന്നുണ്ടു്: കൂട്ടുകാരനേക്കാൾ അവൻ നല്ലവനായിരുന്നു. പെരുമാററത്തിലും സംസാരത്തിലുമെല്ലാം. അവനെ ഒന്നുകൂടെ കണ്ടുകിട്ടിയെങ്കിൽ! പക്ഷെ, ഇനി എങ്ങനെയാണു് അങ്ങത്തയുടെ വീട്ടിലേയ്ക്കു മടങ്ങിച്ചെല്ലുക?

സൂര്യൻ ഉദിച്ചുയന്നു. നാടായ നാടെല്ലാം തങ്കച്ചാറണിയുന്നു. പാടങ്ങളും പറമ്പുകളും പൊൻവെളിച്ചത്തിൽ മിന്നിത്തിളങ്ങുകയാണു്.

പട്ടണത്തിൽനിന്നുള്ള ബസ്സു വന്നു. ഇതിനകം രണ്ടു ബസ്സു പോകാൻ സമയമായിട്ടുണ്ടു്. കുത്തകസർവ്വീസുകാരുടെ തന്ത്രമാണതു്. ആൾ കുറവാണെങ്കിൽ രണ്ടും മൂന്നും ട്രിപ്പുകൾ മുടക്കുക. എന്നിട്ടു് ചാക്കിൽ കെട്ടിയ സാധനങ്ങൾപോലെ ആളുകളെ കുത്തിത്തിരുകിക്കൊണ്ടുവരിക. 'കളക്ഷൻ' കൂടുതലുണ്ടാകാനുള്ള ഒന്നാന്തരം മാർഗ്ഗം; ചെക്കിംഗിനിരിക്കുന്ന പോലീസുകാരനെ 'കൈമടക്കി' നിറുത്തുകയും ചെയ്യാം.

ഇഴഞ്ഞുവലിഞ്ഞു് വളവു തിരിഞ്ഞു് വണ്ടി കയററം കയറി വരികയാണു്. നീണ്ടിഴയുന്ന ഞരക്കം. പിന്നെ ഒരു ദീനരോദനം; തുടന്നൊരലച്ച്. പഴക്കംചെന്ന ആ യന്ത്രത്തിൻെറ തേങ്ങലുകൾ ആരു കേൾക്കാനാണു്?

ചിന്നമ്മ കൈ കാണിച്ചു. കുറേക്കൂടെ നടന്നുവരാൻ ഡ്രൈവർ ഹസ്തസംജ്ഞ നല്കി. ആ വണ്ടി കയററത്തിൽ കൊണ്ടുവന്നു നിറുത്താൻ പാടില്ലത്രെ.

അവൾ വേഗം നടന്നു. ഇഴഞ്ഞുകയറുന്ന വണ്ടിയുടെകൂടെയെത്താൻ വിഷമം തോന്നിയില്ല. വണ്ടി നിറയെ ആളാണു്. മുകളിലത്തെ രണ്ടു കമ്പികൾ മനുഷ്യരുടെ കൈകൾകൊണ്ടു പൊതിഞ്ഞിരിക്കുന്നു. എന്നാലും വഴിയിൽ കാണുന്ന ആരെയും കണ്ടക്ടർ കൊണ്ടുപോകാതിരിക്കയില്ല.

വണ്ടി നില്ക്കാതെ പിന്നെയും നീങ്ങുകയാണു്. ഡ്രൈവർ ഗീയർ മാററി. വണ്ടിക്കു വേഗത കൂടി. ചിന്നമ്മ കൂടെയെത്താൻ ശ്രമിച്ചു.

"നിങ്ങൾക്കു വണ്ടി നിറുത്തിക്കൂടെ?; എത്ര നേരം ഓടണം?" അവൾ വിളിച്ചുചോദിച്ചു.

മറുപടിയില്ല. വണ്ടി ഒരിറക്കത്തിലേയ്ക്കു നീങ്ങുന്നു. പിന്നെ ഒരു കൊടുംവളവാണ്; 'ഹെയർപിൻ' വളവ്.

"ബ്രേക്ക പോയല്ലോ" ഡ്രൈവർ പറഞ്ഞുതീരും മുമ്പ് വണ്ടി മറിഞ്ഞുകഴിഞ്ഞു; വളവു കഴിഞ്ഞുള്ള താഴ്‌വാരത്തിലേയ്ക്ക്.

"ദൈവമേ!" ചിന്നമ്മ കുറച്ചകലെ നിന്ന് ആ കാഴ്ച കണ്ട് നെഞ്ചത്ത് കൈ വച്ചുപോയി. അവൾ കയറാതിരുന്നതു ഭാഗ്യം. പക്ഷേ എത്ര പേർ മരിച്ചിരിക്കും. എന്തൊരു ദാരുണരംഗമായിരിക്കും അത്.

ചിന്നമ്മ അങ്ങോട്ടോടിച്ചെന്നു. വിധി എപ്പോഴും തീരെ നിർദ്ദയമായിപ്പെരുമാറാറില്ല. വണ്ടി ഒരു വശം ചരിഞ്ഞ് ഒരു വലിയ മരത്തിൽ തങ്ങിയിരിക്കുന്നു. അതിന്റെ നെററിയിൽ "ചെക്ക്ഡ്" എന്ന് വലിയ അക്ഷരത്തിലെഴുതിയ ആധികാരികമായ കുറിപ്പുണ്ട്. അകത്തു ചില്ലിട്ടുവച്ചിരിക്കുന്ന പെർമിററും.

ആകെ ബഹളമാണ്. കരച്ചിലുകളും പ്രലാപങ്ങളും! കൈകാലുകളൊടിഞ്ഞവരും തല പൊട്ടിയവരും ധാരാളം. പരിക്കൊന്നും പററാത്തവരുമുണ്ട്. അവർ തങ്ങളുടെ സ്വന്തക്കാരെത്തിരയുകയാണ്. ആകെ തിക്കും തിരക്കും നിലവിളിയും.

ചിന്നമ്മ അങ്ങോട്ടിറങ്ങിച്ചെന്നു. രക്തം പുരണ്ടു കുതിന്ന മണ്ണും കാട്ടുചെടികളും!

അതാ ആരുടേയും ശ്രദ്ധയിൽപ്പെടാതെ ഒരാൾ കിടക്കുന്നു. മത്തായിച്ചൻ! അവന്റെ തല പൊട്ടിയിരിക്കുന്നു. കാലൊടിഞ്ഞിട്ടുമുണ്ട്. വേറെ എന്തൊക്കെ പരിക്കുണ്ടായിരിക്കുമെന്നറിഞ്ഞുകൂടാ.

ചിന്നമ്മ ഒട്ടും ചിന്തിച്ചുനിന്നില്ല. അവൾ തന്റെ സാരിത്തുമ്പ് വലിച്ചുകീറി മത്തായിച്ചന്റെ മുറിവുകൾ വച്ചുകെട്ടി. രക്തം തുടച്ചുകളഞ്ഞു.

ബസ്സു മറിഞ്ഞ വാർത്ത കാട്ടുതീപോലെ പരന്നു. ആളുകൾ ഓടിക്കൂടി. പരിക്കു പററിയവർ ആശുപത്രിയിലേയ്ക്കു മാററപ്പെട്ടു.

Z Z Z

ബോധം തെളിഞ്ഞപ്പോൾ മത്തായിച്ചനു തന്റെ പരിസരങ്ങൾ വിശ്വസിക്കാൻ കഴിഞ്ഞില്ല. കട്ടിയുള്ള മെത്തയും വെള്ളവിരിപ്പുകളും! തലയണകൾ അടുക്കിയടുക്കിവച്ചിട്ടാണ് താൻ കിടക്കുന്നത്. തലയിൽ ഒരു വലിയ വച്ചുകെട്ട്. താങ്ങാനാവാത്ത ഭാരംപോലെ ഇടത്തുകാൽ പ്ലാസ്റ്ററിനകത്താണ്. അതു നഷ്ടപ്പെട്ടതുപോലെ തോന്നുന്നു. ഉരസ്സിലും വലത്തെ പാർശ്വത്തിലും മുറിവുകളുണ്ട്. എല്ലാം വച്ചുകെട്ടിയിരിക്കുന്നു. എങ്ങും മരുന്നുകളുടെ മനംമടുപ്പിക്കുന്ന മണമാണ്.

വെള്ളയുടുപ്പിട്ട ദേവകന്യകമാരെപ്പോലെ നേഴ്സുമാർ കൃത്യശ്രദ്ധരായി നടക്കുന്നു. മത്തായിച്ചനു മരുന്നു കൊടുക്കുന്നതും കുത്തിവയ്ക്കുന്നതുമെല്ലാം അവരാണ്. തന്റെ മുറിവുകൾ കഴുകുകയും തുടയ്ക്കുകയുമൊക്കെ അവർതന്നെ ചെയ്യുന്നു. സേവനത്തിന്റെ പ്രതീകങ്ങൾ! ത്യാഗത്തിന്റെ സന്ദേശങ്ങൾ!

ഓർമ്മയുടെ തീനാളം എരിയുകയാണ്. ഭൂതകാലത്തിന്റെ വഴിത്തിരിവുകളിൽ അതു വെളിച്ചം വീശി. കഴിഞ്ഞ കാലത്തിന്റെ കാൽച്ചുവടുകൾ മത്തായിച്ചൻ ജാഗ്രതയോടെ പരിശോധിച്ചു. ചെയ്യേണ്ടതു പലതും താൻ ചെയ്തിട്ടില്ല; ചെയ്യരുതാത്തതു ചെയ്തു. തനിക്കെല്ലാമായിരുന്ന അമ്മയെവിടെ? അമ്മയെ ഉപേക്ഷിച്ചിറങ്ങിയതെന്തിന്? ഉററമിത്രമായ റാക്കറപ്പായി എങ്ങോട്ടു പോയി? അവൻ പറഞ്ഞതെല്ലാം ചെയ്തിട്ടനുഭവമെന്തായി? കുരുങ്ങിക്കുരുങ്ങി വീഴുന്ന ആ ചോദ്യപരമ്പരകൾ അവനെ ശ്വാസംമുട്ടിച്ചു.

ദാരുണമായ ഒരു മരണം തനിക്കവകാശപ്പെട്ടതാണ്. എന്നിട്ടും എന്തിനാണ് അതിന്റെ കരാളഗഹ്വരത്തിൽനിന്ന് ഇങ്ങോട്ടു വഴുതിവീണിരിക്കുന്നത്? ഈ അഭയകേന്ദ്രത്തിൽ തന്നെ ആരു കൊണ്ടുവന്നാക്കി?

അവൻ വേദനകൊണ്ടു പുളയുകയും ക്ഷീണംകൊണ്ടു മയങ്ങിപ്പോകുകയും ചെയ്യാറുണ്ട്. ആ മയക്കത്തിൽ പേടിപ്പെടുത്തുന്ന കുറെ പേക്കിനാക്കൾ വന്നുവടിയോങ്ങും. പൊട്ടിച്ചിരിച്ചുകൊണ്ടു തന്നെ പരിഹസിക്കുന്ന ചിന്നമ്മയേയും ആ കിനാവുകളുടെ മദ്ധ്യേ അവൻ കണ്ടുമുട്ടാറുണ്ട്. ഹോ, അവളെ പേടിയാകുന്നു. തന്റേടമുള്ള ആ പെണ്ണിനെ ആരും പേടിച്ചുപോകും. അവൾ കുറെ രഹസ്യങ്ങളുടെ ചുരുളുകൾ നിറച്ച തീക്കുടുക്കയാണ്. തൊട്ടാൽ പൊള്ളിപ്പോകും. ആ ചുരുളുകൾ താനേ അഴിയട്ടെ; അല്ലെങ്കിൽ ഏതെങ്കിലും ധൈര്യശാലികൾ അഴിക്കട്ടെ.

കർമ്മവൈപരീത്യം അവളുടെ അനിത്തിയുടെ ജഡത്തെ തന്റെ കൈയ്യിലേല്പിച്ചു. കാടിന്റെ നടുവിലേയ്ക്കു കാക്കിയുടുപ്പുകാരന്റെ കഴുതയെപ്പോലെ അതു ചുമന്നുകൊണ്ടു പോയതു താനാണ്. അക്കഥ ചിന്നമ്മ അറിഞ്ഞിരിക്കുമോ? അവൾ അതറിയാൻ പാടില്ല; ഇനിയൊരിക്കലും അവളെ കണ്ടുകൂടാ. അങ്ങത്തയുടെ വീട്ടിൽ വച്ചു കണ്ടതേ അബദ്ധമായി. പക്ഷെ ആ പുഞ്ചിരി! അതു മറക്കാൻ സാദ്ധ്യമല്ല. നൂറിൽപ്പരം ദിവസങ്ങൾ ചിന്നമ്മയുടെ വീട്ടിൽ താമസിച്ചിട്ട് അവൾ അത്രയും ഹൃദ്യമായി ഒന്നു പുഞ്ചിരിച്ചിട്ടില്ല.

അവളുടെ ജീവൻ തന്റെ കൈയ്യിലിരുന്ന ചായക്കോപ്പയിൽക്കിടന്നു പിടഞ്ഞതാണ്. ആ തണ്ടുകാരിയെ അന്നു വകവരുത്താമായിരുന്നു. പിന്നെ ആ പെണ്ണരശുനാട്ടിലെ മഹാറാണി ആണുങ്ങളെക്കൊണ്ട് അടിമവേല ചെയ്യിക്കുമായിരുന്നില്ല ആ രഹസ്യങ്ങളുടെ തീക്കുടുക്ക അന്നു പൊട്ടിത്തെറിച്ചേനെ. പക്ഷേ അവനതു ചെയ്തില്ല.

അതെ ചെയ്തില്ല; ചെയ്യാൻ പാടില്ല. ആർക്കും ആരേയും കൊല്ലാനവകാശമില്ല. അതിലും പ്രത്യേകിച്ച് ഒരു യുവതിയെ; അതും ചതിയുടെ ഭയങ്കരമായ ഒളിവിൽ നിന്നുകൊണ്ട്.

എന്തായാലും അന്നു ചിന്നമ്മയെ രക്ഷിക്കാൻ സാധിച്ചതിൽ മത്തായിച്ചനു കൃതാർത്ഥതയേയുള്ളു. ഒരു

പക്ഷെ അതുകൊണ്ടല്ലേ മരണത്തിന്റെ വായിൽനിന്ന് അവൻ രക്ഷപ്പെട്ടിരിക്കുന്നതെന്നാരറിഞ്ഞു!

ഇരുളും വെളിച്ചവും മാറിമാറി വന്നു. രോഗശയ്യയിൽ മത്തായിച്ചന്റെ സ്ഥിതിയും അതുതന്നെ. ദുസ്സഹമായ വേദന ചിലപ്പോൾ അയാളെ കാന്തിനും. മയക്കവും പാരവശ്യവുംമൂലം മരണത്തിന്റെ വക്കോളമെത്തും. മററു ചിലപ്പോൾ വളരെ സുഖം തോന്നും. സുഹൃത്തുക്കളെ കാണാനും തമാശ പറയാനും എന്തെന്നില്ലാത്ത ആഗ്രഹം! പക്ഷെ, ഇടത്തുകാൽ തകന്നിരിക്കയാണ്. പലയും തുണിയുംകൊണ്ടു ഡോക്ടർ ഒരു കൃത്രിമക്കാൽ നിർമ്മിച്ചുവച്ചിരിക്കുകയാണോ? ഇനി സുഖം പ്രാപിച്ചാലും താൻ ഒരൊററക്കാലനാവുകയില്ലേ എന്നാണു മത്തായിച്ചന്റെ സംശയം.

ഒരു മയക്കത്തിൽനിന്ന് അവൻ ഞെട്ടിയുണന്നു. കുറെ പേക്കിനാവുകളുടെ മുൾപ്പടപ്പിൽനിന്ന് അവൻ ഓടിപ്പോന്നതാണ്. പരിഹാസനിരതയായ ചിന്നമ്മയും അവിടെയുണ്ടായിരുന്നു. അവൾ അവന്റെ നേരെ പൊട്ടക്കലവും പഴഞ്ചെരിപ്പും വലിച്ചെറിഞ്ഞു. ഹൊ! എന്തൊരു തലതെറിച്ച പെണ്ണ്!

"മത്തായിച്ചാ!" അതാ ചിന്നമ്മ നില്ക്കുന്നു. അവൾ പോയില്ലേ? ആ സ്വപ്നത്തിനു ജീവിൻ വച്ചിരിക്കുന്നു. അതു തന്നെ പിൻതുടരുകയാണോ? മത്തായിച്ചൻ അത്ഭുതസ്തിമിതനായി ചിന്നമ്മയെ നോക്കി. സ്വപ്നവും ജാഗരണവും അവന്റെ മുമ്പിൽ നിന്ന് "ഒളിച്ചേ, കണ്ടേ" കളിക്കുകയാണ്.

ചിന്നമ്മയുടെ കൈയ്യിൽ ഒരു ഗ്ലാസ്സിൽ എന്തോ ഉണ്ട്. കാപ്പിയായിരിക്കാം. അങ്ങത്തയുടെ വീട്ടിൽ വച്ച് താൻ അവൾക്കു 'കാപ്പി കൊടുത്ത'തിനു പകരം വീട്ടാൻ വന്നതാവാം. പക്ഷെ, താൻ അവളെ ദ്രോഹിച്ചിട്ടില്ലല്ലൊ. ഹെഡ്ഡങ്ങത്തയെയാണ് 'പററിച്ചതു്.' ചക്കിനു വച്ചതു് കൊക്കിനു കൊള്ളിച്ചു; അതിനെന്തിനാണ് ചിന്നമ്മ പകരംവീട്ടുന്നതു്?

"മത്തായിച്ചാ!...."

പിന്നേയും ആ തറച്ച നോട്ടംതന്നെ. അവന്റെ ദൃഷ്ടികൾ പുറത്തേയ്ക്കു തെറിച്ചുവീഴുമെന്നു തോന്നി.

"എന്നെ അറിഞ്ഞില്ലേ?"

നിശ്ശബ്ദത! മത്തായിച്ചന്റെ ദൃഷ്ടികൾ ചലിച്ചില്ല. ചിന്നമ്മ അവന്റെ നെററിയിൽ കൈ വച്ചു. നല്ല തണുപ്പുള്ള കൈ!

"ഞാനാ മത്തായിച്ചാ, ചിന്നമ്മ!"

"ചിന്നമ്മ...." അവന്റെ അധരങ്ങൾ മന്ത്രിച്ചു.

"അതെ, ചിന്നമ്മ. എന്നെ അറിയില്ലേ?"

"ചിന്നമ്മ, ചിന്നമ്മ, ചിന്നമ്മ...." ഒരു മന്ത്രോക്തിപോലെ അവൻ ആ മൂന്നക്ഷരം പിന്നെയും പിന്നെയും ഉരുവിട്ടു; ഏതോ യാന്ത്രികശക്തിയാലെന്നപോലെ.

പക്ഷെ, ആ പേടിപ്പെടുത്തുന്ന നോട്ടം തുടരുകയാണ്. വികാരങ്ങൾ അതിനുള്ളിൽ ഉറഞ്ഞുകൂടി കട്ടപിടിച്ചിരിക്കുകയാവാം.

"അതെ, ഞാൻ ചിന്നമ്മയാണ്...."

"ഉം...."

"എന്നോടു പിണക്കമാണോ?"

"അല്ല."

"പിന്നെന്താ ഇങ്ങനെ നോക്കിക്കൊല്ലുന്നെ?"

കൊല്ലുന്നെന്നോ? ചിന്നമ്മയെയോ? തനിക്കവളെ കൊല്ലാമായിരുന്നിട്ടും താൻ അതു ചെയ്തില്ല.

"ചിന്നമ്മേ...." അവന്റെ സ്വരം ചിലമ്പി. അതു് അന്തരംഗത്തിന്റെ തകർച്ചയായിരുന്നു. ആ കണ്ണുകളിൽനിന്ന് അശ്രുകണികകൾ അനുസ്യൂതം ഒഴുകിത്തുടങ്ങി.

ഒരു തകർപ്പൻ മഴ വരുന്നുണ്ട്. മത്തായിച്ചന്റെ കണ്ണീർത്തുള്ളികൾപോലെ മേഘമാലകൾ അലിഞ്ഞു വീഴാൻ പോകുന്നു. ആശുപത്രിക്കെട്ടിടത്തിന്റെ ജനാലകളും വാതിലുകളുമെല്ലാം അടയ്ക്കപ്പെട്ടു. കുഴൽവിളക്കുകൾ തെളിഞ്ഞു.

"മത്തായിച്ചാ?"

"ഉം."

"ഇതെന്താണിങ്ങനെ?"

"എങ്ങനെ?"

"ഇങ്ങനെ പെണ്ണുങ്ങളെപ്പോലെ കരയുന്നതു്?"

ചിന്നമ്മ അവന്റെ കണ്ണുനീർ തുടച്ചുകളഞ്ഞു. അവൾ ഇത്രയധികം നല്ലവളാകുന്നതെന്തിനാണെന്ന് അവനു മനസ്സിലായില്ല.

"ഞാൻ കരയണം, ചിന്നമ്മേ........" കുറെ നിമിഷങ്ങൾ പാറന്നകന്നപ്പോഴാണ് ആ മറുപടി കിട്ടിയതു്.

"എന്തിന്?"

"എല്ലാം കഴുകി വെടിപ്പാക്കാൻ."

"എന്തു്....എല്ലാം?"

"തെററുകളുടെ കറകളെല്ലാം."

"അതൊക്കെയിരിക്കട്ടെ; തലയ്ക്കിപ്പോൾ വേദനയുണ്ടോ?"

"കുറവുണ്ട്."

"കാലിനെങ്ങനെയിരിക്കുന്നു?"

"ഏതു കാലിന്?"

"ഒടിഞ്ഞ കാലിന്."

"അതെന്റെ കാലാണോ?"

"പിന്നല്ലാതെ; എന്റെ കാൽ ഒടിഞ്ഞിട്ടില്ല."

"ചിന്നമ്മേ!" അവൻ പിന്നേയും കരഞ്ഞു.

"ശേ, നാണംകെട്ട കരച്ചിൽ! നേഴ്സു് വരുന്നു; അവരൊക്കെ കാണില്ലേ?"

"ഞാനൊരൊററക്കാലനാ ചിന്നമ്മേ...."

ശേ, മണ്ടത്തരം പറയാതെ; വേഗം സുഖപ്പെടുമെന്നേ. ആശുപത്രിയിൽ കൊണ്ടുവന്നപ്പോഴേ ഞാൻ ഡോക്ടറെക്കണ്ടു പ്രത്യേകം പറഞ്ഞിട്ടാ പോയതു്. ഇന്നും കണ്ടു. കുറച്ചു നാൾ പ്ലാസ്റ്ററിട്ടാൽ മതിയെന്നദ്ദേഹം പറഞ്ഞു."

*(ശേഷം 248_ൽ)*

# നിങ്ങളുടെ സംശയങ്ങൾ

( ഫാദർ ആൻറണി അന്തിക്കാട്ട് എൽ. പിഎച്ച്., എൽ. ഡി., സെമ്മിനാരി, തോപ്പ്, തൃശ്ശൂർ_5. )

[നേരിട്ട് മറുപടി ആവശ്യപ്പെടുന്നവർ, മറുപടിക്ക് ആവശ്യമുള്ള സ്റ്റാമ്പ് അയയ്ക്കണം. മതപരമായ സംശയങ്ങൾക്കുമാത്രമേ ഈ പംക്തിയിൽ മറുപടി നൽകുകയുള്ളൂ.]

64. ഇഹത്തിൽ ചെയ്ത പുണ്യപ്രവൃത്തികളുടെ അളവനുസരിച്ചാണോ വിശുദ്ധന്മാർ സ്വർഗ്ഗത്തിൽ ആനന്ദം അനുഭവിക്കുന്നത്?

(പി. എൽ. അന്ത്രയോസ്, പനങ്ങാട്ട്)

മരിക്കുന്ന സമയത്ത് ഓരോ ആത്മാവിലുമുള്ള ശുദ്ധീകരണവരപ്രസാദത്തിൻെറ അളവനുസരിച്ചാണ് സ്വർഗ്ഗത്തിൽ ഓരോരുത്തരും ആനന്ദം അനുഭവിക്കുന്നത്. ഏററവും കൂടുതൽ വരപ്രസാദം സമ്പാദിച്ചവന് ഏററവും ഉന്നതസൌഭാഗ്യം. പ്രാർത്ഥന, പുണ്യപ്രവൃത്തികൾ, കൂദാശസ്വീകരണം എന്നിവവഴി മാമോദീസായിൽ ലഭിച്ച ശുദ്ധീകരണവരപ്രസാദം വർദ്ധിപ്പിക്കാവുന്നതാണ്. ഒരൊററ ചാവുദോഷം ചെയ്താൽ ആത്മാവിലെ ശുദ്ധീകരണവരപ്രസാദവും സ്വർഗ്ഗത്തിലേയ്ക്കുള്ള എല്ലാ യോഗ്യതകളും നശിക്കുന്നു. മനസ്താപവും കുമ്പസാരവുംവഴി ശുദ്ധീകരണവരപ്രസാദം തിരിച്ചുകിട്ടുമ്പോൾ, നഷ്ടപ്പെട്ട യോഗ്യതകളും തിരിച്ചു ലഭിക്കുന്നു. എന്നാൽ ചാവുദോഷത്തിലിരിക്കുന്ന ഒരാൾ ചെയ്യുന്ന പുണ്യകൃത്യങ്ങൾക്ക് സ്വർഗ്ഗത്തിലേയ്ക്കുള്ള യോഗ്യതാഫലം ലഭിക്കുകയില്ല. ചാവുദോഷത്തിലിരിക്കുന്ന ഒരാൾ, ദൈവത്തിൻെറ ദത്തുപുത്രനും സ്നേഹിതനുമെന്ന സ്ഥാനം നഷ്ടപ്പെടുത്തി, ദൈവത്തിൻെറ ശത്രുവായിത്തീർന്നുവെന്നതാണ് അതിനു കാരണം.

ചുരുക്കത്തിൽ, വരപ്രസാദത്തിൽ ജീവിക്കുന്ന ഒരാൾ ചെയ്യുന്ന പുണ്യകൃത്യങ്ങളുടെ അളവനുസരിച്ച് അയാൾ സ്വർഗ്ഗത്തിൽ ആനന്ദം അനുഭവിക്കുന്നുവെന്ന് ഒരുവിധത്തിൽ പറയാം.

65. ചാവുദോഷം ചെയ്യാതെ മരിക്കുന്നവർ എല്ലാവരും വിശുദ്ധരാണോ?

(വാടയിൽ ജോസഫ് കൊച്ചുറാണി, മതിലകം)

മാമോദീസ സ്വീകരിച്ചതിനുശേഷം ചാവുദോഷം ചെയ്യാതെ മരിക്കുന്നവരെല്ലാവരും സ്വർഗ്ഗത്തിൽ പോകുന്നു. സ്വർഗ്ഗത്തിൽ മരണാനന്തരം എത്തിച്ചേരുന്നവരെല്ലാവരും വിശുദ്ധന്മാരാണ്. എന്നാൽ ഈ ലോകത്തിൽ പരസ്യമായി വിശുദ്ധരായി അവർ വണങ്ങപ്പെടണമെങ്കിൽ തിരുസ്സഭയിൽ അവരെ വിശുദ്ധന്മാരായി നാമകരണം ചെയ്യേണ്ടതുണ്ട്.

66. പ്രായശ്ചിത്തപ്രവൃത്തികൾ ചെയ്യണമെങ്കിൽ കുമ്പസാരക്കാരൻെറ പ്രത്യേകമായ അനുവാദം വേണമെന്ന് നിർബന്ധിക്കുന്നതു് എന്തുകൊണ്ടാണ്?

(പന്തംപ്ലാക്കൽ ദേവസ്സി ജോർജ്ജ്, പുതുക്കാട്ട്)

ചില കാരണങ്ങൾ താഴെ ചേർക്കുന്നു. 1. അവിവേകമായി പ്രായശ്ചിത്തങ്ങൾ ചെയ്ത് ആരോഗ്യം നശിപ്പിക്കാതിരിക്കുവാൻ. 2. പ്രായശ്ചിത്തങ്ങൾ ചെയ്യുന്നതുകൊണ്ട് സ്വയം വലിയ വിശുദ്ധനാണെന്ന തെററിദ്ധരിച്ച് അഹംഭാവത്തിൽ നിപതിക്കാതിരിക്കുവാൻ. 3. പ്രായശ്ചിത്തങ്ങൾക്ക് അനുസരണം എന്ന പുണ്യത്തിൻെറ ഫലംകൂടി ലഭിക്കുവാൻ. 4. കുമ്പസാരക്കാരൻെറ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതുകൊണ്ട് അനുസരണത്തിനു പുറമെ എളിമ എന്ന പുണ്യത്തിലും ഉയരുവാൻ സാധിക്കും.

67. സന്യാസജീവിതവും, വിവാഹജീവിതവും മഹത്തായ ദൈവവിളികളാണല്ലൊ. എന്നാൽ ശാരീരികമോ മാനസികമോ ആയ ന്യൂനതകൾ നിമിത്തം ഈ രണ്ടു ജീവിതാന്തസ്സുകളിലും പ്രവേശിക്കാൻ സാധിക്കാത്തവരുടെ ദൈവവിളിയേപ്പററി എന്താണ് പറയേണ്ടതു്? (മേരി ജോർജ്ജ് എം., കൊട്ടേക്കാട്ട്)

ഒരു ജീവിതാന്തസ്സിലേയ്ക്ക് ഒരാളെ ദൈവം തെരഞ്ഞെടുക്കുമ്പോൾ ആ അന്തസ്സിന് ആവശ്യമുള്ള ശാരീരികവും, മാനസികവും, ആദ്ധ്യാത്മികവും, സാമ്പത്തികവുമായ കഴിവുകൾ അവിടുന്ന് അയാൾക്ക് നൽകുന്നു. അതുകൊണ്ട് വിവാഹജീവിതത്തിനോ, സന്യാസജീവിതത്തിനോ ആവശ്യമായ കഴിവുകൾ ഒരാൾക്കില്ലെങ്കിൽ, അയാൾ ആ ജീവിതത്തിലേയ്ക്ക് വിളിക്കപ്പെട്ടിട്ടില്ല എന്ന് തീർച്ചയാണ്. വിവാഹജീവിതത്തിലും സന്യാസജീവിതത്തിലും പ്രവേശിക്കാതെ കന്യാത്വം പാലിച്ചു ജീവിക്കാനാണ് അയാളുടെ ദൈവവിളി. ഇങ്ങനെ കന്യാത്വം പാലിച്ച് വിശുദ്ധരായിട്ടുള്ള സ്ത്രീപുരുഷന്മാർ ഉണ്ട്. വി. സീത്ത വിവാഹജീവിതത്തിലോ സന്യാസജീവിതത്തിലോ പ്രവേശിക്കാതെ, കന്യാത്വം പാലിച്ച് ജീവിച്ചു വിശുദ്ധയായിത്തീർന്നവളാണ്.

68. മിഷൻ പ്രവർത്തനത്തിനു പോയി തിരിച്ചുവരുന്നവരെ എന്തെങ്കിലും ജോലികൾ പരിശീലിപ്പിച്ച്, അവർക്കു ജീവിക്കുന്നതിനും അവരുടെ അദ്ധ്വാനഫലം മിഷൻ വേലയ്ക്കുവേണ്ടി ചെലവഴിക്കുന്നതിനും

വേണ്ടി ഒരു പ്രത്യേക സ്ഥാപനം ഉണ്ടാക്കുന്നതു് നല്ലതല്ലേ? (മാത്യു സൈമൺ, കുന്നിഞ്ഞി.)

ഇതു് നല്ലൊരു ആശയമാണു്. മിഷൻവേലയ്ക്കു പോയി തിരിച്ചുവന്നതിനുശേഷം വിവാഹജീവിതം കഴിക്കാതെ കന്യാത്വം പാലിച്ചു് ദൈവസേവനം നടത്തണമെന്നു് ആഗ്രഹിക്കുന്നവർക്കു് ഇത്തരത്തിലുള്ള ഒരു സ്ഥാപനം ഉപകാരപ്രദമായിരിക്കും.

69. ജോയി സി. എറപ്പുഴിക്കര, ചെപ്പുകുളം, തട്ടക്കുഴ അയച്ച കത്തു് കിട്ടി; അതിൽ എഴുതിയിരുന്ന കാര്യങ്ങൾ കുമ്പസാരത്തിൽ വ്യക്തമായി പറഞ്ഞതിനുശേഷം, കുമ്പസാരക്കാരനിൽനിന്നു് ലഭിക്കുന്ന നിർദ്ദേശമനുസരിച്ചു് പ്രവർത്തിക്കുക.

70. പുരോഹിതന്മാർക്കു് സിനിമ കാണാമോ?
(ഫ്രാൻസിസ് എം. എം. അഞ്ഞൂർ)

നല്ല സിനിമകൾ കാണുന്നതിനു് തടസ്സമില്ല.

71. യുദ്ധത്തിനു് പോകുന്ന ഭടന്മാർ, അനവധി ശത്രുക്കളെ കൊല്ലുന്നില്ലേ? അതു് പാപമല്ലേ?
(ആൻറണി എ. തച്ചിൽ, പേരാമ്പ്ര)

സ്വജീവനെ രക്ഷിക്കുവാൻ, മററു മാർഗ്ഗങ്ങളില്ലെങ്കിൽ തൻെറ ജീവനെ അപകടപ്പെടുത്തുവാൻ വരുന്ന ശത്രുവിനെ വധിക്കാവുന്നതാണ്. ഇതുപോലെതന്നെ ഒരു രാജ്യത്തിൻെറ സ്വാതന്ത്ര്യം അപകടപ്പെടുത്തുവാൻ വരുന്ന ശത്രുപട്ടാളക്കാരെ, വധിക്കാവുന്നതാണ്; സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ മററു മാർഗ്ഗങ്ങൾ ഇല്ലെങ്കിൽ.

72. അന്നീദ ചൊല്ലിക്കുന്നതുകൊണ്ടു് സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ സാധിക്കുമോ? അങ്ങനെയെങ്കിൽ പണക്കാർക്കുമാത്രമല്ലേ അതു് ഉപകരിക്കയുള്ളൂ?
(കെ. ഒ. ജേക്കബ്ബ്, പുതുക്കാട്)

മരണസമയത്തു് ആത്മാവിൽ ശുദ്ധീകരണവരപ്രസാദം ഉള്ളവർ മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂ. ചാവുദോഷത്തോടുകൂടി മരിക്കുന്നവർ നരകത്തിൽ പോകുന്നു; നരകത്തിൽ പോയവർക്കും സ്വർഗ്ഗത്തിൽ പോയവർക്കും അന്നീദ ചൊല്ലിക്കുന്നതുകൊണ്ടു് യാതൊരു ഫലവും ലഭിക്കുന്നില്ല. എന്നാൽ ശുദ്ധീകരസ്ഥലത്തിൽ പരിഹാരക്കടം തീർക്കുന്നതിനു ശിക്ഷിക്കപ്പെട്ടവർക്കു് അന്നീദയും തിരുസ്സഭയുടെ മററുള്ള ഔദ്യോഗിക പ്രാർത്ഥനകളും, കുർബ്ബാനയും ഉപകരിക്കും. ഇവയൊന്നും കഴിപ്പിക്കുവാൻ പണമില്ലാത്തവർ എന്തു ചെയ്യും? അവർ നന്നായി ജീവിക്കുകയും ത്യാഗങ്ങൾ ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്താൽ മതി. എത്ര അന്നീദയും കുർബ്ബാനയും ചൊല്ലിക്കുന്നുവെന്നതിൽമാത്രമല്ല, അവ എത്ര ദൈവസ്നേഹത്തോടും ത്യാഗത്തോടുംകൂടി ചെയ്യിക്കുന്നു എന്നതിലാണ് പരിഹാരഫലത്തിൻെറ അളവു് സ്ഥിതിചെയ്യുന്നതു്. ചാവുദോഷത്തിലിരിക്കുന്ന ഒരു ധനികൻ ചൊല്ലിക്കുന്ന 1000 അന്നീദയേക്കാൾ കൂടുതൽ ഫലം, ദൈവവരപ്രസാദത്തിലിരിക്കുന്ന പാവപ്പെട്ടവൻ ചൊല്ലിക്കുന്ന ഒരു അന്നീദക്കു് ലഭിക്കും. എന്നാൽ ചാവുദോഷത്തിലിരിക്കുന്ന ഒരു പാവപ്പെട്ടവൻ ചൊല്ലിക്കുന്ന ഒന്നിനേക്കാൾ കൂടുതൽ ഫലം വരപ്രസാദത്തിലിരിക്കുന്ന ഒരു ധനികൻ ചൊല്ലിക്കുന്ന അന്നീദക്കു ലഭിക്കും. അതുകൊണ്ടു് ഏററവും പ്രധാനമായിട്ടുള്ളതു് ദൈവവരപ്രസാദത്തിലിരിക്കുക എന്നതാണ്. ഒരു ധനികനും, ഒരു ദരിദ്രനും തുല്യ വരപ്രസാദത്തിലാണെന്നു സങ്കല്പിക്കുക. അങ്ങനെയെങ്കിൽ ദരിദ്രൻ ചൊല്ലിക്കുന്ന ഒരു അന്നീദയ്ക്കോ, ധനവാൻ ചൊല്ലിക്കുന്ന ഒരു അന്നീദയ്ക്കോ ഏതിനാണ് കൂടുതൽ ഫലം? ഒരു അന്നീദ ചൊല്ലിക്കുന്ന ധനികനേക്കാൾ കൂടുതൽ ത്യാഗം ഒരു അന്നീദ ചൊല്ലിക്കുന്ന ദരിദ്രനു് ആവശ്യമുള്ളതുകൊണ്ടു് ആ ദരിദ്രൻ ചൊല്ലിക്കുന്ന അന്നീദയ്ക്കാണ് കൂടുതൽ ഫലം. ആ ദരിദ്രൻ ഒരന്നീദ ചൊല്ലിക്കാൻ പണം ഉണ്ടാക്കിയ അത്ര ത്യാഗം, ഒരു ധനവാനു് ഉണ്ടാകണമെങ്കിൽ, ആയിരമോ ഒരു ലക്ഷമോ അന്നീദ ചൊല്ലിക്കേണ്ടി വന്നേക്കാം. അതുകൊണ്ടു് കൂടുതൽ പണമുള്ളവർക്കു് സ്വർഗ്ഗത്തിലും കൂടുതൽ മെച്ചമുണ്ടു് എന്ന നിഗമനം ശരിയല്ല.

73. ക്രിസ്തു ദൈവപുത്രനാണ്; മനുഷ്യർ എല്ലാവരും ദൈവത്തിൻെറ മക്കളാണ്. അങ്ങനെയെങ്കിൽ, ക്രിസ്തു ദൈവമാണെങ്കിൽ മനുഷ്യർ എല്ലാവരും ദൈവമാകണമല്ലോ? (സി. വി. ഫ്രൻസീസ്, കാര്യാട്ടുകര)

ക്രിസ്തു ദൈവപുത്രനെന്നു് പറയുന്നതും, മനുഷ്യർ എല്ലാവരും ദൈവപുത്രന്മാർ എന്നു് പറയുന്നതും രണ്ടു് അർത്ഥത്തിലാണ്. ദൈവമാണ് എല്ലാ മനുഷ്യർക്കും അസ്തിത്വം കൊടുത്തതു് എന്ന നിലയിൽ എല്ലാ മനുഷ്യരേയും ദൈവപുത്രന്മാർ എന്നു പറയാം; ദൈവവരപ്രസാദത്തിൽ ജീവിക്കുന്ന മനുഷ്യർ പ്രത്യേകവിധത്തിൽ ദൈവപുത്രന്മാരാണ്. എന്നാൽ അവരെല്ലാവരും ദൈവത്തിൻെറ സൃഷ്ടികളാണ്. അതുകൊണ്ടു് ദൈവത്തിനു് തുല്യരല്ല. ക്രിസ്തു സാരാംശത്തിൽ ദൈവത്തിനു് സമനായ ദൈവപുത്രനാണ്. "ഞാനും പിതാവും ഒന്നാകുന്നു" എന്നു് ക്രിസ്തു അരുളിച്ചെയ്തതു് അതുകൊണ്ടാണ്. അപ്പോൾ, ക്രിസ്തു ദൈവപുത്രൻ എന്നു പറയുന്ന അതേ അർത്ഥത്തിലല്ല, മനുഷ്യർ ദൈവപുത്രന്മാർ എന്നു പറയപ്പെടുന്നതു്.

*

ഒരു പാരീസ് മാസികയിൽ ഒരിക്കൽ ഇങ്ങനെയൊരു വാർത്ത കണ്ടു:
"മിസ്റ്റർ സ്മിത്ത്, പരേതയായ തൻെറ പത്നിയുടെ സ്മരണ നിലനിർത്തുവാൻ, ഒരുച്ചഭാഷിണി ഇടവകപ്പള്ളിക്കു സംഭാവചെയ്തിരിക്കുന്നു."

*  *  *  *

ഡോക്ടർ ഫോണിൽ: "ക്ഷമിക്കണം. ഞാനിതു പറയുന്നതിൽ പരിഭവിക്കരുതു്. നിങ്ങൾ എനിക്കുതന്ന ചെക്കു് ബാങ്കുകാർ തിരിച്ചയച്ചിരിക്കുന്നു."
ധനികനായ രോഗി: "അതു സാരമില്ല. ഡോക്ടർ മാററിയെന്നു പറഞ്ഞ എൻെറ ശ്വാസംമുട്ടും മടങ്ങിവന്നിരിക്കയാണു്."

# തിരുവെഴുത്തുകളെപ്പററി

— ഫിൽജെ. —

മാഹാത്മ്യം പ്രസംഗിക്കുക എക്കാലത്തും കത്തോലിക്കരുടെ ഒരവശ്യലക്ഷണമായിരുന്നിട്ടുണ്ട്. എന്നാൽ മാഹാത്മ്യത്തെ പ്രവൃത്തിയിൽ പൊന്തിച്ചു കാട്ടുവാൻ അവരെപ്പോലെ ഉദാസീനർ ഇന്നില്ലതന്നെ.

സാമൂഹ്യപരിഷ്കരണത്തെസ്സംബന്ധിച്ച ശക്തിയുക്തം ഉൽബോധിപ്പിക്കുന്ന മൂന്നുനാലു തിരുവെഴുത്തുകൾ ഇതിനകം നാം കണ്ടുകഴിഞ്ഞു. അവയുടെ സർവ്വസ്വീകതത്വത്തേയും ആനുകാലികതത്വത്തേയും വെളിപ്പെടുത്തിക്കൊണ്ട്, കത്തോലിക്കാസഭയുടെ തൊഴിലാളിസ്നേഹത്തെപ്പററിയും ദീർഘവീക്ഷണമനഃസ്ഥിതിയെപ്പററിയും സരസമായി വർണ്ണിക്കുന്ന പല ലേഖനങ്ങളും നാം ദർശിച്ചു; തകൃപ്പൻ പ്രസംഗങ്ങൾ കേട്ടു. എന്നാൽ, ആ തിരുവെഴുത്തുകൾ പ്രസ്പഷ്ടമാക്കുന്ന മനോജ്ഞമായ ആശയങ്ങൾ സമൂഹത്തിൽ പ്രായോഗികമാക്കുവാൻ മേൽപ്പറഞ്ഞ ആഹ്വാനങ്ങളുടെ ഉത്തരവാദികൾ മെനക്കെടാറില്ല. ആരെയോ എന്തിനോ വേണ്ടി ഉൽബോധിപ്പിച്ചിട്ട് കവചിതശിരസ്കരായി നിസ്സബ്ദത പാലിക്കാനാണ് ഇക്കൂട്ടർ വെമ്പുക. വാസ്തവത്തിൽ ആരംഭശൂരത്വവും ആശയപരിഷ്കരണവ്യഗ്രതയുമാണ് മററവിടെയുമെന്നപോലെ ഇവിടെയും കത്തോലിക്കരെ നയിക്കുന്നത്. പക്ഷേ, കാലത്തിൻെറ സൂചനകളേയും സാഹചര്യത്തിൻെറ സമ്മർദ്ദങ്ങളേയും കണക്കിലെടുക്കാതെ, വെറും കടലാസ്സുപരിഷ്കാരത്തിൽ സംതൃപ്തിയടയുവാൻ നമുക്കിനി സമയമില്ലതന്നെ. സഭയുടെ ആനുകാലികത്വവും രഞ്ജകമനഃസ്ഥിതിയും പുസ്തകങ്ങളിൽ നിറന്നു കിടന്നാൽമാത്രം പോരാ.

മാർപ്പാപ്പമാർ തിരുവെഴുത്തുകൾവഴി പഠിപ്പിക്കുന്നവയെ സ്വീകരിക്കുവാൻ കത്തോലിക്കർ കടപ്പെട്ടവരല്ലെന്നൊരു ധാരണ ഇന്നു പലരിലും കടന്നുകൂടിയിട്ടുണ്ട്. ഇത്തരം നിലപാടുകൾ ഓരോരുത്തരും സ്വീകരിക്കുന്നതു് തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങളുടെ പേരിലാണെന്നതിനു് തെളിവുകളില്ലാതില്ല. "വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച" കാര്യങ്ങളിൽ മാത്രം മതി അനുസരണം എന്നൊരു മിഥ്യാബോധവും ഇതിൻെറ പിന്നിലുണ്ട്. എന്തുകൊണ്ടാണിങ്ങനെ ഒരു വീക്ഷണഗതി പൊന്തിവന്നതു് എന്നന്വേഷിക്കുന്നതു് രസകരമാണ്. എങ്കിലും സാമ്പത്തികവും രാഷ്ട്രീയവുമായ കാരണങ്ങളാണ് പലപ്പോഴും അതിൻെറ പിന്നിലെന്നതുകൊണ്ട് അതിനെ നമ്മുടെ പരിചിന്തനത്തിനു വിധേയമാക്കുന്നില്ല. ഏതായാലും വിശ്വാസികളെന്ന നിലയ്ക്കു് ബുദ്ധിയും വിവേകവും മുൻനിർത്തിക്കൊണ്ട് ഇക്കാര്യങ്ങളെസ്സംബന്ധിച്ച ശരിയായ വിവരം നമുക്കുണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ട് നമ്മുടെ ചിന്താവിഷയം ഇതാണ്: "വിശ്വലേഖനങ്ങളിൽ അടങ്ങിയിരിക്കുന്ന ആശയങ്ങൾ സ്വീകരിക്കുവാൻ കത്തോലിക്കർ കടപ്പെട്ടവരാണോ?"

## പഠിപ്പിക്കുന്ന വിധം

റോമാ മാർപ്പാപ്പ വി. പത്രോസിൻെറ പിൻഗാമിയായതുകൊണ്ട് സാർവ്വത്രികസഭയെ ഭരിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള പരമാധികാരം അദ്ദേഹത്തിനുണ്ട്. ഈ പ്രബോധനാധികാരം അസാധാരണമെന്നും സാധാരണമെന്നും രണ്ടു വിധമുണ്ട്.

എല്ലാ കത്തോലിക്കരുടേയും ഗുരു എന്ന നിലയിൽ റോമാ മാർപ്പാപ്പാ തൻെറ പരമാധികാരം ഉപയോഗിച്ച് വിശ്വാസത്തെയോ സന്മാർഗ്ഗത്തെയോ സംബന്ധിച്ച കാര്യങ്ങൾ കടമയിൻകീഴിൽ പ്രഖ്യാപിക്കുമ്പോൾ അസാധാരണാധികാരമാണ് ഉപയോഗിക്കുക. ഇങ്ങനെ പഠിപ്പിക്കുമ്പോൾമാത്രമേ പോപ്പിനു് അപ്രമാദിത്വവരമുള്ളൂ. അപ്പോൾ മാർപ്പാപ്പാ ചില തെളിവായ പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നു. ഉദാ: "നാം പ്രഖ്യാപിക്കുന്നു, നിർവ്വചിക്കുന്നു." ഇത്തരം ഒരു പ്രഖ്യാപനം മാർപ്പാപ്പാ ഒരിക്കൽ നടത്തിയാൽ അതു കത്തോലിക്കർ തീർച്ചയായും സ്വീകരിക്കണം. അതിൽ വിട്ടുവീഴ്ചയില്ല.

ഇതുവരെ മാർപ്പാപ്പാമാർ ആരുംതന്നെ വിശ്വലേഖനങ്ങൾമൂലം വിശ്വാസത്തേയോ സന്മാർഗ്ഗത്തേയോ സംബന്ധിച്ച പ്രഖ്യാപനങ്ങൾ നടത്തിയിട്ടില്ല. എങ്കിലും അങ്ങനെ ചെയ്യാൻ പാടില്ലായ്കയില്ല. അപ്രമാദിത്വമുള്ള ഒരു പ്രഖ്യാപനം വിശ്വലേഖനങ്ങൾ വഴി നടത്താം. അപ്പോൾ അതു് വിശ്വലേഖനമാണല്ലോ എന്നു വിചാരിച്ച് തള്ളിക്കളയാൻ നിവൃത്തിയില്ല. അതു സ്വീകരിക്കുകതന്നെവേണം.

ഇനിയുള്ളതു് സാധാരണ പ്രബോധനാധികാരമാണ്. കത്തോലിക്കാതത്വസംഹിതകൾ വിശദീകരിക്കുക, അവയെ ആധുനികപ്രശ്നങ്ങളുടെ പരിഹാരാർത്ഥം ഉപദേശിച്ചുകൊടുക്കുക, വിശ്വാസികളെ ശാസിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുക എന്നിവയ്ക്കുവേണ്ടി മാർപ്പാപ്പ ഗുരുവും ഇടയനും എന്ന നിലയിൽ പഠിപ്പിക്കുമ്പോൾ അതു സാധാരണ പ്രബോധനാധികാരത്തിൻെറ വിനിയോഗമത്രേ. ഇങ്ങനെ പഠിപ്പിക്കുമ്പോൾ പരമമായ അപ്പസ്തോലികാധികാരം ഉപയോഗിക്കപ്പെടുന്നില്ല. തന്മൂലം അവ അപ്രമാദിത്വവരം ഉള്ളവയല്ലതന്നെ.

ഈ സാധാരണാധികാരം ഉപയോഗിക്കാൻ പോപ്പിന് പല മാർഗ്ഗങ്ങളുണ്ട്. തിരുവെഴുത്തുകളാണ് വളരെ സാധാരണമായി ഉപയോഗിക്കുന്നതു്. സഭയുടെ പ്രബോധനങ്ങൾ വിശദീകരിക്കാനോ വിരുദ്ധപ്രബോധനങ്ങളെ ശപിക്കാനോ പ്രത്യേക സാമുദായിക പ്രശ്നങ്ങളെ പരിഹരിക്കാനോ വേണ്ടി പോപ്പ് തിരുവെഴുത്തുകൾ ഉപയോഗിക്കുന്നെങ്കിൽ അവ ഒരിക്കലും അപ്രമാദങ്ങളല്ല. തന്മൂലം അവയെ വിശ്വസിക്കണമെന്നുമില്ല.

## തെററിദ്ധാരണകളുണ്ട്

ചിലപ്പോൾ നേരത്തേ നിർവ്വചിച്ചു പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വല്ല തത്വവും തിരുവെഴുത്തുകളിൽ കണ്ടേക്കും. എന്നാൽ, അതു തിരുവെഴുത്തിൽ ഉൾക്കൊണ്ടിരിക്കുന്നു എന്നുവച്ച് അതിന് അപ്രമാദിത്വമില്ലെന്നു കരുതേണ്ടതല്ല. ഉദാഹരണത്തിന്, വിവാഹത്തെപ്പററി പ്രതിപാദിക്കുന്ന ഒരു തിരുവെഴുത്തിൽ വിവാഹം ഒരു കൂദാശയാകുന്നു എന്ന് സംഗതിവശാൽ പ്രസ്താവനയുണ്ടാകാം. പക്ഷേ, അതു് അപ്രമാദിത്വമില്ലാത്തതായിത്തീരുന്നില്ല. കാരണം, വിവാഹം കൂദാശയാണെന്നതു് ഒരു കൌൺസിൽ പ്രഖ്യാപനമാണ്. ആ വില യാതൊരു കാരണവശാലും നഷ്ടപ്പെടുന്നില്ല.

സാധാരണ പ്രബോധനാധികാരം ഉപയോഗിക്കുമ്പോൾ മറെറതൊരു ദൈവശാസ്ത്രജ്ഞനെയോ പണ്ഡിതനെയോപോലെ പോപ്പിനും പ്രമാദം പിണയാം എന്നു വിചാരിക്കുന്നതു് അബദ്ധമായിരിക്കും. അസാധാരണ പ്രബോധനാധികാരത്തിനുമാത്രമേ അപ്രമാദിത്വം അതിന്റെ സങ്കുചിതാർത്ഥത്തിൽ ഉള്ളൂ. എങ്കിലും പോപ്പിന് പരിശുദ്ധാരൂപിയുടെ സഹായം ഉണ്ടെന്നു് ന്യായമായും വിശ്വസിക്കാം. ദൈവത്തിന്റെ പ്രതിനിധി ദൈവത്തിന്റെ ആജ്ഞയനുസരിച്ചു് വിശ്വാസികളെ നയിക്കാനാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നതെങ്കിൽ, തീർച്ചയായും ദൈവത്തിന്റെ സഹായഹസ്തം അദ്ദേഹത്തിന്റെമേൽ ഉണ്ടായിരിക്കും. വലിയ ഒരു തെററിൽ ഉൾപ്പെടുവാൻ അദ്ദേഹത്തെ ദൈവം ഒരിക്കലും അനുവദിക്കുകയില്ല.

## കത്തോലിക്കാ വീക്ഷണഗതി

വിശ്വലേഖനങ്ങളിലെ ആശയങ്ങൾ വിശ്വാസത്തിന്റെ ഭാഗം എന്ന നിലയിൽ സ്വീകരിക്കുവാൻ നാമൊരിക്കലും കടപ്പെട്ടവരല്ലെന്നു നാം കണ്ടു. പക്ഷേ, അവിടംകൊണ്ടു തീരുന്നില്ല. സഭ ഉൽബോധിപ്പിക്കുന്ന തത്വങ്ങൾ ആകമാനം (the whole body of Catholic Faith) കത്തോലിക്കർ സ്വീകരിക്കണം. സാധാരണ പ്രബോധനാധികാരത്തിന്റെ പരിധിയിൽപ്പെടുന്ന തത്വങ്ങളും ഇതിലുൾപ്പെടുന്നു. അതുകൊണ്ട്, ദൈവശാസ്ത്രജ്ഞരോ സാധാരണ കത്തോലിക്കരോ ആരുതന്നെയായാലും തിരുവെഴുത്തുകൾ പോപ്പിന്റെ അഭിപ്രായങ്ങളാണെന്നു കരുതി തള്ളിക്കളയാൻ പാടുള്ളതല്ല. പരി. പിതാവ് പന്ത്രണ്ടാം പീയൂസ് പാപ്പാ ഇതു വ്യക്തമാക്കിയിട്ടുണ്ട്: "മാർപ്പാപ്പമാർ തങ്ങളുടെ അസാധാരണ പ്രബോധനാധികാരം പ്രയോഗിക്കുന്നില്ലെന്ന കാരണത്താൽ വിശ്വലേഖനങ്ങൾ ഒരിക്കലും തിരസ്കരിച്ചുകൂടാ. കാരണം, 'നിങ്ങളെ ശ്രവിക്കുന്നവൻ എന്നെയും ശ്രവിക്കുന്നു' എന്ന വാക്യശകലംകൊണ്ടെന്തുദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അതുതന്നെയാണ് സാധാരണ പ്രബോധനാധികാരംകൊണ്ടു പഠിപ്പിക്കപ്പെടുന്നതു്. എന്നാൽ, അതുവരെ വിവാദത്തിനു കീഴ്പ്പെട്ടിരുന്ന ഒരു വിഷയത്തെക്കുറിച്ചു് മാർപ്പാപ്പാ മനഃപൂർവ്വം ഒരു തീരുമാനമെടുക്കുമ്പോൾ ആ വിഷയം മേലിൽ പരസ്യവിവാദത്തിനു വിധേയമാകേണ്ടതല്ല."

നാം ആദ്യം ചോദിച്ച ചോദ്യത്തിന് ഒരുത്തരമേ നല്കുവാനുള്ളൂ. അതായതു്, മാർപ്പാപ്പാമാർ തിരുവെഴുത്തുകൾവഴി പഠിപ്പിക്കുന്നവയെ അനുസരിക്കുവാൻ കത്തോലിക്കർ മനസ്സാക്ഷിയിൽ കടപ്പെട്ടവരാണ്. ഈ കടമയുടെ സ്വഭാവമെന്തു്? ഏതു വിധത്തിലാണ് കത്തോലിക്കർ കടപ്പെട്ടിരിക്കുന്നതു്? തിരുവെഴുത്തുകളോടു നാം പ്രദർശിപ്പിക്കേണ്ട മനോഭാവത്തെക്കുറിക്കുവാൻ ഭൂരിപക്ഷം ദൈവശാസ്ത്രജ്ഞന്മാരും ഒരേ ശൈലിയാണുപയോഗിക്കുന്നതു് — മതപരമായ വഴക്കം (Religious assent). വിശ്വാസത്തെസ്സംബന്ധിക്കുന്ന ഒരു വഴക്കം തിരുവെഴുത്തുകളുടെ കാര്യത്തിൽ ആവശ്യകമല്ലെന്നും പാപ്പായുടെ സാധാരണ പ്രബോധനാധികാരത്തെ മാനിക്കുന്ന വിധത്തിലുള്ള ഒരനുസരണത്തിനാണു കത്തോലിക്കർ കടപ്പെട്ടിരിക്കുന്നതെന്നുമത്രേ ഇതു വ്യക്തമാക്കുന്നതു്. ഈ വിധത്തിലുള്ള അനുസരണം ക്രിസ്തു നിയമിച്ച മനുഷ്യനോടുള്ള ബഹുമാനത്തിലാണ് അധിസ്ഥിതമായിരിക്കുന്നതു്. തിരുവെഴുത്തുകളെ അവഗണിക്കുന്ന കത്തോലിക്കർ തീർച്ചയായും ധാർമ്മികമായ ഒരു കുററംതന്നെയാണു ചെയ്യുന്നതു്. ഈ കുററം ഗൗരവമുള്ളതാകാം.

കത്തോലിക്കാസഭയുടെ സാമൂഹ്യപ്രബോധനങ്ങൾ പ്രായോഗികമാക്കേണ്ട ഒരു കാലഘട്ടത്തിലാണു നാം ജീവിക്കുന്നതു്. സമൂഹത്തിൽ പിടിച്ചുനില്ക്കാനുള്ളൊരു താങ്ങ് ആധുനികമനുഷ്യൻ ആവശ്യപ്പെടുന്നു. ആ ആവശ്യത്തെ കണക്കിലെടുക്കുക സഭയുടെ പൊതുജനസമ്മതിക്കുവേണ്ടിയുള്ള ഒരു നവീന ടെക്നിക്കുകൂടിയാണ്. ഇവയൊക്കെ മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് മനോഹരങ്ങളായ സാമൂഹ്യപുനരുദ്ധാരണാശയങ്ങൾ ഉൾക്കൊള്ളുന്ന തിരുവെഴുത്തുകൾ ക്രിസ്തുവിന്റെ പ്രതിപുരുഷന്മാർ ആധുനികജനതയ്ക്കു നല്കിയതു്. ദൈവത്തിന്റെ സഹായഹസ്തം അതിൽ നിഴലിക്കുന്നുണ്ടെന്നു നമുക്കു ന്യായമായി പ്രതീക്ഷിക്കാം. കാരണം, ആധുനികലോകത്തിന്റെ പ്രശ്നങ്ങൾക്ക് അവ ഒററമൂലികൾതന്നെയാണ്; അവയ്ക്കു പകരമായി നിർദ്ദേശിക്കുവാനും ഇന്നു മറെറാരുപാധിയുമില്ല. അതിനാൽ,

ചെറുകഥ

**ജോസ് ചിററിലപ്പിള്ളി**

# കല്യാണം നടന്നു

അന്നു രാത്രി ലോന ഉറങ്ങിയില്ല. എങ്ങനെ ഉറങ്ങും? നാളെ അയല്പക്കാരൻെറ വീട്ടിൽ പെണ്ണു കാണാൻ വരലാണ്.

യോഹന്നാൻെറ മകൾ ലില്ലിക്കു വയസ്സു പതിനേഴേ ആയിട്ടുള്ളു. ഇതിനകം എത്ര സ്ഥലത്തുനിന്ന് അവളെ കാണാൻ വന്നു! എന്നിട്ടു വല്ലതും നടന്നോ? ഇല്ല. അതാണ് ലോനയുടെ പവ്വർ!

ലില്ലിക്കെന്താ കുറവ്? ഒരു കുറവുമില്ല. ചീത്തപ്പേരു് സമ്പാദിച്ചിട്ടില്ല. പഠിപ്പാണെങ്കിൽ പത്തുവരെ എത്തിയിട്ടുണ്ട്. കാണാൻ അഴകില്ലേ? ലില്ലിയോളം അഴകുള്ള ഒരു പെൺകുട്ടി ആ ഇടവകയിലില്ല.

ലില്ലിയുടെ വിവാഹത്തിനു തടസ്സമായി നില്ക്കുന്നതു് പേരുദോഷമോ പഠിപ്പില്ലായ്മയോ പണമില്ലായ്മയോ സൗന്ദര്യമില്ലായ്മയോ ഒന്നുമല്ല. പിന്നെയെന്താണ്? — ലോനയുടെ മകൾ റീത്ത!

റീത്ത ഒരു തെറിച്ചിപ്പെണ്ണാണ്. പള്ളിക്കൂടത്തിൻെറ പടി കണ്ടിട്ടില്ല. കാണാനും ഒരു ചേലില്ല. മാദകലഹരിയിലാറാടി, വയറിൻെറ ചന്തം വെളിക്കു കാട്ടി ജഗജില്ലിയായി നടന്നു പോകുന്ന അവളെ ഏറുകണ്ണിട്ടു നോക്കാൻ ന്യൂരപേരുണ്ടാകും. പക്ഷെ വിവാഹത്തിനെന്നു പറഞ്ഞ് ഇതുവരെ ആരും അവളെ തിരിഞ്ഞുനോക്കിയിട്ടില്ല. പ്രായമാണെങ്കിൽ ഇരുപത്തഞ്ചിനു മീതെയും!

റീത്ത എത്ര ചീത്തയായാലും ലോനയുടെ മകളാണ്. റീത്തയുടെ കല്യാണം കഴിഞ്ഞല്ലാതെ ലില്ലിയുടെ കല്യാണമില്ല എന്ന് ശപഥംചെയ്തിരിക്കുകയാണയാൾ. ലില്ലിക്കു വന്ന ഏഴു കല്യാണം അയാൾ മുടക്കി. എട്ടാമത്തെ കൂട്ടരാണ് നാളെ അവളെകാണാൻ വരുന്നതു്.

---

ആധുനികപ്രശ്നങ്ങളെ പരാമർശിക്കുന്ന വിശ്വലേഖനങ്ങളെ അവഗണിക്കുക അക്ഷന്തവ്യമായ ഒരപരാധംതന്നെ.

എന്നുവച്ച് തിരുവെഴുത്തുകളെ അപ്പടി കണ്ണുമടച്ചു സ്വീകരിക്കുവാൻ കത്തോലിക്കാസഭ ആവശ്യപ്പെടുന്നില്ല. കത്തോലിക്കർക്ക് അവയുടെ പ്രായോഗികാപ്രായോഗികതകളെപ്പററി വിചിന്തനംചെയ്യാം. അങ്ങനെ ചെയ്യുകയുംവേണം. താൻ എഴുതിയവയെപ്പററി ചർച്ചനടത്തണമെന്ന് 23-ാം ജോൺ പാപ്പാ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ വിദഗ്ദ്ധാഭിപ്രായം തേടുകയായിരിക്കും ഉത്തമം. വിശ്വലേഖനങ്ങളെപ്പററി വ്യാഖ്യാനങ്ങൾ നൽകുന്നവർ ഇന്നു ധാരാളമുണ്ടല്ലോ.

●

വരട്ടെ. വന്നിട്ടെന്താ? വന്നതുപോലെയങ്ങു പോകും. ഇതുപോലെ എത്ര വരവും പോക്കും കണ്ടവനാണ് ലോന!

നേരം പയ്യെ പുലർന്നപ്പോൾ ലോന എഴുന്നേററു് ബസാറിലേയ്ക്കു നടന്നു. ബസാറിലെ പ്രധാന ചായക്കട നാരായണൻേറതാണ്. അതിൻെറ വാതില്ക്കൽ കിടക്കുന്ന ഒരു പഴഞ്ചൻ ബെഞ്ചിൽ പുറത്തേയ്ക്കു തല നീട്ടി ലോന അങ്ങനെ ഇരുന്നു.

അരമണിക്കൂറിനുശേഷം ഒരു ബസ്സ് ബസാറിൽ വന്നു നിന്നു. അതിൽനിന്നിറങ്ങിയവരുടെ ഭാവഹാവാദികൾ ശ്രദ്ധിച്ച ലോനയ്ക്കു് താൻ പ്രതീക്ഷിച്ചിരുന്ന കൂട്ടർതന്നെയാണ് അവരെന്നു മനസ്സിലായി. അവരുടെ അടുത്തു ചെന്ന് അയാൾ പറഞ്ഞു: "എനിക്കു മനസ്സിലായി."

"ഏതാ വീട്?" വന്നവരിൽ ഒരുത്തൻ ചോദിച്ചു.

"വീട് ഇവിടടുത്തുതന്നെ. നമുക്ക് ഒരു ചായ കുടിച്ച് മെല്ലെയങ്ങു നടക്കാം."

ലോനയുടെ ക്ഷണം ആദ്യം അവർ നിരസിച്ചുവെങ്കിലും ഒടുവിൽ സ്വീകരിക്കുകതന്നെ ചെയ്തു.

ചായക്കടയിലെ അകത്തേ മുറിയിൽ ഒരു മേശയ്ക്കു ചുററും നാലു പേരും ഇരുന്നു. ഒരു പഴം തൊലി കളഞ്ഞ് വായിലേയ്ക്കിട്ടുകൊണ്ട് ലോന പറഞ്ഞു:

"പിന്നെ.... കുട്ടി തരക്കേടൊന്നുമില്ല. കാണാൻ ചന്തമുണ്ട്. പക്ഷെ ...."

"പക്ഷെ?...."

"ചന്തം മാത്രമല്ലല്ലൊ കാര്യം."

"കാണാൻ കൊള്ളണം. പിന്നെ സ്വഭാവവും നന്നാവണം."

"എന്നാലേ, രണ്ടാമതു പറഞ്ഞതു് അല്പം കമ്മിയാ. പഠിപ്പും ഇല്ല."

ലോന അയാളുടെ ഒന്നാമത്തെ കുരമ്പെടുത്ത് പ്രയോഗിച്ചുകഴിഞ്ഞു.

"അവരുടെ ചുററുപാടൊക്കെ എങ്ങനെ?"

"അതിനെപ്പററി പറയാതിരിക്കുകയാണ് ഭേദം. കുട്ടിടെ അപ്പനാണെങ്കിൽ ഒരു നായരുടെ കടയിൽ കണക്കെഴുത്താ. ഏതു്?!__നായരുടെ കടയിൽ!...."

ഒരു നായരുടെ കടയിൽ ക്രിസ്ത്യാനി കണക്കെഴുതുന്നതു് ചാവുദോഷമായി തിരുസ്സഭ കല്പിച്ചിട്ടുണ്ടെന്നു തോന്നും അയാളുടെ സംസാരം കേട്ടാൽ. പക്ഷെ വന്നവരുടെ പ്രതികരണം മറിച്ചായിരുന്നു.

"അതിനെന്താ? നായരായാലും മുസ്ലീമായാലും നമുക്ക കൊഴപ്പമില്ല."

"കൊഴപ്പമില്ല. പക്ഷെ നസ്രാണിക്കതൊരു കൊറവാ."

"അതു പോട്ടെ. പിന്നെ?...."

"പാന്നെന്താ. കുട്ടിക്ക രണ്ടാങ്ങളമാരുണ്ട്. രണ്ടും തെണ്ടികളാ!"

"അതും പോട്ടെ. നമുക്ക പെൺകുട്ടിയെയാണ് വേണ്ടത്."

"പിന്നെ, നിങ്ങൾ കാണാൻ പോകുന്ന കുട്ടിയാണെങ്കിൽ പത്തിൽ തോററ് വെറതെയിരിക്ക്യാ."

ഇതു കേട്ട് വന്നവർ മൂന്നപേരും പൊട്ടിച്ചിരിച്ചു. ലോന കാര്യമറിയാതെ കുഴങ്ങി.

"ചേട്ടനല്ലേ പറഞ്ഞതു് കുട്ടിക്ക് പഠിപ്പില്ലാന്ന്?"

"അതു്....അതു്...." ലോന പരുങ്ങി. അയാളാകെ വിളറി.

"നമുക്ക നടക്കാം."

വന്നവർ മൂന്നപേരും എഴുന്നേററു നടന്നു.

'വരാൽ' എന്ന പേരുള്ള ഒരു മത്സ്യമുണ്ട്. അതിനെ പിടിക്കാൻ വളരെ പ്രയാസമാണ്. അമത്തിപ്പിടിക്കുന്തോറും അതു വഴുതിപ്പോകും. അതുപോലെ ലോന എത്ര അമത്തിപ്പിടിച്ചിട്ടും പെണ്ണു കാണാൻ വന്ന 'വരാലു'കളെ പിടിക്കാൻ പററിയില്ല. അയാൾ താപവും കോപവും കലന്ന സ്വരത്തിൽ അലറി:

"കണ്ടംകൊളത്തി ഇട്ടൂപ്പിൻെറ മകനായി ഈ ലോന പെറന്നിട്ടുണ്ടെങ്കിലു് ഇക്കല്യാണം നടക്കില്ലെടാ."

ഇതു കേട്ട് പെണ്ണു കണാൻ വന്ന മൂന്നു പേരും ലോനയുടെ അടുത്തേയ്ക്കു മടങ്ങിവന്നു.

"അല്ലാ, നിങ്ങളാണോ കണ്ടംകൊളത്തി ലോന?"

"ആണെങ്കിൽ നന്നായിപ്പോയി. നിങ്ങക്കെന്തു വേണം?"

"അയാളുടെ വീട്ടിലേയ്ക്കാണ് ഞങ്ങൾ വരുന്നതു്."

ലോന സ്തംഭിച്ചുപോയി. അല്പനേരത്തേയ്ക്കു് ബോധംതന്നെ ഇല്ലാതായി. ബോധം വന്നപ്പോൾ അയാളൊന്നു ചിരിച്ചു. നല്ലൊരു പച്ചച്ചിരി! എന്നിട്ട് പറഞ്ഞു: "നമുക്ക് ഓരോ ചായകുടി കഴിക്കാം."

"വേണ്ട."

വീട്ടിലേയ്ക്കു നടക്കുന്നതിനിടയിൽ ലോന പറഞ്ഞു:

"എനിക്ക പെട്ടെന്നു ദേഷ്യം വരും."

"അതു ഞങ്ങൾക്ക മനസ്സിലായി."

"എന്നാ അതുകൊണ്ട് വല്ല കൊഴപ്പമുണ്ടോ — അതൊട്ടില്ലതാനും."

"അഥവാ, കൊഴപ്പമുണ്ടായി; എന്നാൽ ഞങ്ങൾക്കെന്താ?"

ലോനയുടെ മുഖം മങ്ങുകയും വീണ്ടും പൂർവ്വസ്ഥിതി പ്രാപിക്കുകയുംചെയ്തു. അയാൾ സംഭാഷണം വേറൊരു വഴിക്ക തിരിച്ചു: "പിന്നെയ്, എൻെറ കുട്ട്യായതുകൊണ്ട് പറേണതല്ല. അവളൊരു മാടപ്പിറാവാ."

വന്നവർ മുഖത്തോടുമുഖം നോക്കി ചിരിക്കുന്നതു ലോന കണ്ടില്ല. അയാൾ നീട്ടിത്തട്ടുകയാണ്:

"പ്രായമാണെങ്കിൽ ചെറുപ്രായം. ഈ മേടത്തിലേയ്ക്കു് പതിനാറോ പതിനേഴോ എന്നാണ് സംശയം. അതവളുടെ അമ്മയോടുതന്നെ ചോദിക്കണം."

"അതു പിന്നീടാവാം."

"എന്നു പറഞ്ഞാൽ അതും പററില്ല. അവളുടെ അമ്മ ചത്തുപോയിട്ട് കൊല്ലം നാലായി. അമ്മ മരിക്കുമ്പൊ അവൾക്ക് ഇരുപ— അല്ല, പന്ത്രണ്ടു വയസ്സുപ്രായം."

"എത്രവരെ പഠിച്ചു?"

"അതിനൊരു കയ്യും കണക്കുമില്ല. ഇംഗ്ലീഷ് പച്ചവെള്ളമാണ്."

"ആങ്ങളമാരുണ്ടോ?"

"താഴെ ഒരാളുണ്ട്. അവൻ വല്ലപ്പോഴുമേ വീട്ടിൽ വരൂ. എന്നാലും ഞാൻ മുമ്പു പറഞ്ഞവരെപ്പോലെ തെണ്ടിയൊന്നുമല്ല."

"അതിൻെറ ഒരു വകഭേദം; അല്ലേ?"

അതിൻെറ അർത്ഥം മനസ്സിലാക്കാൻ കഴിയാഞ്ഞ ലോന തല കുലുക്കി ചിരിച്ചുകൊണ്ട് പറഞ്ഞു:

"അതെ; അതെ!"

നടന്നു നടന്ന് അവർ വീട്ടിലെത്തി. ലോന അവരെ സല്ക്കരിച്ചിരുത്തി. അടുത്തതു് 'പെണ്ണുകാണൽ' ആണ്. റീത്ത അണിഞ്ഞൊരുങ്ങി വന്നു. കഥകളിവേഷംപോലെ മുഖത്താകെ പൗഡറടിച്ചിട്ടുണ്ട്. പിളപിളുന്നനെയുള്ള ശരീരത്തിൻെറ നല്ലൊരുഭാഗം, ഉടമസ്ഥൻെറ നോട്ടമെത്താത്ത വെളിമ്പറമ്പുപോലെ, വിശാലമായി കിടക്കുന്നുണ്ട്.

"എത്രവരെ പഠിച്ചു?"

ഇതെന്തൊരു ചോദ്യം! എല്ലാവരും പേരാണ് ആദ്യം ചോദിക്കുക. തെല്ലൊന്നമ്പരന്നെങ്കിലും റീത്ത ഒട്ടും കൂസാതെ പറഞ്ഞു: "പത്തുവരെ."

"വാട്ട് ഇസ് യുവർ നെയിം ?"

"............"

"യുവർ നെയിം; പ്ലീസ്!?"

റീത്തയ്ക്കു മിണ്ടാൻ കഴിഞ്ഞില്ല. അവൾ തറയിൽ തലചുററിവീണു.

* * *

ഒരു മാസത്തിനുശേഷം യോഹന്നാൻെറ വീട്ടുമുററത്തു് ഒരു പന്തലുയന്നു. ലില്ലിയുടെ കല്യാണമായിരുന്നു.

✶

**അമ്പഴക്കാട്ട് കൊവേന്ത:** സൊഡാലിററി ബോയ്സ് വിഭാഗത്തിൻെറ ഒരു യോഗം വെരി റവ. ഫാദർ മാർട്ടിൻ അവർകളുടെ അദ്ധ്യക്ഷതയിൽ ചേരുകയും പുതിയ ഭാരവാഹികളായി പി. എ. ആൻറണി, വി. ഐ. ജോർജ്ജ്, വി. ഐ. സണ്ണി, പി. എ. ആൻറണി, എം. ഒ. വർഗ്ഗീസ് എന്നിവരെ യഥാക്രമം പ്രീഫെക്ട്, സെക്രട്ടറി, ഖജാൻജി, ലൈബ്രേറിയൻ, ക്യാപ്ററൻ എന്നീ സ്ഥാനങ്ങളിലേയ്ക്കു തെരഞ്ഞെടുക്കുകയും ചെയ്തു.

മത്തായിമുതലാളിയും ഭാര്യയും കുട്ടികളുമെല്ലാം ദിവസേന കർബ്ബാന കാണും; കുർബ്ബാന കൈക്കൊള്ളും; പള്ളിയിലും വീട്ടിലും മുഴുവൻകൊന്തയെത്തിക്കും; വെള്ളിയാഴ്ചകളിൽ വിയാസാക്രൂ കഴിക്കും; ശനിയാഴ്ചകളിൽ ഒരുനേരം നോൽക്കും; അമ്മയും മക്കളുമെല്ലാം അലങ്കാരവിഭൂഷിതരായാണ് പള്ളിയിൽ പോകുക. പള്ളിക്കു സംഭാവനകൾ നൽകുന്നതിലും മത്തായിമുതലാളി പിന്നാക്കമല്ല. എന്നാൽ, അയാളുടെ പറമ്പിലെ ചെററക്കുടിലുകളിൽ താമസിക്കുന്ന പാവപ്പെട്ടവർക്ക് — ഭക്ഷണമില്ലാതെയും വസ്ത്രമില്ലാതെയും ചികിത്സിക്കാൻ പണമില്ലാതെയും കഷ്ടപ്പെടുന്നവർക്ക് — ഒരു പൈസ പോലും അയാൾ കൊടുക്കുകയില്ല. അവശരായ അയൽവീട്ടുകാരെക്കുറിച്ച് അയാൾക്ക് യാതൊരു ചിന്തപോലുമില്ല. സ്വന്തം കാര്യത്തിൽ മാത്രം ബദ്ധശ്രദ്ധനാണദ്ദേഹം. സ്വന്തം സുഖം, സ്വന്തം ഭാര്യ, സ്വന്തം മക്കൾ എന്നീ സങ്കുചിതവലയത്തിനുള്ളിൽ മാത്രമേ അയാളുടെ ചിന്ത പാറിപ്പറക്കുകയുള്ളൂ. ഇങ്ങനെയുള്ള ഒരാൾക്ക് എങ്ങനെ അനുദിനം വി. കുർബ്ബാന സ്വീകരിക്കുവാൻ സാധിക്കും എന്നുള്ളതാണ് നമ്മുടെ ചിന്താവിഷയം.

ഒരു അൽമേനിയുടെ പരിമിതമായ ദൈവശാസ്ത്രജ്ഞാനത്തിനുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് ഒരു എളിയ അഭിപ്രായം പ്രകടിപ്പിക്കുവാൻ ഞാൻ ധൈര്യപ്പെടുകയാണ്. അതായതു്, പ്രസ്തുത മത്തായിമുതലാളി ചാവുദോഷത്തിലാണ് സ്ഥിതിചെയ്യുന്നതു്; അതുകൊണ്ട് അദ്ദേഹം കുർബ്ബാന കൈക്കൊള്ളുവാൻ പാടില്ല. എൻെറ അഭിപ്രായം കൂടുതൽ വിശദീകരിക്കുവാൻ ശ്രമിക്കാം.

വായനക്കാർക്കു സുപരിചിതമായ ധനവാൻെറയും ലാസറിൻെറയും ഉപമയിൽ "ധനവാൻ മരിച്ചു നരകത്തിൽ അടക്കപ്പെട്ടു" എന്നൊരു വാക്യം ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ട്. അയാൾ നരകത്തിൽ പോകുവാനുള്ള കാരണം, പാവപ്പെട്ട ലാസറിന് യാതൊരു സഹായവും നൽകിയില്ല എന്നതാണെന്ന് ആ ഉപമയുടെ അനന്തരഭാഗങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. വി. ആഗസ്തീനോസും ഈ വാക്യത്തെ വ്യാഖ്യാനിക്കുന്നതു് ഏതാണ്ടിപ്രകാരമാണ്: ധനവാൻ നരകത്തിൽ അടക്കപ്പെട്ടതു്, പട്ടുവസ്ത്രങ്ങൾ ധരിച്ചതുകൊണ്ടോ, മൃഷ്ടാന്നഭോജനം കഴിച്ചതുകൊണ്ടോ അല്ല; പ്രത്യുത, തൻെറ പടിക്കൽ കിടന്നിരുന്ന ലാസറിന്, തൻെറ മേശയിൽനിന്ന് അപ്പക്കഷണങ്ങൾപോലും കൊടുക്കാത്തതുകൊണ്ടായിരുന്നു. ഇതിൽനിന്നു നാം മനസ്സിലാക്കേണ്ടതു്, കഷ്ടപ്പെടുന്നവരെ സഹായിക്കുവാൻ കഴിവുണ്ടായിട്ടും അവരെ സഹായിക്കാതിരിക്കുന്നതു് നരകത്തിൽ അടക്കപ്പെടുവാൻ ഒരുവനെ അർഹനാക്കുന്ന പാപമാകുന്നുവെന്നാണ്. ദൈവശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു, ചാവുദോഷം മൂലം മാത്രമാണ് ഒരുവൻ നരകത്തിൽ പോകുന്നതെന്നു്. അതുകൊണ്ട്, കഷ്ടപ്പെടുന്നവരെ സഹായിക്കാതിരിക്കുന്നതു് ഒരുവനെ നരകത്തിനു പാത്രമാക്കുന്ന ചാവുദോഷമാണെന്നു സിദ്ധിക്കുന്നു.

വീണ്ടും, പൊതുവിധിയുടെ രംഗം ദിവ്യരക്ഷകൻ ചിത്രീകരിക്കുന്നതു് നോക്കുക. "....ശപിക്കപ്പെട്ടവരേ, ....നിത്യനരകാഗ്നിയിലേയ്ക്കു പോകുവിൻ. എന്തുകൊണ്ടെന്നാൽ, എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നില്ല....എനിക്കു ദാഹിച്ചു; നിങ്ങൾ എനിക്കു കുടിപ്പാൻ തന്നില്ല...ഞാൻ വസ്ത്രമില്ലാത്തവനായിരുന്നു; നിങ്ങൾ എനിക്കു വസ്ത്രം തന്നില്ല ...നിങ്ങൾ മററുള്ളവർക്കു ചെയ്യാത്തപ്പോഴൊക്കെയും എനിക്കു ചെയ്യാത്തതുപോലെയാണ്...." രക്ഷകൻ, നരകത്തിലേയ്ക്കു വിധിക്കുന്നതിനു് ഉന്നയിക്കുന്ന ന്യായങ്ങൾ നോക്കുക. ഇതിൽനിന്നു നമുക്കു് മനസ്സിലാക്കുവാൻ സാധിക്കുന്നു, പാവങ്ങളെ സഹായിക്കാതിരിക്കുന്നതു്, നരകത്തിൽ പോകുവാൻ ഒരുവനെ അർഹനാക്കുന്ന ചാവുദോഷമാണെന്നു്.

ഇനിയും എൻെറ ഈ ന്യായവാദത്തിനു് ഉപോൽബലകമായി വേദപുസ്തകത്തിൽനിന്നു രണ്ടു വാക്യങ്ങൾകൂടി ഉദ്ധരിച്ചുകൊള്ളട്ടെ. 1. "മുട്ടുപാടുള്ള തൻെറ സഹോദരനെ കണ്ടിട്ട്, അവനെ സഹായിക്കുവാൻ കഴിവുണ്ടായിട്ടും, അവനെ സഹായിക്കുന്നില്ലെ

# ഘനമായ

## — സി. ജെ. ജെ

ങ്കിൽ, ഒരുവനിൽ എങ്ങനെ ദൈവസ്നേഹം ഉണ്ടാകും?" (യോഹ 3/17). അങ്ങനെയുള്ള ഒരു വ്യക്തിയിൽ ദൈവസ്നേഹം കുടികൊള്ളുന്നില്ല എന്നാണ് വി. യോഹന്നാൻ സമർത്ഥിക്കുന്നതു്. മററുവിധത്തിൽ പറഞ്ഞാൽ, ആ വ്യക്തിയിൽ പ്രസാദവരം (ദൈവസ്നേഹം) ഇല്ല; ഘനമായ പാപമാകുമ്പോഴാണല്ലൊ പ്രസാദവരം നഷ്ടപ്പെടുന്നതു്. ഈ ദൈവസ്നേഹ (പ്രസാദവര) രാഹിത്യത്തെപ്പററിത്തന്നെ വി. യോഹന്നാൻ വീണ്ടും ഊന്നിപ്പറയുന്നു: "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന്, കാണപ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കുവാൻ കഴിയും?" (1 യോഹ. 4/20)

ഇങ്ങനെയുള്ള ന്യായങ്ങൾകൊണ്ടാണ് ഞാൻ മത്തായിമുതലാളിയിൽ പ്രസാദവരം (ദൈവസ്നേഹം) ഇല്ലെന്നും നരകത്തിൽ പോകുവാൻ അർഹമാക്കുന്ന ചാവുദോഷത്തിലാണ് അയാൾ സ്ഥിതിചെയ്യുന്നതെന്നും അതുകൊണ്ട് അയാൾക്കു ദിവ്യകാരുണ്യം സ്വീകരിക്കുവാൻ അർഹതയില്ലെന്നും വളരെ വിനീതമായി അഭിപ്രായപ്പെടുന്നതു്. അയാൾ തൻെറ ഘനമായ പാപം ഏററുപറഞ്ഞു് കുമ്പസാരിക്കയും പാവപ്പെട്ടവരെ കഴിവനുസരിച്ച് സഹായിക്കയും ചെയ്താൽ മാത്രമേ ദിവ്യകാരുണ്യം സ്വീകരിക്കുവാൻ അയാൾക്ക് അർഹതയുള്ളൂ.

എന്നാൽ ഇന്നു സംഭവിക്കുന്നതെന്താണ്? കഷ്ടപ്പെടുന്നവരുടെ നേരെ തിരിഞ്ഞു നോക്കാത്തവരും, കരിഞ്ചന്തക്കാരും, കൊള്ളലാഭക്കാരും, അമിത പലിശക്കാരും, ന്യായമായ കൂലി കൊടുക്കാത്തവരും, കള്ളവ്യവഹാരക്കാരും, അതിരു നീക്കുന്നവരും, തട്ടിപ്പറിക്കാരും, സാധുക്കളെ അടിച്ചമർത്തുന്നവരും ഞെക്കിപ്പിഴിയുന്നവരും— എല്ലാവരും ഭക്തരുടെ വേഷമണിഞ്ഞ് ദിവ്യകാരുണ്യം സ്വീകരിക്കുവാൻ അണയുന്ന കാഴ്ചയാണ് നാം കാണുന്നത്. മേൽപ്പറഞ്ഞവയെല്ലാം ഘനമായ പാപങ്ങളാണെന്ന് അവർ മനസ്സിലാക്കിയിട്ടില്ല. കൊലപാതകവും, വ്യഭിചാരവും, ചീത്തവിചാരങ്ങളും, കുററം പറഞ്ഞതും, പ്രാർത്ഥനസമയത്ത് ഉറങ്ങിയതും, തെറി പറഞ്ഞതും, കുട്ടികളെ ദേഷ്യപ്പെട്ടതും, മററു ചില നിസ്സാരപാപങ്ങളും പാപങ്ങളല്ലാത്തവയും എല്ലാം അവർ കുമ്പസാരത്തിൽ ഏററുപറയും. പക്ഷെ, പാവങ്ങളെ സഹായിച്ചില്ല, അവരെ കഷ്ടപ്പെടുത്തി, എന്നുള്ളതു് കുമ്പസാരത്തിൽ ഏററുപറഞ്ഞ്, അതിനെതിരായി പ്രതിജ്ഞകളെടുക്കുവാൻ ആരുംതന്നെ തയ്യാറാകുന്നില്ല.

# ാപമല്ലേ?

് ബി. ഏ. —

കുറെയൊക്കെ, അറിവില്ലായ്മയായിരിക്കും ഇതിനെല്ലാം കാരണം. കൊലപാതകമോ, വ്യഭിചാരമോ പോലെതന്നെ ഘനമായ പാപമാണ് മേൽപ്പറഞ്ഞവയെല്ലാം എന്ന് ജനങ്ങളെ പഠിപ്പിച്ചിട്ടില്ല. പള്ളിപ്രസംഗങ്ങളിലും ധ്യാനാവസരങ്ങളിലും പുരോഹിതന്മാർ ഇക്കാര്യത്തെക്കുറിച്ച് അവരെ ഉൽബോധിപ്പിക്കാതെ 'സൌകര്യപ്രദമായി' ഒഴിഞ്ഞുമാറുന്നുണ്ടായിരിക്കാം; പണക്കാരെ പ്രീണിപ്പിക്കുവാൻവേണ്ടി, അല്ലെങ്കിൽ, അവരെ മുഷിപ്പിക്കാതെ സുഖസുഷുപ്തിയിൽ തന്നെ അവരെ നിലനിറുത്തുവാൻവേണ്ടി, അവരിൽനിന്നു ലഭിക്കുന്ന സംഭാവനകളും മററും മുടങ്ങാതിരിക്കുന്നതിനുവേണ്ടി, ഈ വിഷയത്തിൻെറ ഗൌരവം അവരെ മനസ്സിലാക്കിക്കൊടുക്കുവാൻ ബ. അച്ചന്മാർ ധൈര്യപ്പെടുന്നില്ലായിരിക്കാം. കാരണം, പണക്കാർക്ക് അത്ര രുചിക്കുന്ന ഒരു കാര്യമല്ലല്ലൊ ഇതു്. സാധുക്കളെ സഹായിക്കണം, അവരെ കഷ്ടപ്പെടുത്തരുതു്, ഞെക്കിപ്പിഴിയരുതു് എന്നെല്ലാമുള്ള തത്വങ്ങൾക്കെതിരായി പ്രവർത്തിക്കുന്നവർ അക്കാര്യം കുമ്പസാരത്തിൽ ഏററുപറഞ്ഞ്, ഇനിമേൽ ചെയ്കയില്ലെന്ന് പ്രതിജ്ഞയെടുത്ത്, അതിനു തക്ക പരിഹാരം ചെയ്യണം, എന്നാലേ കുർബ്ബാന കൈക്കൊള്ളുവാൻ യോഗ്യതയുള്ളൂ എന്നുള്ളതെല്ലാം പണക്കാർക്ക് ഒട്ടും ഇഷ്ടമില്ലാത്ത കാര്യങ്ങളാണല്ലൊ.

മററു ചില പണക്കാർ, ഇക്കാര്യങ്ങളെല്ലാം മനസ്സിലാക്കിയതിനു ശേഷവും, മനസ്സിലാക്കാത്തവിധത്തിൽ പെരുമാറുന്നുണ്ട്. "ഘനമായ പാപമോ? ഏയ്, അത്രയ്ക്കൊന്നുമില്ല. കുമ്പസാരിക്കാൻമാത്രമൊന്നുമില്ല" എന്നു ചിലർ പറയും. "എൻെറ പണം. എനിക്ക് ഇഷ്ടമുണ്ടെങ്കിൽ ഞാൻ സാധുക്കളെ സഹായിക്കും, എനിക്ക് ഇഷ്ടമില്ലെങ്കിൽ സഹായിക്കയില്ല. അതു ചോദ്യം ചെയ്യുവാൻ ആർക്കാണവകാശം?" എന്നുംമററും ചിലർ പറയും. "മെമ്മെ" തട്ടാത്തവിധത്തിൽ വെറും നിസ്സാരമായ ചില സംഭാവനകളും, ദാനധർമ്മവും നൽകിയ ശേഷം "ഞാൻ സാധുക്കളെ സഹായിക്കുന്നുണ്ട്. അതുകൊണ്ട് ആ വിഷയത്തിൽ ഒരു തെററും ഞാൻ ചെയ്യുന്നില്ല" എന്ന് മനസ്സാക്ഷിയിൽ വെള്ള പുരട്ടുന്ന ധാരാളം പണക്കാരും ഉണ്ട്. "ഞാൻ എൻെറ സഹോദരൻെറ സൂക്ഷിപ്പുകാരനാണോ?" എന്നു ചോദിച്ച കായേൻെറ മനഃസ്ഥിതി വെളിപ്പെടുത്തുന്ന വളരെയേറെ പണക്കാരുമുണ്ടായിരിക്കും.

"ഘനമായ പാപമല്ലേ?" എന്നുള്ള എൻെറ ചോദ്യത്തിനു് "അതെ" എന്ന ഉത്തരമാണ് ദൈവശാസ്ത്രജ്ഞന്മാർ നല്കുന്നതെങ്കിൽ, അക്കാര്യവും അതിൻെറ ഗൌരവവും എല്ലാ വൈദികരും ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുകയും, പണക്കാർക്ക് പ്രത്യേകിച്ചും ഈ ഘനമായ പാപ (ചാവുദോഷ)ത്തെക്കുറിച്ച് വേണ്ടതായ ഉൽബോധനങ്ങളും താക്കീതുകളും നൽകുകയും വേണം. മനസ്സിലായിട്ടും മനസ്സിലാവാത്ത മട്ടിൽ ജീവിക്കുന്ന കടുത്ത സ്വാർത്ഥമതികളെ സംബന്ധിച്ചിടത്തോളം അവരെ ഒന്നു നേരെയാക്കുവാൻ അവരുടെ കൗദാശികജീവിതത്തെ സ്പർശിക്കുന്ന ചില നടപടികൾ സഭാധികാരികൾ സ്വീകരിക്കുവാൻ മുന്നോട്ടുവരേണ്ടതല്ലേ? ഇതത്ര എളുപ്പമുള്ള സംഗതിയല്ല. ഒന്നാമതു് പണക്കാരുടെ സ്വാധീനശക്തി വളരെ വലുതായതുകൊണ്ട് അവരുടെ എതിർപ്പിനും ശക്തികൂടും. രണ്ടാമതു്, എവിടെയാണ് ഇതിൻെറയെല്ലാം അതിർത്തിരേഖകൾ നിർണ്ണയിക്കുക?

പാവപ്പെട്ട സഹോദരനെ സഹായിക്കാത്തവൻ ഘനമായ പാപത്തിലും മരണത്തിൻെറ നിഴലിലുമാണ് സ്ഥിതിചെയ്യുന്നതു്. അഖിലലോക ദിവ്യകാരുണ്യകോൺഗ്രസ്സിനു് ഭാരതവും ലോകവും അണിഞ്ഞൊരുങ്ങിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതു്. ദിവ്യകാരുണ്യത്തോടുള്ള നമ്മുടെ ഭക്തിയെപ്പററി ചിന്തിക്കുമ്പോൾ, കുറേ മുൻപ്, "മേരിവിജയ"ത്തിൽതന്നെ ശ്രീ. ജോസഫ് ചാക്കോ എഴുതിയ "വി. കർബ്ബാനയിലെ വിപ്ലവം" എന്ന ലേഖനത്തിലെ ഒരു ഭാഗം ഓർമ്മവരികയാണ്: "വി. കുർബ്ബാനയിൽ എഴുന്നള്ളിയിരിക്കുന്ന ക്രിസ്തുവിനെ ബഹുമാനിക്കുവാൻ കത്തോലിക്കർ തയ്യാറാണ്: എന്നാൽ, തൻെറ പാവപ്പെട്ട സഹോദരനിൽ സ്ഥിതിചെയ്യുന്ന ക്രിസ്തുവിനെ ബഹുമാനിക്കുവാനും സ്നേഹിക്കുവാനും അവർ തയ്യാറാകുന്നില്ല!"

*പുസ്തകാഭിപ്രായം:*

## യുവക്രൈസ്തവതൊഴിലാളികൾ

ഗ്രന്ഥകർത്താവ്: റവ. തോമസ് ജോസഫ്. വിവർത്തകൻ: എം. ജെ. തേക്കനാൽ. വിതരണം: ഫോർവേർഡ് ബുക്സ്റ്റാൾ, മൂവാററുപുഴ. പേജ് –176. വില– 2 രൂപ.

ക്രിസ്തുദേവൻെറ ത്യാഗസുരഭിലമായ ജീവിതസരണിയിൽ അടിയുറച്ചു വിശ്വസിച്ച് അവിടത്തെ അഭിലാഷങ്ങളെ പ്രവൃത്തിപഥത്തിലെത്തിക്കുവാൻ അഹോരാത്രം പരിശ്രമിക്കുന്ന കത്തോലിക്കാതൊഴിലാളി യുവജനസംഘടനയാണ്—Y.C.W. ഇതിനകം 12 ലക്ഷത്തിൽപരം കത്തോലിക്കർ ഇതിലെ അംഗങ്ങളായി പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു.

കേരളത്തിലെ കത്തോലിക്കാ തൊഴിലാളികൾ ഒന്നിച്ച് സംഘടിക്കേണ്ട കാലം വൈകിയിരിക്കുന്നു. ഇന്ന് അവർ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ ശിക്ഷണത്തിലുള്ള തൊഴിലാളിപ്രസ്ഥാനവുമായി ബന്ധപ്പെട്ടിട്ടുണ്ടായിരിക്കും. എന്നാൽ അത്തരം സംഘടനകൾക്ക് സത്യത്തെമാത്രം മുറുകെപ്പിടിച്ച് ബഹുമുഖമായ തൊഴിലാളിപ്രശ്നങ്ങളോടേററുമുട്ടാൻ കഴിയുകയില്ല. രാഷ്ട്രീയപ്പാർട്ടികൾ പ്രശ്നപരിഹാരത്തിനൊരുങ്ങുമ്പോൾ പല കുതന്ത്രങ്ങളും കുതികാൽവെട്ടലുകളും നടക്കും. അവ ഒന്നുമില്ലാതെ ഭീമമായ പ്രശ്നങ്ങൾക്ക് സമർത്ഥമായും ഫലപ്രദമായും പരിഹാരം കാണുന്ന പ്രായോഗികജ്ഞാനം Y.C.W. എന്ന അഖിലലോക സംഘടനയിൽനിന്നും ലഭ്യമാണ്.

യുവക്രൈസ്തവ തൊഴിലാളി സംഘടനയുടെ പ്രവർത്തനപദ്ധതികളെ ലളിതമായും വളരെ വിശദമായും ഈ കൊച്ചുപുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. ഈ മഹാപ്രസ്ഥാനത്തെപ്പററി ഈ പുതിയ ഗ്രന്ഥവുമായ് മുന്നോട്ടു വന്ന റവ. തോമസ് ജോസഫ് ഒരിക്കലും ഒരു പാഴ്‌വേലയല്ല ചെയ്തിരിക്കുന്നത്. ബൃഹത്തായ ഒരു പ്രസ്ഥാനത്തെകുറിച്ച് എത്രയധികം പറഞ്ഞാലും ഒരധികപ്പററാവില്ലല്ലോ. മൂലഗ്രന്ഥകാരനും പരിഭാഷകനും അഭിനന്ദനമർഹിക്കുന്നു. യുവക്രൈസ്തവ തൊഴിലാളികൾ—എന്ന പേരു കേൾക്കുമ്പോൾതന്നെ അതിനകത്ത് അടങ്ങിയിരിക്കുന്നതെന്താണെന്നറിയാൻ ആർക്കും ജിജ്ഞാസയുണ്ടാകും. പുസ്തകം വായിച്ചു തീരുമ്പോൾ വളരെയധികം പഠിക്കാനും കഴിയും. ഇന്നത്തെ പരിതസ്ഥിതിയിൽ കത്തോലിക്കർ വിശിഷ്യാ തൊഴിലാളികൾ വായിച്ചറിഞ്ഞിരിക്കേണ്ട ഒരു പുസ്തകമെന്ന് ഇതിനെ വിശേഷിപ്പിക്കാതെ വയ്യാ.

— ജോസഫ് വട്ടോലി


**ആഗസ്റ്റ് 15-ാം തീയതി പ്രസിദ്ധീകരണം ആരംഭിക്കുന്നു—**

### "സ്വർഗ്ഗരാജ്യം"

(വാരിക)

*ചീഫ് എഡിററർ:* **അരിമ്പൂർ പാപ്പച്ചൻ**
*മാനേജിംഗ് എഡിററർ:* **A. M. I. തിരൂർ**

കേരളത്തിലെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ ലേഖനങ്ങൾ, ചെറുകഥകൾ, നീണ്ടകഥകൾ, ഹാസ്യകഥകൾ....എന്നിവ. കൂടാതെ,

സിനിമാ–നാടകരംഗത്തെ വാർത്തകളും വിമർശനങ്ങളും

*മററു ചില സ്ഥിരം പംക്തികൾ....*

വില: 15 പൈസ.

വാർഷികവരിസംഖ്യ (തപാൽമാർഗ്ഗം): 8–50

*ഏജൻസി വ്യവസ്ഥകൾക്കും മററും എഴുതുക:—*

മാനേജർ,

"സ്വർഗ്ഗരാജ്യം" വാരിക,

തൃശ്ശൂർ–1.


അച്ഛൻ: "മോനേ, നീ രണ്ടുകൊല്ലമായല്ലൊ തോല്ക്കുന്നു. ഇക്കൊല്ലം ജയിച്ചാൽ ഒരു സൈക്കിൾ വാങ്ങിത്തരാം."

രണ്ടുദിവസം കഴിഞ്ഞ് അച്ഛൻ വീണ്ടും മകനോട്: "എടാ ചെറുക്കാ, നീ ഒന്നും പഠിക്കുന്നകാണുന്നില്ലല്ലൊ. പിന്നെങ്ങനെയാ സൈക്കിൾ കിട്ടുന്നതു്?"

മകൻ: "അച്ഛാ, ഞാനിപ്പോൾ സൈക്കിൾചവിട്ടു പഠിക്കുകയാണ്."



# സൊഡാലിററിവാർത്തകൾ

★

**മരത്താക്കര:** 21_6_'64ൽ സൊഡാലിററിയുടെ ഒരു അസാധാരണയോഗം റവ. ഫാദർ ആൻറണി പറോകാരൻെറ അദ്ധ്യക്ഷതയിൽ ചേരുകയും '64_'65 ലേയ്ക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. പ്രീഫക്റ്റ്മാർ: ടി. ഡി. ജോസഫ്, ടി. എ. സിസിലി; സെക്രട്ടറിമാർ: എം. എൽ. ജോണി, കെ. സി. ജോസഫീന; ഖജാൻജിമാർ: സി. എ. ഔസേപ്പ്, സി. എ. ആനി; ലൈബ്രേറിയന്മാർ: എം. എൽ. ജോസഫ്, സി. എ. റെജീന.

**ഇരിഞ്ഞാലക്കുട:** 14_6_64ൽ റവ. ഫാദർ ജോസഫ് പുതുശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ച് സൊഡാലിററിയുടെ സീനിയർ വിഭാഗം രൂപീകരിക്കുകയും ഭാരവാഹികളായി പി. എസ്. വർഗ്ഗീസ്, എൻ. എ. ആൻറണി, പി. വി. വർഗ്ഗീസ്, ഒ. എ. ആൻറണി എന്നിവരെ യഥാക്രമം പ്രീഫെക്റ്റ്, സെക്രട്ടറി, ഖജാൻജി, ലൈബ്രേറിയൻ എന്നീ സ്ഥാനങ്ങളിലേയ്ക്കു തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

**ചുള്ളിക്കൽ:** 5_6_'64_ൽ സൊഡാലിററിയുടേയും മററു ഭക്തസംഘടനകളുടേയും ആഭിമുഖ്യത്തിൽ പാപ്പാദിനം സമുചിതമായി കൊണ്ടാടി. റവ. ഫാദർ ജോർജ്ജ് വെളിപ്പറമ്പിൽ ബി. ഡി., ബി. എഡ്. സമ്മേളനം ഉൽഘാടനംചെയ്യുകയും റവ. ഫാദർ റാഫേൽ മഞ്ഞിലക്കാട്ട് ബി. എ., ബി. എഡ്. അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. റവ. ഫാദർ ജോസഫ് പൊള്ളയിൽ, ശ്രീ. എൻ. ആർ. സേവ്യർ, കുമാരി ടി. എസ്. സെലിൻ എന്നിവർ പ്രസംഗിച്ചു. ശ്രീ. പി. എക്സ്. ജോസി സ്വാഗതവും, കുമാരി എ. ആർ. റോസിലി കൃതജ്ഞതയും പറഞ്ഞു. യോഗത്തിൽ കുമാരി ഒ. ടി. ക്ലാരമ്മ ബി. എസ്സി & പാർട്ടിയുടെ ഗാനാലാപങ്ങൾ ഉണ്ടായിരുന്നു.

**എരവിമംഗലം:** 19_7_1964 മരിയൻ സൊഡാലിററിയുടെ പുതിയ ഭാരവാഹികളെ, റവ. ബ്രദർ അഗസ്റ്റിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ച്, തെരഞ്ഞെടുത്തിരിക്കുന്നു. പ്രീഫെക്ററമാർ: എം. എൽ. ഫ്രാൻസിസ്, സി. വി. റോസിലി; സെക്രട്ടറിമാർ: എം. പി ജോണി, എം. എൽ. ആനി; ഖജാൻജിമാർ: കെ. ജെ. ബേബി, കെ. ടി. മേരി.


**എടത്തുരുത്തി:** 11-5-'64. മരിയാസഖ്യത്തിൻെറ 30_ാം വാഷികവും, അഖിലലോക മരിയൻ സൊഡാലിററിയുടെ 4-ാം ശതവാഷികവും മേയ് 10നു് പള്ളിയങ്കണത്തിൽ വച്ച്, റവ. ഫാ. സിറിയക്ക് മേനാച്ചേരി B. A. അവർകളുടെ ആദ്ധ്യക്ഷ്യത്തിൽ ആഘോഷിച്ചിരിക്കുന്നു. സമ്മേളനത്തിൽ ശ്രീ. പോൾ പൊറത്തൂർ പ്രസംഗിച്ചു. ഡയറക്ററർ റവ ഫാ. അബ്രാഹം കിഴക്കുടൻ സ്വാഗതവും, സെക്രട്ടറി സി. ഐ. ജോസ് കൃതജ്ഞതയും പറഞ്ഞു. ഇടയ്ക്കിടെ പെൺകുട്ടികളുടെ കലാപ്രകടനങ്ങളും, സമ്മേളനാനന്തരം, ശ്രീ. സി. എൽ. ജോസിൻെറ "തീ പിടിച്ച ആത്മാവ്" എന്ന സാമൂഹ്യസംഗീതനാടകവും ഉണ്ടായിരുന്നു.

**ഒല്ലൂർ:** ബാലികാബാല മരിയൻ സൊഡാലിററികളുടെ സംയുക്തവാഷികം റവ. ജി. സി. വാഴൂരിൻെറ മഹനീയാദ്ധ്യക്ഷതയിൽ കൊണ്ടാടി. റവ. ഫാദർ ജെ. എടാട്ടുകാരൻ സ്വാഗതവും റവ. ഫാദർ ജെ. കവലക്കാട്ട് നന്ദിയും പറഞ്ഞു. യോഗാനന്തരം "തീ പിടിച്ച ആത്മാവ്" എന്ന നാടകവും ഉണ്ടായിരുന്നു.

സൊഡാലിററി ബാലവിഭാഗത്തിൻെറ പുതിയ ഭാരവാഹികളായി എം. ഡി. ജോർജ്ജ്, എം. ജെ. പോളി, എം. കെ. ആൻേറാ, ഇ. ജെ. ജോൺ, എം. എ. കുഞ്ഞിപ്പൊറിയ എന്നിവരെ യഥാക്രമം പ്രീഫെക്റ്റ്, അസി. പ്രീഫെക്റ്റ്, സെക്രട്ടറി, അസി. സെക്രട്ടറി, ഖജാൻജി എന്നീ സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുത്തു. ബുക്ക്സ്റ്റാൾ നടത്തിപ്പിലേയ്ക്കു് ജെ. എഫ്. പൊറത്തൂർ കൺവീനറായുള്ള ഒരു ഏഴംഗക്കമ്മററിയെ തെരഞ്ഞെടുത്തു.

സൊഡാലിററി ബാലികാബാലവിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ തുടങ്ങിയിരിക്കുന്ന "മരിയൻ ശബ്ദം" എന്ന കൈയെഴുത്തുമാസികയുടെ പുതിയ പത്രാധിപസമിതിയേയും തെരഞ്ഞെടുക്കുകയുണ്ടായി.

**സെൻറ് മേരീസ് സൊഡാലിററി, മണിക്കടവ്.**



# സ്വാതന്ത്ര്യത്തിന്റെ നാട്ടിലേയ്ക്കു്

— യേശുദാസ് —

ഈ യുഗം സ്വാതന്ത്ര്യത്തിന്റെ യുഗമാണെന്നു പറയപ്പെടുന്നു. രാഷ്ട്രീയമേൽക്കോയ്മകളിൽ നിന്നുള്ള വിമോചനമാണോ ഈ സ്വാതന്ത്ര്യം? മൗലികാവകാശങ്ങളുടെ അംഗീകാരമാണോ ഈ സ്വാതന്ത്ര്യം? ഈ യുഗത്തിന്റെ പ്രബുദ്ധതയും ഈ യുഗത്തിന്റെ സ്വാതന്ത്ര്യവും കേവലം ബാഹ്യമായ ഈ അടിസ്ഥാനത്തിലാണെങ്കിൽ, ഈ യുഗം തികച്ചും പ്രബുദ്ധമായിട്ടില്ല, തികച്ചും സ്വതന്ത്രമായിട്ടില്ല. യഥാർത്ഥവും പൂർണ്ണവുമായ അർത്ഥത്തിൽ ഈ യുഗം സ്വാതന്ത്ര്യത്തിന്റെ യുഗം അല്ല. അങ്ങനെയൊരു സുഭഗയുഗം പിറന്നുവീഴേണ്ടിയിരിക്കുന്നു.

എന്താണു് ഈ പൂർണ്ണവും യഥാർത്ഥവുമായ സ്വാതന്ത്ര്യം? തെരഞ്ഞെടുക്കാനുള്ള കഴിവിനെയാണു് സ്വാതന്ത്ര്യം എന്നു പറയുന്നതെങ്കിൽ, ആ കഴിവു് എല്ലാ രംഗത്തും കൈവരണം. ഭൗതികരംഗത്തും അതിനേക്കാൾ പ്രധാനമായി ആദ്ധ്യാത്മികരംഗത്തും ഈ കഴിവു കൈവന്നാൽ മാത്രമേ, മനുഷ്യൻ പൂർണ്ണവും യഥാർത്ഥവുമായ അർത്ഥത്തിൽ സ്വതന്ത്രനാകൂ. ആരാണു തങ്ങളെ ഭരിക്കേണ്ടതെന്നും, എങ്ങനെയാണു്, എന്തിനുവേണ്ടിയാണു് ഭരിക്കേണ്ടതെന്നും നിശ്ചയിക്കുവാനും, വേണ്ടിവന്നാൽ, ആ നിശ്ചയം മാറുവാനും അതിൽ ഭേദഗതികൾ വരുത്തുവാനും സാധ്യത കൈവന്നാൽ മനുഷ്യൻ രാഷ്ട്രീയമായി സ്വതന്ത്രനാണു് എന്നു പറയാം. ആദ്ധ്യാത്മികരംഗത്തെ സ്വാതന്ത്ര്യം വ്യത്യസ്തമാണു്. തങ്ങൾ വിശ്വസിക്കേണ്ടതെന്തെന്നും ജീവിക്കേണ്ടതെങ്ങനെയെന്നും സ്വന്തമായി നിശ്ചയിക്കുവാൻ സാധ്യമല്ല. കാരണം, മനുഷ്യനെ സൃഷ്ടിച്ച ശക്തിക്കു മാത്രമേ മനുഷ്യന്റെ ജീവിതലക്ഷ്യം നിശ്ചയിക്കുവാൻ അധികാരമുള്ളൂ. ആ ലക്ഷ്യം പ്രാപിക്കുവാൻ ഏതേതു മാർഗ്ഗങ്ങൾ, ഏതേതു ജീവിതരീതികളാണു് ആവശ്യം എന്നതും ആ ലക്ഷ്യനിർണ്ണയത്തോടൊപ്പംതന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആ നിശ്ചയങ്ങൾ അനുസരിക്കുന്നതിലാണു് ആദ്ധ്യാത്മികരംഗത്തെ സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നതു്. ഈ അനുസരണവും സ്വാതന്ത്ര്യവും പരസ്പരവിരുദ്ധങ്ങളല്ല. ഒരു നിശ്ചിതമാർഗ്ഗത്തിലൂടെ മാത്രമേ ഒരു നിശ്ചിതലക്ഷ്യം പ്രാപിക്കുവാൻ സാദ്ധ്യമാകുവെങ്കിൽ, ആ നിശ്ചിതമാർഗ്ഗങ്ങൾ സ്വീകരിക്കുക, അതിൽനിന്നു വ്യതിചലിക്കാതിരിക്കുക, എന്നു പറയുമ്പോൾ അതു സ്വാതന്ത്ര്യത്തെ തടയുകയാണോ? "ആററിൽ വീഴാതിരിക്കാൻ, ഉയരത്തിൽനിന്നു വീണു തകരാതിരിക്കാൻ "മകനേ, മകളേ ഇതിലേ പോകൂ" എന്നു് ഒരു പിതാവു് കല്പിച്ചാൽ യഥാർത്ഥത്തിൽ ആ കല്പന സ്വാതന്ത്ര്യധ്വംസകമാണോ? ആദ്ധ്യാത്മികരംഗത്തു് മനുഷ്യൻ ഒരു കുട്ടിയും ദൈവം പിതാവുമാണു്. ആകയാൽ ദൈവത്തിന്റെ മാർഗ്ഗദർശനം മനുഷ്യാധികാരികളിലൂടെ നല്കപ്പെടുന്നതിനെ സ്വീകരിക്കുക, അങ്ങനെ ദൈവേഷ്ടം നിറവേററുക, അതാണു് ആദ്ധ്യാത്മികസ്വാതന്ത്ര്യത്തിലേയ്ക്കുള്ള കവാടം.

ദൈവേഷ്ടം നിറവേററുവാനുള്ള ദാഹം സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ആത്മാവിന്റെ ദാഹമാണു്. ശരീരം ആത്മാവിന്റെ മേൽ അധികാരം നടത്തുന്ന ക്രമരഹിതമായ ഒരു നിലപാടിൽ ആത്മാവിന്റെ ഈ ദാഹശമനം സാധ്യമല്ല. എന്താണു്, ആത്മാവിനെ ശരീരവിധേയമാക്കുന്ന ആ ശക്തി? നിശ്ചയമായും ദൈവത്തിനെതിരേ സമരപ്രവണമായ ഒരു ശക്തിയായിരിക്കണം അതു്. എങ്കിൽ, അതു പൈശാചികശക്തിയാണു്. ആത്മാവിന്റെ സ്വാതന്ത്ര്യത്തിനു വിലങ്ങിട്ടു്, ശരീരത്തിന്റെ താന്തോന്നിത്തത്തിനു് അടിയറവയ്ക്കുന്ന പാപമാണു് ആ പൈശാചികശക്തി. ഈ വിലങ്ങിടലിനു് എതിരായി, പാപത്തിന്റെ സകല പ്രവണതകൾക്കും എതിരായി, ആത്മാവു നടത്തുന്ന സമരമാണു് ആദ്ധ്യാത്മികസമരം.

മനുഷ്യനും പിശാചും തുല്യശക്തികളല്ല. ദൈവികമായ ശക്തി മനുഷ്യനെ സഹായിക്കാനില്ലെങ്കിൽ, ഈ സമരത്തിൽ മനുഷ്യൻ എളുപ്പം പരാജയപ്പെട്ടുപോകും. പറുദീസായിലാരംഭിച്ചതാണു് ഈ സമരം. ലോകാന്ത്യംവരെ അതു തുടരുകയും ചെയ്യും. ഒരു സ്ത്രീവഴിയാണു് പൈശാചികശക്തി സമരത്തിൽ ആദ്യവിജയം നേടിയതു്. ബലഹീനതകൾവഴി മനുഷ്യനെ പരാജയപ്പെടുത്തുകയാണു് ആ ദുഷ്ടശക്തിയുടെ നയം. തോന്ന്യാസജീവിതത്തിലേയ്ക്കു മനുഷ്യനെ നയിക്കുവാൻ സ്വാതന്ത്ര്യത്തിന്റെ പേരിൽ പിശാചു ശ്രമിക്കുന്നു. ഭയപ്പെടേണ്ട, ആരാധിക്കപ്പെടേണ്ട, കീഴ്വഴങ്ങപ്പെടേണ്ട ഒരു ശക്തിയുടെ — ദൈവത്തിന്റെ — അസ്തിത്വം നിഷേധിച്ചുകൊണ്ടു്, മനുഷ്യനെ തോന്ന്യാസജീവിതത്തിൽ നിർഭീതനാക്കുന്നു. മെററീരിയലിസം എന്ന ദുഷ്ടസിദ്ധാന്തം മനുഷ്യനിലൂടെയുള്ള പിശാചിന്റെ പ്രലോഭനായുധമാണു്.

ഈ സമരം ഒരു സ്വാതന്ത്ര്യസമരമാണു്: ശരീരം ആത്മാവിന്റെ മേൽ അധികാരം നടത്തുന്ന ക്രമരാഹിത്യം അവസാനിപ്പിക്കാൻ; ഭൗതികാശകൾ മനുഷ്യത്വ

ത്തിനു ചഞ്ചലയിട്ടുന്ന അക്രമത്തിനു അറുതി വരുത്താൻ; പ്രലോഭനങ്ങളുടെ തിരിച്ചടിയെ തടുത്തുനിറുത്താൻ; ബാഹ്യാചാരപ്രകടനാസക്തിയുടെ ഉപരിപ്ലവതയിൽനിന്നു് ആന്തരികതയുടെ ആഴത്തിലേയ്ക്കിറങ്ങുവാൻ.

ഓരോ മനുഷ്യനും തനിച്ചും കൂട്ടമായും പൊരുതേണ്ട ഒരു രംഗമാണിതു്. ബലഹീനതകളുടെ വെടിയുണ്ടകളേററ് ചിലപ്പോൾ വീണെന്നുവരാം. പ്രലോഭനങ്ങളുടെ കൊടുങ്കാററിൽ വലഞ്ഞെന്നുവരാം. പരാജയബോധം അസ്ഥികളിൽ നിസ്സഹായതയുടെ മഞ്ഞു പെയ്യുന്നുവരാം. അവിശ്വാസത്തിൻെറ അന്ധകാരം ആത്മീയനേത്രങ്ങളെ മൂടിക്കളഞ്ഞെന്നുവരാം. വിജയാപജയങ്ങൾ കുറിക്കുന്ന നിമിഷങ്ങളാണിവ.

ഈ സമരത്തിൽ മനുഷ്യനെ സഹായിക്കുവാനും നയിക്കുവാനും ഒരു ധീര നായികയുണ്ടു്: ക്രിസ്തുവിൻെറ വിമലജനനി. ജനനം മുതൽ അവൾ സ്വാതന്ത്ര്യയായിരുന്നു. ഭൗതികമോ പൈശാചികമോ ആയ ശക്തിയ്ക്കൊന്നിനും അവളുടെ ആത്മാവിനെ അടിപ്പെടുത്തുവാൻ കഴിഞ്ഞില്ല. പാപത്തിൻെറ മുമ്പിൽ മുട്ടു മടക്കുവാൻ അവൾ തയാറില്ല. നിരാശയ്ക്കവൾ അധീനയായില്ല. ആകുലതകൾ അവളെ കീഴ്പ്പെടുത്തിയില്ല. ദൈവത്തിൽ അവൾ ആശ്രയിച്ചു. ദൈവം അവളെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്തു. മരണത്തിൻെറ പരിണാമഫലങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടു് ദൈവശക്തിയുടെ 'ലിഫ്ട്ടി'ൽ അവൾ സ്വാതന്ത്ര്യത്തിൻെറ നാട്ടിലേയ്ക്കുയന്നു. ആകയാൽ, അവൾ സ്വാതന്ത്ര്യറാണിയാണു്. ദൈവം പിശാചിൻെറ തല തകക്കാൻ അവളെ നിയോഗിച്ചതിനാൽ, പിശാചിനെതിരായുള്ള സമരത്തിൽ അവൾ നമ്മുടെ നായികയാണു്. ക്രിസ്തു അവളെ മനുഷ്യവഗ്ഗത്തിനു മാതാവായിത്തന്നതിനാൽ അവൾ നമ്മുടെ അമ്മയാണു്. നമ്മുടെ സ്വാതന്ത്ര്യം, പാപത്തിൽനിന്നും പാപകരമായവയിൽനിന്നും ഉള്ള വിമോചനം, ആ അമ്മയുടെ സംരക്ഷണത്തിൽ നമുക്കു് എത്രയോ എളുപ്പമാണു്. സ്വാതന്ത്ര്യത്തിൻെറ നാട്ടിലേയ്ക്കു്, സമരത്തിലൂടെയുള്ള ഈ മുന്നേററത്തിൽ, അവൾ നമ്മുടെ ധീര നായികയായിരിക്കട്ടെ.

●

PHONE { 208 / 75 P.P.

പ്രസിദ്ധിയാർജ്ജിച്ച പ്രാവുമാർക്കു്

നല്ലെണ്ണ, ഉഴുന്നുമാവു്, കന്നുകാലിആഹാരം

മുതലായവ ഉപയോഗിപ്പിൻ.



DOVE BRAND

സി. എൽ. വി. ബ്രദേഴ്സ്

കച്ചവടം: തൃശ്ശൂർ_1. & കൊച്ചിൻ_2.

## സ്വാതന്ത്ര്യം അപകടത്തിലായിരിക്കുന്നു, നിങ്ങളുടെ സർവ്വശക്തിയുമുപയോഗിച്ച് അതു സംരക്ഷിക്കുവിൻ

— ജവഹർലാൽ നെഹ്റു



**ദേശരക്ഷയെന്ന നിങ്ങളുടെ ജോലി**

സ്വാതന്ത്ര്യസംരക്ഷണത്തിന്ന് നമ്മുടെ അങ്ങേയററത്തെ പരിശ്രമവും അച്ചടക്കവും ത്യാഗവും ആവശ്യമാണ് പതറാതെ പ്രയത്നിക്കുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്ന നിങ്ങൾ രാജ്യത്തിന്റെ പ്രതിരോധശക്തി കരുത്തുററതാക്കാൻ സഹായിക്കുന്നു.

**നിങ്ങളുടെ അച്ചടക്കം ഇന്ത്യയുടെ പോർച്ചട്ട**





# മഞ്ഞിലാസിന്റെ ആട്ടുമാക്ക്

## ശീലക്കുടകൾ

ഉപയോഗിക്കുക.

ആട്ടുമാക്ക് കുടകൾ എല്ലാ കച്ചവട ക്കാരിൽനിന്നും ലഭിക്കുന്നു.

*മിതമായ വിലയ്ക്ക് മികച്ച സേവനം*

**മഞ്ഞിലാസ് അമ്പ്രല്ലാ മാട്ട്**
**പോസ്റ്റ്ഓഫീസ്റോഡ് തൃശൂർ-1**

## അഞ്ചു പൈസ മാത്രം!

സൊഡാലിററിക്കാർ ഉപയോഗിക്കുന്ന
**"അമലോത്ഭവമാതാവിന്റെ ഒപ്പീസ്"**

*ഒററപ്രതി: 5 പൈസ. നൂറിനുമേൽ, നൂറുക്ക് 20· വീതം കമ്മീഷൻ. പോസ്റ്റേജ് പുറമേ.*

**യൂണിയൻ പ്രസ്സ്, മരിയാപുരം, തൃശ്ശൂർ – 5.**

# സൊഡാലിററി ഒപ്പീസ്

— റവ. ഫാദർ മാത്യു മങ്കുഴിക്കരി —

II

## ഒന്നാം യാമം

രാവിലെ ആറും ഒമ്പതും മണിക്കു മദ്ധ്യേ ചൊല്ലുവാനുള്ള പ്രാർത്ഥനാണിതു്. ഓരോ യാമത്തിന്റേയും ആരംഭത്തിലുള്ള പൊതുവായ പ്രാർത്ഥനകൾക്കു ശേഷം കീർത്തനങ്ങൾ ആരംഭിക്കുന്നു.

പ്രഭാതജപത്തിൽ പരി. മറിയത്തിന്റെ ദൈവമാതൃത്വം തുടങ്ങിയ വിവിധ മഹനീയസ്ഥാനങ്ങളെയാണല്ലോ പ്രകീർത്തിച്ചതു്. ഈ ഒന്നാം യാമത്തിലാകട്ടെ പ്രധാനമായി, മാതാവിന്റെ ആന്തരിക ഗുണവിശേഷങ്ങളെ എററുപറയുന്നു. പരി. കന്യക ലോകത്തിന്റെ സകല അശുദ്ധിയിൽനിന്നും സംരക്ഷിക്കപ്പെട്ടവളും ഭൂമിയിലേയ്ക്കു ജനിക്കുന്നതിനു മുമ്പുതന്നെ സ്വമാതാവിന്റെ ഉദരത്തിൽ പരിശുദ്ധയായിരുന്നവളുമാണെന്ന സത്യം ഇവിടെ അനുസ്മരിക്കുന്നു. മാത്രമല്ല അവൾ വിജ്ഞാനസമ്പന്നയും, ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടതും ഏഴു തൂണുകളാലും പീഠത്താലും അലംകൃതമായ ഭവനവുമാണെന്നു് പ്രസ്താവിക്കുന്നു. ദൈവപുത്രൻ തനിക്കായി നിർമ്മിച്ച ഭവനമാണല്ലൊ മാതാവു്. അവളെ പാപരഹിതയായി പ്രത്യേകം സംരക്ഷിച്ചു; പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങളായ ഏഴു തൂണുകൾകൊണ്ടു് ആ ഭവനത്തെ മനോഹരമാക്കി. ലോകരക്ഷയ്ക്കായി സ്വയം ബലിയർപ്പിക്കുന്ന ദൈവപുത്രനോടുകൂടി തന്നെയും ബലിയർപ്പിക്കുവാൻ സന്നദ്ധയായ മറിയത്തിന്റെ ഹൃദയം ബലിക്കായി സജ്ജീകരിച്ച ഒരു പീഠമായിത്തീരുകയും ചെയ്തു.

ഇപ്രകാരം പുണ്യപൂർണ്ണയായ മറിയം വിശുദ്ധന്മാർക്കു സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള വാതിലാകുന്നുവെന്നു് തുടർന്നു പ്രസ്താവിക്കുന്നു. യാക്കോബിന്റെ വംശത്തിൽ ജനിച്ച രക്ഷയുടെ നക്ഷത്രമായ ക്രിസ്തുനാഥനു മുമ്പേ ഉദയംചെയ്ത പ്രഭാതതാരവും അവൾതന്നെയാണു്. എല്ലാ മനുഷ്യരും പരി. അമ്മയുടെ സംരക്ഷണത്തിൽ ജീവിച്ചു് സ്വർഗ്ഗഭാഗ്യം പ്രാപിക്കേണ്ടതാണല്ലോ. മാലാഖാമാരുടെ രാജ്ഞിയായ അവൾ തന്റെ ദിവ്യശക്തി മുഴുവൻ നമുക്കുവേണ്ടി പ്രയോഗിക്കുമെന്നും കൂടി ഈ കീർത്തനത്തിൽ വ്യഞ്ജിപ്പിക്കുന്നുണ്ടു്.

ഒടുവിലായി മാതാവിന്റെ സ്വർഗ്ഗീയപ്രാഭവം ഉപരി വ്യക്തമാക്കിക്കൊണ്ടു് ഇങ്ങനെ പ്രാർത്ഥിക്കുന്നു: "യുദ്ധസന്നദ്ധമായ സൈന്യനിരയെപ്പോലെ പിശാചിനു ഭയം ജനിപ്പിക്കുന്നവളേ, നീ ക്രിസ്ത്യാനികളുടെ രക്ഷയും അഭയവുമായിരിക്കണമേ." അമലോത്ഭവയും പ്രസാദവരപൂർണ്ണയുമായ മറിയം പിശാചിന്റെ തല തകർത്തവളാണല്ലോ. ആകയാൽ മരിയമക്കൾ സാത്താനെ ഭയപ്പെടേണ്ടതില്ല; അവർ പ്രതാപവതിയായ ഈ അമ്മയെ അഭയംഗമിച്ചുകൊണ്ടാൽ മതി.

ഈ കീർത്തനത്തിലെ ആശയങ്ങളുടെ ഒരു സംഗ്രഹമായി, പരി. അമ്മയുടെ ആന്തരിക മഹിമാവിനെ വ്യക്തമാക്കിക്കൊണ്ടു് ഇങ്ങനെ ചൊല്ലി ഈ യാമം അവസാനിപ്പിക്കുന്നു: "സർവ്വേശ്വരൻ അവളെ പരിശുദ്ധാത്മാവിൽ സൃഷ്ടിച്ചു. അവിടുന്നു് അവളെ സകല സൃഷ്ടികളെക്കാൾ ഉയർത്തുകയും ചെയ്തു." സ്വർഗ്ഗീയവരദാതാവായ പരിശുദ്ധാത്മാവിന്റെ അമൂല്യദാനങ്ങൾ ജനനാൽപ്രഭൃതി സുലഭമായി പ്രാപിച്ചിരുന്ന പരി. കന്യക ഒരു സൃഷ്ടിക്കു കിട്ടാവുന്ന മഹത്വത്തിന്റെ പാരമ്യത്തിൽത്തന്നെ എത്തുകയുണ്ടായല്ലോ. അങ്ങനെ അവൾ എല്ലാ സൃഷ്ടികളുടേയും മകുടമായി പരിലസിക്കുന്നു. എന്നാൽ ഇതിനുള്ള നിദാനം ഐഹികനേട്ടങ്ങളൊന്നുമല്ലെന്നു മരിയസഖ്യാംഗങ്ങൾ ധരിച്ചിരിക്കേണ്ടതാണു്. പണത്തിന്റേയും പ്രതാപത്തിന്റേയും പേരിൽ, സംഗീതത്തിന്റേയും സാഹിത്യത്തിന്റേയും മറപിടിച്ചു് അനർഘമായ സുകൃതങ്ങൾ ബലികഴിച്ചുകൊണ്ടു് പലവിധ പാപകൃത്യങ്ങളിലേയ്ക്കു കടന്നുപോകുക എത്രയോ ബുദ്ധിഹീനമാണു്! നിരക്ഷരകുക്ഷിയും നിർദ്ധനയുമായിരുന്ന മരിയാ ഗൊരേററിയുടേയും പണ്ഡിതനും ധനികനുമായിരുന്ന തോമസ് മൂറിന്റേയും ജീവിതവിജയം എല്ലാവർക്കും മാതൃകയായിരിക്കട്ടെ. (തുടരും)

PHONE: 268 ESTD: 1924

**C. M. JOHN & SONS,**

*CHEMISTS & DRUGGISTS*

**TRICHUR-1.**

ചേറുപഴക്കാരൻ ജോൺ & സൺസ്.

# കൽപവൃക്ഷം

*(233_ൽനിന്നു തുടർച്ച)*

"ഉം, അതു വേണ്ടാരുന്നു."

"ഏതു്?"

"ഡോക്ടറെക്കണ്ടതു്."

"അതെന്താ?

അതിനു മറുപടിയില്ല. വീണ്ടും നിശ്ശബ്ദത.

"മത്തായിച്ചാ?"

"ഉം....."

"വിശക്കുന്നില്ലേ?"

"ഉം...."

"ഇതൊന്നു കുടിക്കു, ഗ്ളൂക്കോസാണു്."

"ചിന്നമ്മ അതിൽ വല്ലോം ചേർത്തോ?"

"പാൽ ചേർത്തു...."

"ഉം...." ഒരു നെടുനിശ്വാസം. അതിന്റെ അർത്ഥം ചിന്നമ്മയ്ക്കു തീരെ മനസ്സിലായില്ല.

അവൾ ഒരു ചെറിയ സ്പൂണിൽ കുറേശ്ശെ ഗ്ളൂക്കോസു് കോരിക്കൊടുത്തു. അനുസരണമുള്ള ഒരു കുട്ടിയെപ്പോലെ മത്തായിച്ചൻ കുടിച്ചു.

ദിവസങ്ങളും ആഴ്ചകളും നീങ്ങി. ചിന്നമ്മയുടെ സന്ദർശനം തുടർന്നുകൊണ്ടേയിരുന്നു. ആശുപത്രിജീവനക്കാരുടെയിടയിൽ അവൾക്കു നല്ല 'പടിപാട്'ണ്ടു്.

മത്തായിച്ചന്റെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടു. അവൻ എഴുന്നേററിരിക്കുകയും 'മുക്കാലി' കുത്തി കുറേശ്ശെ നടക്കുകയുംചെയ്തുതുടങ്ങി.

ചിന്നമ്മ എല്ലാത്തവണയും എന്തെങ്കിലും കൊണ്ടുവരാതിരിക്കയില്ല. മുണ്ടും ഷർട്ടും പുതപ്പും കമ്പിളിയുടുപ്പും മഫ്ളറുമെല്ലാം അവളുടെ സമ്മാനങ്ങളാണു്. അതിനും പുറമേ ഓറഞ്ചും ബിസ്കറവും മധുരപലഹാരങ്ങളുമെല്ലാം അവൾ കൊണ്ടുവരും. അവന്റെ ആശുപത്രിജീവിതം അരോചകമാകാതിരിക്കാൻ അവൾ കിണഞ്ഞുപരിശ്രമിക്കുന്നു. സ്നേഹമയിയായ ഒരമ്മയെപ്പോലെ; അല്ലെങ്കിൽ ഒരു ചേച്ചിയെപ്പോലെ. അല്ലെങ്കിൽ........

അവൾ ആരാണു്? ചെരുപ്പുക്കാരെയും ഉദ്യോഗസ്ഥന്മാരെന്നു പറയുന്ന കുറെ "വെള്ളാന"കളേയും പമ്പരവിഡ്ഢികളാക്കി വട്ടംകറക്കുന്ന ആ മിടുമിടുക്കിപ്പെണ്ണു് അവന്റെ ആരാണു്?.... ഉത്തരം കിട്ടാത്ത ആ ചോദ്യം അന്തരംഗത്തിൽ അങ്ങനെ വണ്ണപ്പൊലിമയോടെ തിളങ്ങിനില്ക്കുന്നു.

"സുഖമുണ്ടോ മത്തായിക്കു്?" ഒരു ദിവസം അവൾ ചോദിച്ചു.

"ഉം."

"തലയുടെ വേദന കുറഞ്ഞോ?"

"ഉം."

"കാൽ മത്തായിച്ചന്റേതുതന്നെയായോ?"

"ഉം." അവൻ പുഞ്ചിരിതൂകി. രോഗശയ്യയിൽ വച്ചുപോലും അവൾ കളിയാക്കാൻ വന്നിരിക്കുന്നു!

"ഇപ്പോൾ എവിടെയാണു് വേദന?"

"മനസ്സിൽ...."

"അതു മാററാനെന്തു ചെയ്യണം?"

"വീട്ടിൽപ്പോകണം."

"ഞാൻ കൊണ്ടുപോകാം."

"ചിന്നമ്മയുടെ വീട്ടിലല്ല; എന്റെ വീട്ടിൽ."

ചിന്നമ്മ അതിനു മറുപടി പറഞ്ഞില്ല. അവൾ ആരോടെങ്കിലും ഉത്തരം പറയാതിരിക്കുക ആയുസ്സിൽ ആദ്യമായിട്ടാണു്. ഏതു ഗജഗംഭീരനേയും വാക്കിനു വാക്കുകൊണ്ടു താഴെയിരുത്തുവാൻ അവൾക്കു കഴിയും.

മത്തായിച്ചൻ പറയുന്നു, ചിന്നമ്മയുടെ വീട്ടിലേയ്ക്കല്ല അവന്റെ വീട്ടിലേയ്ക്കു പോകണമെന്നു്. അവളുടെ വീടും, അവന്റെ വീടും. അതു രണ്ടും ഒന്നായിക്കൂടെ? മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത ഒരു ചിന്തയാണതു്. ഋദുലമായ അത്തരം വികാരങ്ങൾ ഒരു മലനാടൻ പെണ്ണിനു പാടില്ല. അവൾ തികച്ചും പരുഷഹൃദയയായിരിക്കണം. തനിക്കുതാൻപോരുന്ന മട്ടിൽ കട്ടായമായി പെരുമാറണം. ജീവിതം അവളെ പഠിപ്പിച്ച തത്വശാസ്ത്രമാണതു്.

ഒരാഴ്ചകൂടെ കഴിഞ്ഞപ്പോൾ മത്തായിച്ചൻ ആശുപത്രിയിൽനിന്നും ചിന്നമ്മയുടെ വീട്ടിലേയ്ക്കു പോയി. അതിനു് അവനത്ര മനസ്സില്ലായിരുന്നു. പക്ഷെ അവൾ കൊണ്ടുപോയി; എന്തിനെന്നും എങ്ങനെയെന്നും അവനറിഞ്ഞുകൂടാ.

പക്ഷെ ഇപ്പോൾ അവൾ പഴയ ചിന്നമ്മയല്ല. പണിയെടുപ്പിക്കുന്ന ആ പഴഞ്ചൻ മുതലാളിത്തമനസ്ഥിതി അവൾ എവിടെയോ ഒളിച്ചുവച്ചിരിക്കുന്നു. ഒരു നല്ല ചേച്ചിയെപ്പോലെ അവൾ അവനെ പരിചരിച്ചു. അവളുടെ അമ്മയും പരുഷമായിട്ടല്ല പെരുമാറുന്നതു്. ഒരു രോഗാതുരനു സ്വഭവനത്തിൽ കിട്ടാവുന്ന സുഖവും സംതൃപ്തിയും അവനവിടെയുണ്ടു്; എന്നാലും കടപ്പാടുകൾ കുമിഞ്ഞുകൂടുകയാണു്. എന്നാണു് ഇതെല്ലാം തിരിച്ചുകൊടുക്കുക? അന്യരിൽനിന്നു് അനർഹമായി കിട്ടുന്ന ആനുകൂല്യങ്ങൾ അന്തരംഗത്തിൽ ആഞ്ഞിറങ്ങുമ്പോൾ പറയാനാവാത്ത ഒരു നൊമ്പരം.

ഏകാന്തമായ വിനാഴികകളും നാഴികകളും കൂടെക്കൂടെ അവരുടെ മുമ്പിൽ വന്നുനിന്നു താളംചവിട്ടി. ചിന്നമ്മ മത്തായിച്ചന്റെ മുമ്പിൽ സേവനത്തിന്റേയും സ്നേഹത്തിന്റേയും ഒരു ദീപശിഖയാണു്. അവന്റെ ഹൃദയത്തിലെ രഹസ്യങ്ങളുടെ കലവറയിലേയ്ക്കു അതു വെളിച്ചം വീശി. ഭൂതകാലജീവിതത്തിന്റെ ചുരുളുകൾ അവനറിയാതെതന്നെ അവളുടെ മുമ്പിൽ അഴിഞ്ഞുവീണു. അതിൽ നേട്ടങ്ങളൊന്നുമില്ല; കേവലം കോട്ടങ്ങളുടെ കൂമ്പാരംമാത്രം.

ചിന്നമ്മയ്ക്കു് എല്ലാം മനസ്സിലായി. സംഗ്രഹിക്കുകയല്ലാതെ ഒന്നും ചിതറിക്കുക അവളുടെ സ്വഭാവ

മല്ല. മുക്കണ്ണനങ്ങത്തയുടെ കിങ്കരനായി തന്റെ അനിയത്തിയുടെ മൃതദേഹം ചുമന്നുകൊണ്ടുപോയി വനത്തിൽ കെട്ടിത്തൂക്കിയതു മത്തായിച്ചനാണ്; അയാൾക്കുവേണ്ടി തന്റെ കാപ്പിപ്പാത്രത്തിൽ വിഷം കലക്കിയതും അവൻതന്നെ. പക്ഷെ അക്കാര്യത്തിൽ അവൻ അങ്ങത്തയെ തിരിച്ചടിച്ചു. അവന്റെ ബുദ്ധിയും പൗരുഷവും വിജയിച്ചിരിക്കുന്നു.

'അങ്ങത്ത' ഇപ്പോൾ ഭൂമുഖത്തില്ല. മഹസ്സർ തയ്യാറാക്കിയ ഉദ്യോഗസ്ഥന്മാർ 'ആത്മഹത്യ' എന്നു വിധിയെഴുതി. തന്റെ അനിയത്തിയും "ആത്മഹത്യ" ചെയ്യുന്നു് അധികൃതമായി പ്രസ്താവിക്കപ്പെട്ടതാണ്. തെളിവുകൾ മറയ്ക്കാം; പക്ഷേ നിയതിയുടെ തിരിച്ചടി അലംഘനീയമാണ്.

മത്തായിച്ചനോട്ട് അവൾക്കു വെറുപ്പു തോന്നിയില്ല. സഹതാപംമാത്രം. അങ്ങകലെ ജയിൽശിക്ഷ അനുഭവിക്കുന്ന ക്ലാരച്ചേടത്തിയെ അവൾ അനുസ്മരിച്ചു. അമ്മയുടെ സ്നേഹത്തിനു മകനുവേണ്ടി ത്യജിക്കാനാവാത്തതായി യാതൊന്നുമില്ല. മാതൃത്വം മനുഷ്യന്റെ മഹത്തമമായ കൈവല്യമാണ്; സ്ത്രീത്വത്തിന്റെ വെന്നിക്കൊടിയും!

---

**അടുത്ത ലക്കത്തിൽ**

## പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ

**കഥ തുടരുന്നു**

---


**ഉപകാരസ്മരണ**

*നിത്യസഹായമാതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.*

F. C.



കല്യാണസാരികൾക്കു്

വെള്ളാനിക്കാരൻസ്

മോഡേൺ

ഫേബ്രിക്സ്

PHONE 90

ചാലക്കുടി


---

*കുട്ടികൾക്കൊരു കുഞ്ഞിപ്പാട്ടു്*

# പാപി പശ്ചാത്തപിക്കുന്നു

("അദ്ധ്വാനിക്കുന്നവർക്കും..........." പോലെ)

ഈശോയെ, നിന്നെയേവം
ക്രൂശിച്ചതീ ഞാനല്ലോ
നാഥാ, എൻ പാപങ്ങൾ താൻ
ആണികളായി മാറി.
കണ്ണുനീർച്ചാലുണ്ടല്ലോ
നിന്മുഖത്തയ്യോ! കാണ്മൂ,
ഞാനതിൻ ഹേതുവായി
പാപങ്ങൾ ചെയ്തുപോയി,
വേദനിപ്പിച്ചു, നിന്റെ
ചോര ചൊരിഞ്ഞു ഞാനും
കൊള്ളിവാക്കോതിയങ്ങേ
മുൾമുടിയും ചമച്ചു.
ഓർത്തുകരഞ്ഞിടുന്നേൻ
തീർത്തരുൾ പാപങ്ങൾ നീ,
ആർത്തരെ കാത്തിടുന്ന
കർത്താവേ, കൈതൊഴുന്നേൻ.
അയ്യയ്യോ! ചോരത്തുള്ളി
മെയ്യതിൽ കാണുന്നല്ലോ
ഈ നിണം ചിന്തിയതും
ഞാനാണേ, നീ ക്ഷമിക്കു.
ആഹാ! നിൻ ദേഹമെല്ലാം
ആരു മുറിപ്പെടുത്തി?
നാഥാ, എൻ നീചതതാൻ
കാരണമായതാണോ?
കഷ്ടമേ, ഞാനീവിധം
ദുഷ്ടത ചെയ്ത പാപി!
തീർച്ചയായ് മേലിലങ്ങേ
തെല്ലും ദ്രോഹിക്കയില്ലേ.
നിന്നെ വ്രണപ്പെടുത്തി,
ചോര ചൊരിഞ്ഞ നീച-
ച്ചെന്നായയായ്ത്തീർന്നതോർത്തു
എന്നും കരഞ്ഞീടും ഞാൻ.
ആപത്തിന്നാഴങ്ങളിൽ
വിണ്ണടിയാതെയെന്നെ
നായകാ, നീ കടാക്ഷം
തൂകി രക്ഷിക്കേണമേ!
ഏതും കഴിവുകേടാൽ
പാതകം ചെയ്തുപോയ
ഈ മഹാപാപിയെന്നിൽ
നീ കനിഞ്ഞീടണമേ!
ധിക്കാരമല്ല നാഥാ,
ശക്തിക്കുറവതാണേ
തൃക്കരം നീട്ടുകിൽ ഞാൻ
ശക്തനായ്ത്തീർന്നിടുമേ.

— വർഗ്ഗീസ് മാളിയേയ്ക്കൽ

# പലതിൽ ചിലത്

— ജോസ് തൈയ്യാട്ടിൽ —

എല്ലാക്കാലത്തും, സുഖമനുഭവിക്കുന്ന ഒരു വിഭാഗവും, സുഖിയന്മാക്ക് ഒരുക്കിക്കൊടുക്കുന്നതിനു മാത്രം കഷ്ടതകൾ അനുഭവിക്കുന്ന മറ്റൊരു വിഭാഗവും ഉണ്ടായിരുന്നിട്ടുണ്ട്. ഒരു കാലത്ത് അടിമത്തം നിലവിലുണ്ടായിരുന്നു. ഇന്നും അതിന്റെ അവശിഷ്ടങ്ങൾ ഉണ്ടത്രെ! നമ്മുടെ നാട്ടിൽത്തന്നെ, അടിമത്തത്തേക്കാൾ വൃത്തികെട്ടതും വികൃതവുമായ ഒരു സാമുദായികാചാരമായിരുന്നു അയിത്തം. അതിനെതിരായുള്ള ഭരണഘടനയുടെ പരിരക്ഷണം ഉണ്ടായിരുന്നിട്ടും അപരിഷ്കൃതമായ അയിത്താചാരം വേരറ്റുപോയിട്ടില്ല. പുരോഗതിയുടേയും സംസ്കാരത്തിന്റേയും ഉച്ചിയിൽ വിഹരിക്കുന്ന അമേരിക്കയിൽപോലും 'നിറ'വ്യത്യാസം മനുഷ്യാവകാശങ്ങളെ ചവിട്ടിമെതിക്കുന്നു.

ലോകാരംഭം മുതൽ ഇന്നോളം മനുഷ്യസമുദായത്തിലെ ഇത്തരം വേർതിരിവുകൾ കാലദേശവ്യത്യാസമന്യെ പ്രകടമായിരുന്നിട്ടുണ്ട്. തികച്ചും സാമ്പത്തികവും സ്വാത്ഥപരവുമായ ചൂഷണം സാധിക്കുന്നതിനു മാത്രമാണ് ഇത്തരത്തിലുള്ള ആചാരങ്ങളും വേർതിരിവുകളും ഉണ്ടാക്കപ്പെട്ടതെങ്കിലും, അതിലും ദൈവികാംശത്തിന്റെ പ്രച്ഛാദനം കലത്തുവാൻ എല്ലായിടത്തേയും സവണ്ണവഗ്ഗം ശ്രദ്ധിച്ചിരുന്നു. ഭാരതത്തിലെ ഹിന്ദുമതം ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശം നിഷേധിച്ചിരുന്ന ഒരു കാലം നമ്മുടെ സ്മരണയിൽനിന്നും മാഞ്ഞുപോയിട്ടില്ല. ഒരു കാലത്ത് ഹരിജനങ്ങളുടെ സാന്നിദ്ധ്യം ഈശ്വരകോപത്തിന് ഇടവരുത്തുമെന്ന് വിശ്വസിച്ചിരുന്നു. ഇന്നോ? അന്ന് ഓടിപ്പോകുമായിരുന്ന ഈശ്വരൻ ഓടിപ്പോയതായി ഒരു സവണ്ണനും പ്രസ്താവിച്ചുകാണുന്നില്ല.

എന്തിനേറെ, "തന്നെത്താൻ സ്നേഹിക്കുന്നതുപോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കുവാൻ" ആഹ്വാനംചെയ്ത ക്രിസ്തുദേവന്റെ അനുയായികളും ഇത്തരം ദുഷ്പ്രവണതകൾക്ക് അതീതരായിരുന്നില്ല. ഇന്നും തറവാടിന്റെ മഹത്വം പ്രഘോഷിക്കുന്ന "തറവാടി"കളെ നമ്മുടെ ചുററും കാണാം. അക്കൂട്ടരിൽ പുരോഹിതന്മാരും —എല്ലാവരുമല്ല— പെടുന്നുവെന്നത് എല്ലാവക്കും അറിയാം. പക്ഷെ, ഇത്രയും പരസ്യമായി പറഞ്ഞാൽ ആക്കും ഇഷ്ടപ്പെടുകയില്ലെന്നുമാത്രം!

തറവാടി, തറവാടിയല്ലാത്തവൻ, മാക്കക്കാരൻ എന്നീ സവണ്ണാവണ്ണത്വം എങ്ങനെ ക്രിസ്തീയസമുദായത്തിൽ ഉണ്ടായി? അതിന് അത്രതന്നെ ശ്രമാവഹമായ പഠനം ആവശ്യമില്ല. നമ്മൾ 'റോമ'യിൽനിന്നും കേരളത്തിൽ കുടിയേറിപ്പാത്തവരല്ല; കേരളത്തിലെ പ്രാചീനാചാരങ്ങളുടെ കുടുക്കിൽനിന്നും മുക്തിനേടുവാൻ പൊടുന്നനവെ നമ്മൾക്ക് കഴിഞ്ഞില്ലെന്നതാണ് ശരി. ഒരു രാജ്യത്തിലെ ജനതയുടെ ഹൃദയത്തിൽ ഭൂതകാലത്തിലെ സാംസ്കാരികവും ആചാരപരവുമായ സവിശേഷതകൾ വത്തമാനകാലത്തിലും സ്വാധീനം ചെലുത്തുന്നുണ്ട്. ഏതു ദേശത്തേയും ചരിത്രങ്ങൾ പരിശോധിച്ചാൽ ഈയൊരു കാര്യം വ്യക്തമായിക്കാണാം.

പുതുക്രൈസ്തവരുടെ കുട്ടികളെ സെമിനാരിയിൽ ചേക്കുന്നതിനു വിസമ്മതിക്കുകയോ തടസ്സമുണ്ടാക്കുകയോ ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇതിനൊന്നും രേഖകൾ ഇല്ലായിരിക്കാം. പക്ഷെ അങ്ങനെ ചെയ്തിരുന്ന പുരോഹിതമേധാവികളും അതിനിരയായിത്തീന്ന കത്തോലിക്കരും ഇന്നും ജീവിച്ചിരിപ്പുണ്ട്. ഇത്തരം ദുഷ്പ്രവണതകൾ വളരെ വേഗതയിൽ ഉന്മൂലനം ചെയ്യപ്പെടുന്നുവെന്നത് ആശാവഹമാണെങ്കിലും വേരറ്റുപോയിട്ടില്ല എന്നത് ഖേദകരമാണ്.

പല ഇടവകകളിലും 'തറവാടി'കൾക്കേ കൈക്കാരനാകാൻ പാടുള്ളൂ എന്ന് എഴുതപ്പെടാത്ത നിയമമോ ദൈവശാസനമോ ഉണ്ടത്രെ! ഇന്നും കൈക്കാരൻ സ്ഥാനം 'തറവാടി'കൾക്കായി നീക്കിവെച്ചിട്ടുള്ളത് ലജ്ജാവഹംതന്നെ! അങ്ങനെ ഒരു നിയമവും ഇല്ല എന്നത് ശരിയാണ്. എന്നിരുന്നാലും, ഒരു നയമായിട്ടോ വഴക്കമായിട്ടോ പല സ്ഥലങ്ങളിലും ഇതു് അംഗീകരിച്ചിട്ടുണ്ട്.

ഇത്തരം അനീതികൾക്കെതിരായി ശബ്ദമുയരുകയും പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രതിഷേധങ്ങളേയും നിശ്ശബ്ദപ്രക്ഷോഭണങ്ങളേയും തല്ലിക്കെടുത്തുവാൻ തറവാടികൾ കരുക്കളാക്കുന്നത് പുരോഹിതന്മാരെയായിരിക്കും. ഇന്ന് പട്ടണങ്ങളിൽ തറവാടികളുടെ സ്ഥാനത്ത് പുതിയ ഒരു കൂട്ടർ സവ്വാധിപതികളായി ഉയന്നുവരുന്നുണ്ട്. അവർ തടവാടികല്ലാതിരുന്ന പുത്തൻപണക്കാരാണ്. പഴയ തറവാടികളും അവരുമായി ഇന്നൊരുതരം മൈത്രിയിൽ എത്തിച്ചേന്നിട്ടുണ്ട്. അപ്പോൾ മാനുഷികമൂല്യങ്ങൾക്കല്ല പണത്തിനാണ് പ്രാധാന്യം എന്നു വരുന്നു. തറവാടിന്റെ മാററുരയ്ക്കാനുള്ള കല്ലും അതുതന്നെ!

നമ്മുടെ ഇടയിലുള്ള ഇത്തരം ചീത്ത ആചാരങ്ങളുടേയും വഴക്കങ്ങളുടേയും വേരുകൾ അറുത്തുകളയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതൊരു പുതിയ ആഗ്രഹമല്ല. സമുദായത്തിലെ സാമാന്യജനത്തിന്റെ ഉള്ളിൽ വളരെക്കാലമായി രൂപംപൂണ്ട വികാരമാണിതു്. പലപ്പോഴും വ്യക്തമല്ലാത്ത രൂപത്തിലാണെങ്കിലും ഇതൊ

ക്കെ പ്രകടമായിട്ടുമുണ്ട്. പക്ഷെ ഒരു ആഞ്ഞടി ഉണ്ടായിട്ടില്ല. അതിനു കാരണവുമുണ്ട്. ഇതൊക്കെ തുറന്നുപറഞ്ഞാൽ അവനു് ഏല്ക്കേണ്ടിവരുന്ന തിരിച്ചടി ഭയങ്കരമായിരിക്കും. ഇപ്പോഴും സാമുദായികനിയമങ്ങളും മാനദണ്ഡങ്ങളും നിശ്ചയിക്കുവാനും വ്യാഖ്യാനിക്കുവാനുമുള്ള അധികാരശക്തി പണക്കാരുടെ കയ്യിലാണ്. വിമർശിക്കുന്നവരെ യുക്തിയുടെ അടിസ്ഥാനത്തിലോ നേർവഴിക്കോ സമീപിക്കുവാനുള്ള മനഃശുദ്ധി അവർക്കില്ല. ഇന്നത്തെ സാമ്പത്തികഘടനയും തൊഴിൽപ്രശ്നങ്ങളും അവക്ക് അനുകൂലമാണ്.

ഈ വിഷയത്തെപ്പററി — പണക്കാർക്കും തറവാടികൾക്കും സമുദായത്തിന്റെമേലും സഭയുടെമേലും ഉള്ള ആധിപത്യത്തെപ്പററി — ചിന്തിച്ചാൽ പുരോഹിതന്മാർക്കും അതിൽ ഒരു പങ്കുണ്ടെന്നു വ്യക്തമാകും.

പുരോഹിതന്മാരെ പരക്കെ കുററം പറയുന്ന ഒരു സ്വഭാവം ഇന്നുണ്ട്. പുരോഹിതന്മാരുടെ തെററുകളെ ചോദ്യംചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലെന്ന ധാരണയും വിശ്വാസവും ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു. ഇതിനു് വഴി തുറന്നതു് പുരോഹിതന്മാർതന്നെയാണെങ്കിലും, ഈ വിമർശനങ്ങൾ അതിന്റെ സീമയെ ലംഘിക്കുന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. ഇതു് ഖേദകരം തന്നെ. എന്നിരുന്നാലും ഈ വിമർശനങ്ങൾ കാലത്തിന്റെ ഒരാവശ്യമാണ്.

വിമർശനങ്ങൾ സഹിഷ്ണുതയോടെ കേൾക്കുന്നതിനും തെററുകളെ തിരുത്തുന്നതിനും തെററിദ്ധാരണകളെ ഉന്മൂലനംചെയ്യുന്നതിനും ആത്മാർത്ഥമായ ശ്രമം പുരോഹിതന്മാരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ പ്രതിപുരുഷന്മാരാണെന്നുള്ള ഒരേയൊരു കാരണത്താൽ മാത്രം തെററിധരിക്കുകയോ തെററിദ്ധരിപ്പിക്കപ്പെടുകയോ ചെയ്തിട്ടുള്ള ഒരു ജനത്തെ ഒതുക്കി നിർത്തുവാൻ സാധിക്കുകയില്ല. ഒതുക്കി നിർത്തപ്പെട്ടിട്ടുള്ള വികാരങ്ങൾ അല്പം തീസ്പർശമുണ്ടായാൽ പൊട്ടിത്തെറിക്കും. അതുകൊണ്ടു് സമയോചിതമായ വിവേകം പുരോഹിതന്മാരുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

യേശുദേവൻ വിമർശനങ്ങളെ ക്ഷമയോടെ കേട്ടിരുന്നു. വിമർശിച്ചവരെ ദ്വേഷിച്ചില്ല – ശപിച്ചില്ല. തന്റെ സ്വന്തം ശിഷ്യഗണത്തിൽപോലും വിമർശകരും സംശയാലുക്കളുമുണ്ടായിരുന്നു; പക്ഷെ അവരെ അകററിനിർത്തിയില്ല. ശാന്തനായി അങ്ങുന്നവരെ ഉപദേശിക്കുകയും തിരുഹൃദയം തുറന്നുകാണിക്കുകയുമാണ് അവിടുന്നു ചെയ്തതു്. നമ്മുടെ അനിഷേധ്യനേതാവാണ് മാർപ്പാപ്പ. അദ്ദേഹം വിമർശനങ്ങളെ കേൾക്കുകയും പോരായ്മകൾ നികത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

ഇവിടെ ഒരു ഇടവകയിലെ അച്ചനെ വിമർശിച്ചാൽ, ഒരു സംശയം ചോദിച്ചാൽ മതവിരോധിയായി മുദ്രയടിക്കപ്പെടുന്നു; പലതും നിഷേധിക്കപ്പെടുന്നു. എത്ര വിചിത്രം! എന്തു വിരോധാഭാസം! ഈ ഇടുങ്ങിയ മനഃസ്ഥിതി മാറേറണ്ട കാലമായില്ലേ?

# ★ സ്നേഹാലയം ★

സെൻറഗസ്റ്റിൻ തന്റെ 'ആത്മനിവേദനം' (Confessions) എന്ന വിശ്വവിശ്രുതമായ ഗ്രന്ഥം സമാപിച്ചിരിക്കുന്നതു് ഇങ്ങനെയാണ്: "യാതൊരു നന്മയും ആവശ്യമില്ലാത്ത അല്ലയോ നന്മസ്വരൂപാ, അങ്ങ് സദാസമയവും സ്വസ്ഥനാകുന്നു; എന്തുകൊണ്ടെന്നാൽ, അങ്ങേ സ്വസ്ഥത അങ്ങുതന്നെയത്രേ. ഈ സത്യം മറെറാരുവനെ ധരിപ്പിക്കുവാൻ എന്തുമാത്രം ഒരുവനു സാധിക്കും? ഒരു മാലാഖയെ ഗ്രഹിപ്പിക്കുവാൻ മറെറാരു മാലാഖയ്ക്കു് എത്രത്തോളം കഴിയും? ഒരു മനുഷ്യനു് ഇതു പകർന്നുകൊടുക്കുവാൻ എമ്മാത്രം ഒരു മാലാഖയ്ക്കു തരപ്പെടും? ഇതിനുവേണ്ടി അങ്ങയോടുതന്നെ യാചിക്കേണ്ടിയിരിക്കുന്നു; അങ്ങിൽ മാത്രം തെരയേണ്ടിയിരിക്കുന്നു. അങ്ങേ വാതില്ക്കൽത്തന്നെ മുട്ടേണ്ടിയിരിക്കുന്നു. ഇപ്രകാരം, ഇപ്രകാരം, അതു് ലഭ്യമാകും; ഇപ്രകാരം അതു കണ്ടെത്തപ്പെടും, ഇപ്രകാരം ആ രഹസ്യം അറിയപ്പെടുകയും ചെയ്യും." ജീവിതത്തിൽ ശാന്തിയും സമാധാനവും വേണമോ? എങ്കിൽ, അഗസ്റ്റിന്റെ ഈ വാക്കുകൾ നമ്മുടെ ജീവിതത്തെ നയിക്കട്ടെ. സ്വസ്ഥതയ്ക്കും സംതൃപ്തിക്കുംവേണ്ടി ജീവിതത്തിന്റെ തെരുവുകളിൽ ആകുലാത്മനായി അലഞ്ഞു നടന്ന അദ്ദേഹം അവസാനം അതു കണ്ടെത്തി. അപ്പോൾ, വികാരഭരിതനായി ആ പരമസ്വസ്ഥതയെ നോക്കി അദ്ദേഹം ഉദീരണംചെയ്യുകയാണ്: "ദൈവമേ, ഞങ്ങളുടെ ഹൃദയം അങ്ങേയ്ക്കായി സൃഷ്ടിക്കപ്പെട്ടു; അങ്ങിൽ വന്നെത്തുവോളം അതു സ്വസ്ഥതയെന്തെന്നറിയുകയില്ല."

ആ തെരുവുകളിലൂടെ സ്വസ്ഥത തേടി അനേകമനേകങ്ങൾ ഇന്നും അലയുകയാണ്. അവരോട് സെൻറഗസ്റ്റിനു നല്കുവാനുള്ള സന്ദേശമിതാണ്: നിങ്ങൾക്കു സ്വസ്ഥതയും സംതൃപ്തിയും വേണമെങ്കിൽ, നിങ്ങൾ പരമസ്വസ്ഥതയായ ദൈവത്തെമാത്രം സമീപിക്കുക, അവിടത്തോടുതന്നെ യാചിക്കുക, അവിടത്തെ വാതില്ക്കൽത്തന്നെ മുട്ടുക. മററു മനുഷ്യർക്കോ, മാലാഖാമാർക്കുപോലുമോ മനസ്സിലാക്കിത്തരാൻ സാധിക്കാത്ത ആ പരമസ്വസ്ഥത നിങ്ങൾ അവിടെ അനുഭവിച്ചറിയും. സ്നേഹത്തിനുവേണ്ടി കേഴുന്ന യുവഹൃദയങ്ങളേ, മനുഷ്യഹൃദയങ്ങൾതോറും നിങ്ങൾ സഞ്ചരിച്ചാലും നിങ്ങളുടെ ആത്മാവാഗ്രഹിക്കുന്ന സ്നേഹം നിങ്ങൾ കണ്ടെത്തുകയില്ല; അതിന്റെ അനന്തമായ ദാഹം ഒരിക്കലും ശമിപ്പിക്കപ്പെടുകയില്ല. ആകയാൽ, പോകുക — സാക്ഷാൽ സ്നേഹം, ആത്മാവിന്റെ വിഷയമായ സ്നേഹം പള്ളികൊള്ളുന്ന സ്നേഹാലയമായ തിരുസക്രാരിയിങ്കലേയ്ക്കു്. ഇതാ നിങ്ങളുടെ ആത്മാവിന്റെ ഉത്തമസ്നേഹിതൻ ദൈവാലയത്തിന്റെ ശാന്തശീതളതയിൽ ഏകനായി നിങ്ങളെ കാത്തിരിക്കുന്നു.

— *പ്രേഷിതൻ*

## കുട്ടികളോട്

ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.

# ★ "നീ ആരുടെ മോനാ?" ★

സ്കൂൾ തുറന്നു. പഠനവും ശരിയായി തുടങ്ങി. സാമ്പത്തികകഴിവുള്ളവരും വിജയംവരിച്ചവരുമായ കുഞ്ഞുമക്കൾ കൂടുതൽ ഉണർവ്വോടും സന്തോഷത്തോടും കൂടി ഉയർന്ന ക്ലാസ്സുകളിൽ പഠനം തുടരുന്നു. എന്നാൽ സാമ്പത്തികകഴിവില്ലാത്തവരും പരാജയം സംഭവിച്ചവരുമായ കുട്ടികൾ, പഠനം തുടരാൻ നിവൃത്തിയില്ലാതെ, വീടുകളിൽ കഴിഞ്ഞുകൂടുന്നു. പരാജയത്തിന് അവർ മുഴുവനും ഉത്തരവാദികളാണോ? അല്ല. കാരണം സാധുക്കളായ ആ കുട്ടികൾ പ്രഭാതഭക്ഷണമില്ലാതെയാണ് ക്ലാസ്സിൽ പൊയ്ക്കൊണ്ടിരുന്നത്. ഉച്ചഭക്ഷണമായി അവർക്കുണ്ടായിരുന്നത് രണ്ടു കപ്പക്കഷണങ്ങളും ഒരു കഷണം ഉണക്കമീനുമായിരുന്നു. ക്ലാസ്സ് കഴിഞ്ഞ് നാലു മണിക്കു വീട്ടിൽ വരുമ്പോൾ ഭക്ഷണമായി ലഭിച്ചിരുന്നത് വീടിന്റെ മുറ്റത്തിനടുത്തുള്ള റോഡിലെ പൈപ്പിൽനിന്നും ഒരു കവിൾ പച്ചവെള്ളമായിരുന്നു. എത്രയോ കുട്ടികൾ സ്കൂൾ ഫൈനൽ പാസ്സായിട്ട് T. T. C.യ്ക്കോ കോളജ് പഠനത്തിനോ പോകാൻ നിവൃത്തിയില്ലാതെ നില്ക്കുന്നു. ഇതിൽനിന്നും, ഇപ്പോൾ ക്ലാസ്സുകളിൽ പഠിക്കുന്ന കുഞ്ഞുമക്കൾ, മനസ്സിലാക്കണം അവരുടെ പഠനത്തിന് അവർ ദൈവത്തോടും മാതാപിതാക്കന്മാരോടും എത്രമാത്രം കടപ്പെട്ടവരായിരിക്കണമെന്ന്. എന്റെ ബാല്യകാലത്തെ ഒരു സംഭവം ഇപ്പോൾ ഓർക്കുന്നു. എനിക്കു പത്തു വയസ്സുള്ളപ്പോൾ ഇടവകപ്പള്ളിയിൽ കുർബ്ബാന കാണുന്നതിനു പോയി. ദിവ്യബലി കഴിഞ്ഞു കുറെ സമയംകൂടി പള്ളിയിൽ ചിന്താമഗ്നനായി ഞാൻ ചെലവഴിച്ചു. എന്റെ ചിന്തകളാകുന്ന തിരമാലകൾ ഹൃദയസമുദ്രത്തിൽ ഇപ്രകാരം ഓളംതല്ലി. "എന്റെ ദൈവമെ, ഇന്നു ഞാൻ പള്ളിയിലേയ്ക്കു വന്നതുപോലെ നിന്റെ പക്കൽ, അംഗവൈകല്യംമൂലം, നടന്നുവരാൻ പാടില്ലാത്തവരായി എത്രയോ പേരുണ്ട്! ഞാൻ മുട്ടുകുത്തുന്നതുപോലെ നിന്റെ മുമ്പിൽ മുട്ടുമടക്കാൻ നിവൃത്തിയില്ലാത്തവർ, (വാതരോഗംമൂലം) ധാരാളം പേരുണ്ടെന്ന് എനിക്കറിയാം. നിന്നെ ആരാധിക്കുന്നതിന് ഞാൻ കൈകൾ കൂപ്പുമ്പോൾ എന്റെ ഓർമ്മയിൽ വരുന്നത് എന്റെ അയൽവീട്ടിലെ കൈകളില്ലാത്ത മനുഷ്യനെപ്പറ്റിയാണ്. കൂദാശവചനങ്ങൾ ഉച്ചരിച്ചതിനുശേഷം പുരോഹിതൻ നിന്റെ തിരുശ്ശരീരം ഉയർത്തിയപ്പോൾ ഞാൻ ഓർത്തു ജീവന്റെ ജീവനായ നിന്നെ കാണുന്നതിനു കണ്ണുകൾക്കു കാഴ്ചയില്ലാത്തവരായി ലോകത്തിൽ ധാരാളം പേരുണ്ടല്ലോയെന്ന്." ഈശോനാഥൻ ദിവ്യകാരുണ്യംവഴി എന്റെ നാവിൽ വിശ്രമിച്ചപ്പോൾ ഞാൻ വിചാരിച്ചു നാവ് ചലിപ്പിക്കുന്നതിനുപോലും നിവൃത്തിയില്ലാതെ ധാരാളം ബാലസ്നേഹിതർ എനിക്കുണ്ടല്ലോയെന്ന്.

അതിനാൽ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്നതിന് അവസരം തന്ന ദൈവത്തിനു നന്ദി പറയുക. ദൈവത്തിന്റെ പ്രമാണങ്ങൾ അനുസരിച്ചു കുഞ്ഞുമക്കൾ ജീവിക്കണമെന്നു ദൈവം ആവശ്യപ്പെടുമ്പോൾ ദൈവം നിങ്ങളോടു ചോദിക്കുന്നത് നിങ്ങളുടെ അമ്മ നിങ്ങളോടു ചോദിക്കുന്നതുപോലെയാണ്: "കുഞ്ഞുമോനേ, കുഞ്ഞുമോളെ, അമ്മച്ചിയോട് ഇഷ്ടമാണോ?" നിങ്ങളെ സ്നേഹിക്കുന്ന അമ്മച്ചി ചോദിക്കാറില്ലേ: "മോൻ ആരുടെ മോനാണ്" "മോൾ, ആരുടെ കുഞ്ഞുമോളാണ്" എന്ന്? അപ്പോൾ ആ അമ്മച്ചിക്ക് ഉത്തരം കിട്ടാറില്ലേ "ഞാൻ അമ്മച്ചിയുടെ കുഞ്ഞുമോനാ; ഞാൻ അമ്മച്ചിയുടെ കുഞ്ഞുമോളാ" എന്ന്?

നിങ്ങൾ ഈശോയുടെ കുഞ്ഞുമക്കളാണ്. നിങ്ങൾ അമ്മച്ചിയോടു പറഞ്ഞ വാക്കുകൾ ഈശോയോടും പറയുന്നതിന് ഈശോ ആഗ്രഹിക്കുന്നു. അവിടുത്തോടുള്ള സ്നേഹം കാണിക്കുന്നതിനു വലിയ പ്രവൃത്തികളൊന്നും ചെയ്യാൻ നിങ്ങളെക്കൊണ്ടു സാധ്യമല്ലെന്ന് ഈശോയ്ക്കറിയാം. ഒരു ചെറിയ നന്മപ്രവൃത്തി ചെയ്യുന്നതിന്, ഒരു ചെറിയ അനുസരണ കാണിക്കുന്നതിന് ഈശോ ആവശ്യപ്പെടുമ്പോൾ അവിടുന്നു നിങ്ങളോടു പറയുന്നുണ്ട് "നീ ആരുടെ കുഞ്ഞുമോനാ? നീ ആരുടെ കുഞ്ഞുമോളാ?" എന്ന്. നിങ്ങൾ നല്ല പ്രവൃത്തി ചെയ്യുകയും അനുസരണയുള്ളവരായിരിക്കയും ചെയ്താൽ നിങ്ങൾക്കു പറയാൻ സാധിക്കും "ഞാൻ ഈശോയുടെ കുഞ്ഞുമോനാ" "ഞാൻ ഈശോയുടെ കുഞ്ഞുമോളാ" എന്ന്.

●

**മരിയാപുരം:** 3-7-64. മരിയൻ സൊഡാലിറ്റി വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ കേമമായി കൊണ്ടാടിയിരിക്കുന്നു. യോഗത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് കാക്കശ്ശേരി അദ്ധ്യക്ഷതവഹിക്കുകയും ശ്രീ. ഇ. വി. ഗബ്രിയേൽ, കുമാരി വി. ഡി. അന്നമ്മ എന്നിവർ പ്രസംഗിക്കുകയുംചെയ്തു. സഖ്യാംഗമായ യു. ഡി. ജോസ് & പാർട്ടിയുടെ കഥാപ്രസംഗവും കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

സഖ്യാംഗങ്ങളുടെ പരിശ്രമഫലമായി പിരിവ് നടത്തിയും മററുമായി 275ക.യോളം വില വരുന്ന കാസ, കുസ്തോദി, കുർബ്ബാനക്കുപ്പായങ്ങൾ മുതലായവ നെല്ലൂർ രൂപതയിൽപ്പെട്ട ദൊനക്കൊണ്ട മിഷനിലേയ്ക്ക് അയച്ചുകൊടുത്തിരിക്കുന്നു.

# ബാലരംഗം

ചെറുകഥ:

## "എൻെറ അപ്പച്ചനെവിടെ?"

കുഞ്ഞിമോൻ സ്കൂൾ വിട്ടു വന്നതു് ശോശാമ്മ അറിഞ്ഞില്ല. അവൾ ഓർമ്മകളുടെ നീർച്ചുഴിയിൽ പെട്ടിരിക്കുകയായിരുന്നു, തകർന്നടഞ്ഞ ആ നല്ല കാലത്തിൻെറ ചാമ്പലിലേയ്ക്കു നോക്കിക്കൊണ്ടു്.

"അമ്മച്ചീ, ഒന്നു നോക്ക്യേൻ. എത്ര മാക്കാ ഇന്നെനിക്ക് കിട്ടീതു്!" പോക്കററിൽനിന്നും ഒരു പടമെടുത്തിട്ടവൻ പറഞ്ഞു: "ഇന്നു് ക്ലാസില് മിണ്ടാതിരുന്നതിന്നു് ടീച്ചറ് തന്ന പടാണു്."

ശോശാമ്മ മോഹനൻെറ കയ്യിൽ നിന്നും പടം വാങ്ങിനോക്കി! മനോഹരമായ പടം!

"അമ്മച്ചീ, കഞ്ഞി താ" മോഹനൻ ആവശ്യപ്പെട്ടു.

ഹൃദയത്തിൽ കുമിഞ്ഞുകൂടിയ വേദന മനപ്പൂർവ്വം അമർത്താൻ ശ്രമിച്ചുകൊണ്ടു് ആ അമ്മ ചോദിച്ചു:

"മോനിന്നു് സ്കൂളീന്നു് ഒന്നും കഴിച്ചില്ലെ?"

"ഉച്ചയ്ക്കു് ഉപ്പുമാവു് കിട്ടി. കൊറേയ്ലെ കിട്ട്യോള്ളു ഇപ്പ എനിക്ക് വിശക്ക്ണ്ണ്ണ്ടു്. കഞ്ഞി തായൊ അമ്മച്ചീ."

ഹൃദയത്തിൽ അടക്കിനിറുത്തിയിരുന്ന വേദന പുറത്തേയ്ക്കു് തികട്ടിവന്നപ്പോൾ ശോശാമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. മോഹനനെ വാരിയെടുത്തിട്ടു് അവൾ പറഞ്ഞു:

"ഇന്നുച്ചയ്ക്കു് കഞ്ഞി വെച്ചില്ല മോനെ. അമ്മച്ചീം ഒന്നും കഴിച്ചില്ല."

"എന്താ അമ്മച്ചി കഞ്ഞി വെയ്ക്കാതിരുന്നെ?"

ശോശാമ്മയ്ക്കു് ഉത്തരമില്ലായിരുന്നു. എന്തുത്തരം പറയാനാണു്? ഉണ്ടെങ്കിൽ വെയ്ക്കുമായിരുന്നില്ലെ?

ഓ! ഭാഗ്യപ്പെട്ട ആ നാളുകൾ എത്ര വേഗമാണു് ഓടിമറഞ്ഞതു്. സമ്പന്നമായൊരു കുടുംബത്തിലാണു് ശോശാമ്മ ജനിച്ചതു്. ഏകമകൾ. സുഖസമൃദ്ധിയിൽ വളന്നു. ഒരു പണക്കാരൻ വിവാഹം കഴിക്കുകയും ചെയ്തു.

അപ്പനും അമ്മയും മരിച്ചപ്പോൾ ആ സ്വത്തുകൂടി ഭർത്താവിൻെറ പേരിൽ ചേർക്കപ്പെട്ടു. ഒരു കോടീശ്വരൻെറ ഭാര്യ!

മുകളിലെ മുറിയിൽ വിദേശമദ്യത്തിൻെറ കുപ്പികൾ അട്ടിയായി കിടന്നപ്പോൾ ആദ്യമൊന്നും ശോശാമ്മ ഭർത്താവിനെ എതിർത്തില്ല. എതിർക്കാൻ തുടങ്ങിയപ്പോഴേയ്ക്കും ആ ദുശ്ശീലം അയാളിൽ വിട്ടകലാൻ കഴിയാത്തവണ്ണം വളന്നിരുന്നു. ഭർത്താവിൻെറ ശീലങ്ങൾ അവൾ പഠിക്കാൻ ആരംഭിക്കുന്നേയുണ്ടായിരുന്നുള്ളു.

കാൻസിനോട്ടിൻെറ കെട്ടുകൾ കാറിൻെറ പിൻസീററിലേയ്ക്കു് വലിച്ചിട്ടു്, രാത്രി എട്ടുമണിക്കു് പതിവുപോലെ ഭർത്താവു് യാത്രയായപ്പോൾ അവളാദ്യമായി ചോദിച്ചു.

"എവിടേയ്ക്കാ?"

ഉത്തരമുണ്ടായില്ല. കാറോടിച്ചു പോയി. പിന്നീടവൾ അറിഞ്ഞു, ഭർത്താവു് പോകുന്നതു് 'കാർണിവലി'ലേയ്ക്കാണെന്നു്. അല്പനഗ്നകളായ പെൺകിടാങ്ങൾ നൃത്തംവെയ്ക്കുകയും, മദ്യത്തിൻെറ ലഹരി തളംകെട്ടിക്കിടക്കുകയും ചെയ്യുന്ന കാർണിവലിലേയ്ക്കു്. അവിടെ ഭാഗ്യം പരീക്ഷിക്കപ്പെടുകയാണു്. സൂചിയേറിൽ പണം വെയ്ക്കുന്നു. ചിലപ്പോൾ കിട്ടുന്നു. അല്ലെങ്കിൽ കൊണ്ടുപോയതെല്ലാം നഷ്ടപ്പെടുന്നു.

ശോശാമ്മയ്ക്കു് എതിർക്കാനെ കഴിഞ്ഞുള്ളു. തടയാൻ ശക്തിയില്ലായിരുന്നു. വസ്തുവകകൾ ഒന്നൊന്നായി വിററു. പണം വെച്ചു് സൂചിയെറിഞ്ഞു........അവസാനം........എല്ലാം എല്ലാം അവസാനിച്ചു........

ഇന്നു്, സമ്പന്നനായ തൻെറ ഭർത്താവെവിടെ? എവിടെ?

ഒരു ദിവസം അദ്ദേഹത്തെ കണ്ടില്ല.... ഇന്നും യാതൊരറിവും ശോശാമ്മയ്ക്കില്ല. പലയിടത്തുവെച്ചും കണ്ടതായി ചിലർ പറയുന്നുണ്ടു്. പക്ഷെ വ്യക്തമായ തെളിവൊന്നുമില്ല. മോഹനനു് ആറു വയസ്സായി. അവനു് ഒരു വയസ്സുള്ളപ്പോൾ പോയതാണു്........

എല്ലാം നശിപ്പിച്ചു്, മകനേയും ഭാര്യയേയും പട്ടിണിയിലേയ്ക്കു് വലിച്ചെറിഞ്ഞിട്ടു്.

"എന്താ അമ്മച്ചീ, കഞ്ഞിവെയ്ക്കാതിരുന്നേ?" മോഹനൻ വീണ്ടും ചോദിച്ചപ്പോൾ ശോശാമ്മ ചിന്തയിൽ നിന്നും ഞെട്ടിയുണന്നു.

"അരിയില്ലായിരുന്നു മോനെ."

"എനിക്ക് അപ്പച്ചനില്ലെ അമ്മച്ചീ?"

പ്രതീക്ഷിക്കാത്ത ചോദ്യമായിരുന്നു! ശോശാമ്മ നിശ്ശബ്ദയായിരുന്നു.

"ഇനി ഞാൻ സ്കൂളിൽ പോണില്ലമ്മച്ചീ." മോഹനൻ പറഞ്ഞു.

"എന്തേ മോനെ?"

"കുട്ടികളു് കളിയാക്കണു്."

"എന്തെന്നു്?"

"അപ്പച്ചൻ വേറെ പെണ്ണിൻെറകൂടെ കൊറെ അകലെയുള്ള ഒരു നാട്ടില് ജീവിക്കാണെന്നു്."

ശോശാമ്മ പലരും പറഞ്ഞിതു് കേട്ടിട്ടുണ്ടു്. പക്ഷെ അവൾക്കതു് വിശ്വസിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ സംഭവിക്കുകയില്ലെന്നാണു് അവളുടെ വിശ്വാസം. ആ വിശ്വാസം അവളെ ജീവിപ്പിക്കുന്നു.

"അമ്മച്ചീ, ഞാൻ പൂവ്വില്ല സ്കൂളില്" മോഹനൻ വീണ്ടും പറഞ്ഞു.

"മോൻ പോകണം. പോയില്ലെങ്കിൽ ഉച്ചയ്ക്കു് ഉപ്പുമാവു് കിട്ടോ?"

അമ്മ പറഞ്ഞതു് ശരിയാണെന്നു് മോഹനനു് തോന്നി. പോയില്ലെങ്കിൽ ഉപ്പുമാവു കിട്ടോ? സ്കൂളിലെ ഉപ്പുമാവു തിന്നാൽ ഉച്ചയ്ക്കെങ്കിലും വിശപ്പടങ്ങും...

"മോൻ പോകില്ലേ?"–ശോശാമ്മ ചോദിച്ചു.

"പോകാം അമ്മച്ചി" മോഹനൻ സമ്മതിച്ചു....

അപ്പോൾ ശോശാമ്മ പൊട്ടിക്കരയുകയായിരുന്നു. .... എന്തിനാണാവോ? മോഹനൻ ചിന്തിച്ചു.

— *റെസി ജോർജ്ജ് റ്റി., തൃശ്ശൂർ.*

●

## അമ്മൂമ്മ പറഞ്ഞ കഥ

വൈകുന്നേരം ഊണു കഴിഞ്ഞ് എല്ലാവരും വട്ടമിട്ടിരുന്നപ്പോൾ ഞാൻ അമ്മൂമ്മയോട് പറഞ്ഞു:

"ഒരു കഥ പറയൂ അമ്മൂമ്മേ."

അമ്മൂമ്മ ആദ്യം പറയില്ലെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറി. ഞങ്ങൾ വിട്ടില്ല. നിർബ്ബന്ധം സഹിക്കാതായപ്പോൾ അമ്മൂമ്മ ആ കഥ പറഞ്ഞു:

പണ്ടു പണ്ട് അങ്ങകലെ ഒരു നാട്ടിൽ ഒരു അലക്കുകാരനുണ്ടായിരുന്നു. ജോസഫ് എന്നാണ് പേര്. അയാൾക്ക് ഒരു കഴുതയുണ്ടായിരുന്നു. കഴുതയുടെ പുറത്താണ് ജോസഫ് അലക്കാനുള്ള തുണികൾ കൊണ്ടുപോവുക. നദിയുടെ കരയിൽ ഭാണ്ഡം ഇറക്കിവെച്ച്, ആ അലക്കുകാരൻ കഴുതയെ അകലെ ഒരു മരച്ചുവട്ടിൽ കൊണ്ടു കെട്ടിയിടും. ഒരു ദിവസം അയാൾ പതിവുപോലെ അലക്കു കഴിഞ്ഞ് കഴുതയെ അഴിക്കാൻ ചെന്നപ്പോൾ അതിനെ കാണാനില്ല. ആരോ മോഷ്ടിച്ചുകൊണ്ടുപോയി. പാവം! അലക്കുകാരൻ തന്റെ കഴുതയെ നാടായ നാടുമുഴുവൻ തിരഞ്ഞു. എന്തു ഫലം! കിട്ടിയില്ല.

കുറച്ചു ദിവസങ്ങൾക്കുശേഷം അയാൾ വേറെ ഒന്നിനെ വാങ്ങാനായി ചന്തയിലേയ്ക്കു പോയി. അത്ഭുതം! തന്റെ കഴുത ഒരു വൃദ്ധന്റെ സമീപം നില്ക്കുന്നു. നഷ്ടപ്പെട്ട കഴുതയെ കണ്ടുകിട്ടിയ സന്തോഷത്തോടെ അയാൾ അവിടേയ്ക്കോടിച്ചെന്നു. കഴുതയെ തൊട്ടുതലോടിയിട്ടു പറഞ്ഞു: "ഇതെന്റെ കഴുതയാണ്." അയാൾ തുടർന്നു: "അഞ്ചു ദിവസമായി ഇതിനെ കാണാതായിട്ട്."

കഴുതയുടെ അരികത്തു നിന്ന വൃദ്ധൻ പറഞ്ഞു: "തനിക്ക് തെറ്റിയതാണ്. ഇതെന്റെ കഴുതയാണ്. പത്തു കൊല്ലമായി ഞാനിതിനെ വളർത്താൻ തുടങ്ങിയിട്ട്."

രണ്ടുപേരും തർക്കമായി. ചന്തയിലെത്തിയ ആൾക്കാർ ചുറ്റും കൂടി.

തന്റെ സത്യം എങ്ങനെ തെളിയിക്കണമെന്ന് ചിന്തിച്ചിരുന്ന അലക്കുകാരന് ഒരു ഉപായം തോന്നി. അയാൾ വൃദ്ധനോടു പെട്ടെന്ന് കഴുതയുടെ രണ്ടു കണ്ണുകളും പൊത്തിപ്പിടിച്ചുശേഷം ചോദിച്ചു:

"താൻ പത്തു കൊല്ലം വളർത്തിയ കഴുതയല്ലേ ഇത്?"

"അതെ"– വൃദ്ധൻ പറഞ്ഞു.

"ഇതിന്റെ ഏതു കണ്ണിലാണ് കറുത്ത പുള്ളിയുള്ളത്?"

"ഇടത്തുകണ്ണിൽ"– വൃദ്ധൻ പറഞ്ഞു.

ജോസഫ് കഴുതയുടെ ഇടത്തെ കണ്ണ് കാണിച്ചുകൊടുത്തു. കറുത്തപുള്ളിയില്ല. ഉടനെ വൃദ്ധൻ പറഞ്ഞു: "തെറ്റിയതാണ്. വലത്തേ കണ്ണിലാണ് പുള്ളി."

അലക്കുകാരൻ വലത്തെകണ്ണ് തുറന്ന് കാണിച്ചു. അതിലും കറുത്തപുള്ളിയില്ല. വൃദ്ധൻ, കളവ് പുറത്തായെന്നു കണ്ടപ്പോൾ ഓടി രക്ഷപ്പെടാൻ നോക്കി. പക്ഷെ ജനങ്ങൾ വിട്ടില്ല. അയാളെ രാജാവിന്റെ പക്കൽ കൊണ്ടുചെന്നാക്കി. രാജാവ് അയാളെ എന്തു ചെയ്തു?

കഥ കേട്ടുകൊണ്ടിരുന്ന എന്റെ അനുജത്തി മേഴ്സിക്കുട്ടി ചോദിച്ചു–

"കൊന്നോ അമ്മൂമ്മേ?"

"ഉം." അമ്മൂമ്മ പറഞ്ഞു: "ഇതുപോലെ കളവു പറഞ്ഞാൽ അതൊരിക്കൽ തെളിയും."

— *ജോർജ്ജ് ആന്റണി, മാള.*

*PERMISSU SUPERIORUM*

Edited & Published by Fr. J. Chemmanoor B.A.,
Printed at the
Union Press, Mariapuram, Trichur-5.

We are happy to announce to Our Patrons, Our opening of a Dyeing Section for restoring Original Look to worn-out portions of your garments like Pants, Shirts, Sarees and Blouses Etc.

**SNOW WHITE**

DRY CLEANERS & DYERS

NEAR NADUVILAL - TRICHUR.

കല്യാണാവശ്യങ്ങൾക്കുള്ള

വെട്ടി, ചെരിപ്പ് മുതലായവയും

Phone No 987.

**C. R. JOSEPH**

LEATHER MERCHANT

Round, TRICHUR.

സ്റ്റെയിൻലസ്സ് സ്റ്റീൽ ചോററുപാത്രങ്ങൾക്ക്

PHONE: 789

*Wares*

റൗണ്ടു് സൗത്തു്, : : തൃശ്ശൂർ.



കെടാവിളക്കുകൾ!

★

മനോഹരമായ കെടാവിളക്കുകൾ, സ്പ്രിങ്ങ് ലാമ്പുകൾ, ക്രൂവററ്സ് മുതലായവ എറണാകുളം ബ്രോഡ്‌വേയിലുള്ള ഞങ്ങളുടെ ഷോറൂമിൽ ലഭിക്കുന്നതാണ്. "താഹിറ" വിക്സ്റ്റൂത ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യപ്പെടുന്നു. ക്രോക്കറികളുടെ കൂടാരമായ ഞങ്ങളുടെ ഷോറൂമിലേക്കു സ്വാഗതം!

**MAHEMOOD STORES**

Broadway — ERNAKULAM

Phone: 717

*Branch:* ALUMKADAVU

സ്കൂൾ യൂണിഫാറത്തിനുള്ള തുണിത്തരങ്ങൾക്ക്

Estd: 1934

സന്ദർശിക്കുക:

PHONE: 841

★ കുററിച്ചാക്കു ★

ലോന അന്തോണി സൺസ്

തുണിച്ചരക്കു കച്ചവടം, ബസ്സ്റ്റാൻറിനു സമീപം, തൃശ്ശൂർ.

# OUR PUBLICATIONS

**An Introduction to Physics** By: V. Goplakrishnan M. Sc., C. Radhakrishnan M. Sc. and P. M. Madhusudhanan M. Sc.
for Pre-Degree and Pre-Professional Courses Vol. I — Price: 4—50
Do Do Vol. II — IN PRESS

**Text Book of Algebra**
(FOR B. Sc. SUBSIDIARY) — PRICE: 3—00

**Text Book of Algebra** By Fr. Thomas Mootheden, M. A., D. D., Principal, St. Thomas' College, Trichur.
For B. Sc. Main and Subsidiary Maths and Pre-Professional Students — PRICE: 3—50

**New Model Questions and Answers in Social Studies** By C. A. SCARIA, B. A., B. T.
For Std. IX, X. — PRICE: 1—00

**New Model Questions & Answers** By R. S. Iyer B. A., B. T.
For S.S.L.C. Examination Mathematics I & II Papers — PRICE: 1—50

**A Reference Book of General Knowledge** By R. S. Iyer B. A., B. T.
For U. S. S. Examination — PRICE: 1—50

പാടിത്തളർന്ന പാതിരാവ്—(നോവൽ)_അരിമ്പൂർ പാപ്പച്ചൻ .... വില: 2—00
ആ പ്രകാശം അണഞ്ഞു – (നോവൽ)_വണ്ടാനം കെ. കെ. പിള്ള .... വില: 1—25
ആത്മാവിൻെറ ആലിംഗനം—പുന്നപ്ര ദാമോദരൻ .... വില: 1—75
സ്നേഹത്തിൻെറ കൈത്തിരി—(സാമൂഹ്യനാടകം)_എം. ദിവാകരൻ ബി.എ.,ബി എഡ്. വില: 1—75

**പ്രീ_ഡിഗ്രി 'വിജയപ്രദ' മലയാളം ഗൈഡ്** By: വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ. IN PRESS

**A Guide to Pre-University Sanskrit** By: E. Raghava Warrier, M. A., B. T., Ret. Principal, Govt. Brennen College, Tellicherry.
(PROSE ONLY) — PRICE: 2—00

**A Guide to Pre-University Hindi Texts** By: Prof: S. Padmanabh, M. A., B. T. (Sree Kerala Varma College, Trichur) — PRICE: 2—00

**A Guide to S. S. L. C. Hindi** By: V. Rama Menon B.A., B.Ed., Senior Hindi Teacher.
(TEXT WITH NON-DETAILED) — PRICE: 1—65

**S. S. L. C. 'വിജയപ്രദ' മലയാളം ഗൈഡ് II** By: വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.
(MALAYALAM PAPER II) — PRICE: 1—00

**A Guide to S. S. L. C. Sanskrit** By: Vidwan N. V. Sekhara Warrier
(ACADEMIC AND SANSKRIT SCHOOLS) — PRICE: 2-50

**S. S. L. C. 'വിജയപ്രദ' മലയാളം ഗൈഡ് I** By: വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ. PRICE: 3—00
(കേരള പാഠാവലി; വ്യാകരണവൃത്താലങ്കാരങ്ങൾ തുടങ്ങി മലയാളം ഒന്നാം ചോദ്യക്കടലാസ്സിനാവശ്യമായ എല്ലാ വിഷയങ്ങളും അടങ്ങിയതു്.)

[ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ഗൈഡുകൾ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലുമുള്ള പ്രധാന പുസ്തകവ്യാപാരികളിൽനിന്നും കിട്ടുന്നതാണ്. സ്ഥലത്തെ പുസ്തകവ്യാപാരികളിൽനിന്നു കിട്ടാത്തപക്ഷം ഞങ്ങൾക്ക് നേരിട്ടെഴുതുക.]

**പുലിക്കോട്ടിൽ പബ്ലിഷിങ്ങ് ഹൗസ്സ്, ഹൈറോഡ്, തൃശ്ശൂർ - 1.**